# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

ജനുവരി 2016 വാല്യം 42 ലക്കം 10 *ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ്* പേജ് 16 വില 5.00 രൂപ


# പെട്രോളിയം വിലവർദ്ധന: മോദി സർക്കാരിന്റെ തീവെട്ടിക്കൊള്ള

**അന്താരാഷ്ട്ര വിപണിയിൽ ക്രൂഡ് ഓയിലിന്റെ വില ഇക്കഴിഞ്ഞ ഡിസംബർ മാസത്തോടെ നാലിലൊന്നായി ഇടിഞ്ഞിരിക്കുകയാണ്. നരേന്ദ്ര മോദി നയിക്കുന്ന ബിജെപി സർക്കാർ അധികാരത്തിലെത്തുമ്പോൾ ക്രൂഡിന്റെ വില ബാരലിന് 147 ഡോളറായിരുന്നു. ഇപ്പോഴത് 37 ഡോളറായി കുറഞ്ഞു. കച്ചവടത്തിന്റെ സാധാരണ ഗണിതം അടിസ്ഥാനപ്പെടുത്തിയാൽ പോലും ഇൻഡ്യയിൽ പെട്രോളിന്റെയും പാചകവാതകത്തിന്റെയും വില നാലിലൊന്നായെങ്കിലും കുറയേണ്ടതാണ്. കുറയുന്നില്ലെന്നു മാത്രമല്ല, പുതുവൽസരപ്പിറവിയുടെ 'സമ്മാന'മായി ജനുവരി 1ന് പാചകവാതകത്തിന്റെ വില സിലിണ്ടർ ഒന്നിന് 50 രൂപ വർദ്ധിപ്പിക്കാനാണ് മോദി സർക്കാർ തീരുമാനിച്ചിട്ടുള്ളത്!**

**പ**ല രാജ്യങ്ങളിലും പെട്രോളിന്റെ വില മൂന്നിലൊന്നായും പകുതിയായും കുറയ്ക്കുമ്പോഴും കാര്യക്ഷമതയുടെയും ജനപ്രിയതയുടെയും പേരിൽ വീമ്പിളക്കുന്ന നരേന്ദ്ര മോദി വില വർദ്ധിപ്പിച്ച് ജനങ്ങളെ അതിരില്ലാതെ ദ്രോഹിക്കുകയാണ്. ഈ വഞ്ചനയെയും ദ്രോഹബുദ്ധിയെയും വിശേഷിപ്പിക്കാൻ വാക്കുകളില്ല. യുപിഎ സർക്കാരിന്റെ ഏറ്റവും വലിയ പരാജയവും പിടിപ്പുകേടും പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവാണെന്ന് അന്ന് ഗുജറാത്ത് മുഖ്യനായിരുന്ന മോദി വ്യാപകമായി പ്രചരിപ്പിച്ചിരുന്നു. ഇന്ന് പ്രധാനമന്ത്രിയായി വാഴുന്ന അദ്ദേഹം അതെല്ലാം വിഴുങ്ങി, യുപിഎ ഭരണത്തെ കടത്തി വെട്ടുന്ന നടപടികളുമായി ജനങ്ങളെ വെല്ലുവിളിക്കുന്നു. യുപിഎ സർക്കാർ, പെട്രോളിന്റെ വില നിയന്ത്രണം നീക്കിയതിനെ വിമർശിച്ചിരുന്ന ബിജെപി അധികാരത്തിലെത്തിയപ്പോൾ ഡീസലിന്റെ വിലനിയന്ത്രണം കൂടി എടുത്തുകളഞ്ഞു. നിയന്ത്രണം നീക്കുന്നതു വഴി, ലോകവിപണിയിൽ വിലയിടിവ് ഉണ്ടാകുമ്പോൾ അതിന്റെ പ്രയോജനം ജനങ്ങൾക്ക് ലഭിക്കുമെന്നാണ് അന്ന് യുപിഎ ഭരണസംഘം പ്രചരിപ്പിച്ചിരുന്നത്. എന്നാൽ വില ഉയരുമ്പോൾ അതിന്റെ പേരിൽ ഇവിടെ വില ഉയർത്തുകയും വില താഴുമ്പോൾ ആഭ്യന്തരവില പഴയപടി നിലനിർത്തുകയും ചെയ്യുന്ന കൊടിയ ചതിയാണ് നാം ഇപ്പോൾ കാണുന്നത്. അപ്പോൾ നിയന്ത്രണം നീക്കിയത് റിലയൻസ് ഉൾപ്പടെയുള്ള പെട്രോളിയം കമ്പനികൾക്ക് വില വർദ്ധിപ്പിക്കാൻ വേണ്ടി മാത്രം കൊണ്ടുവന്ന നടപടിയായിരുന്നുവെന്ന് ഇന്ന് സംശയരഹിതമായി തെളിയിക്കപ്പെട്ടിരിക്കുന്നു.

2004ൽ ലോകവിപണിയിലെ ക്രൂഡ് ഓയിൽ വില ഇന്നുള്ള അതേ വിലയായിരുന്നു. ബാരലിന് 37 ഡോളർ. അന്ന് ഇൻഡ്യയിൽ പെട്രോളിന്റെ വില ലിറ്ററിന് 39 രൂപ മാത്രമായിരുന്നു. പാചകവാതകത്തിന് 241 രൂപയും. അന്നത്തെ 39 രൂപയിലേക്ക് വില ഇന്ന് താഴ്ത്താതിരിക്കാൻ എന്തെങ്കിലും ഒരു ന്യായം പടയ്ക്കാൻ ഈ നിമിഷം വരെയും ഭരണവർഗ്ഗത്തിന്റെ പ്രചാരണയന്ത്രത്തിന് കഴിഞ്ഞിട്ടില്ല. റിഫൈനിംഗ് ചെലവിൽവന്നിട്ടുള്ള വർദ്ധനവാണ് വില കുറയ്ക്കാൻ തടസ്സമാകുന്നതെന്ന് ചില ചാനൽ ചർച്ചാ വിദഗ്ദർ ബിജെപിക്ക് വേണ്ടി തട്ടിമൂളിച്ചിട്ടുണ്ട്. റിഫൈനിംഗ് ചെലവിൽ വന്നിട്ടുള്ള വർദ്ധനവ് വെറും മൂന്ന്

*(ശേഷം 14–ാം പേജിൽ)*

**ലോകവിപണിയിലെ വിലയിടിവിന് ആനുപാതികമായി പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില കുറയ്ക്കുക. അതിഭീമമായ എക്സൈസ് തീരുവയും വിൽപ്പന നികുതിയും വെട്ടിക്കുറയ്ക്കുക.**

| വർഷം | ക്രൂഡ് ഓയിൽ വില (ലിറ്ററിന്) | ഇൻഡ്യയിലെ വില | |
|---|---|---|---|
| | | പെട്രോൾ (ലിറ്ററിന്) | പാചകവാതകം |
| 2004 | 37 ഡോളർ | 39 രൂപ | 241 രൂപ |
| 2015 | 37 ഡോളർ | 63 രൂപ | 448 രൂപ |

# തീനാളങ്ങൾ ഉയരുന്ന മദ്ധ്യ–പൂർവ്വേഷ്യ
## അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ഹീനമായ പങ്ക് വെളിവാക്കുന്നു

**ന**വംബർ 13ന് പാരീസ് നഗരവും, ലോകമൊന്നാകെയും ഭയാനകമായ ഒരു ഭീകരാക്രമണത്തിനു മുന്നിൽ സ്തംഭിച്ചു നിന്നു. അമേരിക്കൻ റോക്ക്ബാന്റ് സംഗീതം അവതരിപ്പിച്ചു കൊണ്ടിരുന്ന തിയറ്റർ, 3 ഭക്ഷണശാലകൾ, ഒരു ബാർ, സ്റ്റേഡിയം എന്നിവിടങ്ങളിലെല്ലാം, ഒരേ സമയം ഏകെ47 തോക്കുകൾ കൊണ്ട് നിറയൊഴിച്ചും, ബോംബെറിഞ്ഞും ആക്രമണം നടത്തിയ ഭീകരർ, നൂറിലേറെ നിരപരാധികളുടെ ജീവനാണ് കവർന്നത്. ഭീകരാക്രമണം ലോകത്തിന് പുതുമയല്ല, ഫ്രാൻസിനു പോലും. എന്നാൽ, കലയെ സ്നേഹിക്കുന്ന, സമാധാനം നിലനിന്നിരുന്ന ഈ വൻനഗരത്തിൽ മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത തരത്തിലുള്ള ഈ ഭീകരതക്കു ശേഷവും, പല ഭീകരാക്രമണങ്ങളും ലോകത്ത് അവിടെയും ഇവിടെയുമായി നടക്കുന്നു. ഉള്ളിൽ വെച്ച ബോംബുകളാൽ ഈജിപ്തിൽ വച്ച് റഷ്യൻ യാത്രാവിമാനത്തിലുണ്ടായ സ്ഫോടനം, ലബനനിലെ ബെയ്റൂട്ടിൽ നടന്ന കൂട്ടക്കൊല, ടുണീഷ്യയിലെ കൊലപാതകങ്ങൾ, നൈജീരിയയിൽ, മാലിയിൽ, അങ്ങനെ പലയിടത്തും. എന്നാൽ പാരീസ് ആക്രമണത്തിന്റെ ബാക്കിപത്രം കൂടുതൽ തീക്ഷ്ണവും വ്യത്യസ്തവും, അതുപോലെ തന്നെ ഭയാനകവുമായിരുന്നു. ഐസിസ് ഭീകരവാദികൾ സ്വയം ഈ ആക്രമണത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുത്തു. അവരുടെ കൊലയാളികൾ പിടിയിലാകുകയോ, കൊല്ലപ്പെടുകയോ, ആത്മഹത്യ ചെയ്തതായി കണ്ടെത്തുകയോ ഉണ്ടായി. ആശയക്കുഴപ്പമായും ഭയമായും, ഭീതിയുടെ തരംഗങ്ങൾ യൂറോപ്പിലെങ്ങും പരന്നു. സിറിയയിൽ നിന്നുള്ള കുടിയേറ്റക്കാരായ അഭയാർത്ഥികൾക്കു മേൽ കൂടുതൽ നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിനെക്കുറിച്ച് ചർച്ച ചെയ്യാനും, അത് നടപ്പിലാക്കാനും ഉള്ള അവസരം, വിവിധ രാജ്യങ്ങളുടെ തലവന്മാർക്ക് പാരീസ് ആക്രമണം നൽകുകയുണ്ടായി. തന്നെയുമല്ല, ജനങ്ങളുടെ ജനാധിപത്യ അവകാശങ്ങൾ തട്ടിയെടുക്കുന്നതിനും, വിവിധ രാജ്യങ്ങളിലെ

*(ശേഷം 12–ാം പേജിൽ)*




വർഗ്ഗീയതയ്ക്കെതിരായ ദേശീയ പ്രചാരണത്തിന്റെ ഭാഗമായി ആറ് ഇടതുപക്ഷ പാർട്ടികൾ സംയുക്തമായി ഡിസംബർ 6 ന് ഡൽഹിയിലെ ജന്തർ മന്തറിൽ സംഘടിപ്പിച്ച പൊതു സമ്മേളനത്തിൽ എസ്‌യുസിഐ(സി) പോളിറ്റ് ബ്യൂറോ മെമ്പർ സഖാവ് കൃഷ്ണ ചക്രവർത്തി പ്രസംഗിക്കുന്നു

**ഉള്ളടക്കം**


**പേജ് 2:**
- ഇടതു നേതാക്കളോടും അണികളോടും ഒരഭ്യർത്ഥന

**പേജ് 3:**
- ചെന്നൈ പ്രളയം: പ്രകൃതിക്ഷോഭമോ മനുഷ്യസൃഷ്ടിയോ?

**പേജ് 4:**
- കശുവണ്ടി വ്യവസായരംഗത്തെ പ്രതിസന്ധി പരിഹരിക്കുക

**പേജ് 5:**
- സൈദ്ധാന്തിക പാഠങ്ങൾ

**പേജ് 6:**
- ഐഎൻപിഎ പരിപാടികൾ

**പേജ് 7:**
- അസഹിഷ്ണുതയ്ക്കെതിരെ

**പേജ് 8:**
- യുജിസി പിടിച്ചടക്കൽ സമരം

**പേജ് 9:**
- ഗവേഷണ വിദ്യാർത്ഥി കൺവൻഷൻ
- നിർഭയ ദിനാചരണങ്ങൾ

**പേജ് 10:**
- ആൾപ്രമോഷൻ അവസാനിപ്പിക്കുക വിദ്യാഭ്യാസ നിലവാരം ഉയർത്തുക

**പേജ് 11:**
- ഡബ്ല്യുടിഒ നെയ്റോബി സമ്മേളനം

**പേജ് 13:**
- ടിഎസ്ഒ കർണ്ണാടക രാജ്ഭവൻ മാർച്ച്

**പേജ് 16:**
- ദക്ഷിണേന്ത്യൻ വനിതാ കൺവൻഷൻ
- അഖിലേന്ത്യാ വിദ്യാർത്ഥി ക്യാമ്പ്

# ഇടതു നേതാക്കളോടും അണികളോടും ഒരഭ്യർത്ഥന

## വർഗ്ഗീയഭ്രാന്തിനെതിരെ ബൃഹത്തായ ജനാധിപത്യ മുന്നേറ്റം സൃഷ്ടിക്കുക

നമ്മുടെ സംസ്ഥാനത്തിന്റെ മണ്ണിൽ വർഗ്ഗീയ വികാരവും അന്യമതവെറിയും അന്ധമായ മതാഭിമുഖ്യവും വളരുന്ന സാഹചര്യത്തെ ഇടതുപ്രസ്ഥാനങ്ങളുടെ നേതൃത്വം ഗൗരവപൂർവ്വം വീക്ഷിക്കുന്നു എന്ന എന്ന വിലയിരുത്തലിലാണ് ഈ അഭ്യർത്ഥന പ്രസിദ്ധീകരിക്കുന്നത്. വർഗ്ഗീയ ശക്തികൾ സൃഷ്ടിക്കുന്ന ആപത്കരമായ സാമൂഹ്യസാഹചര്യത്തെ പ്രതി കേരളത്തിലെ ജനാധിപത്യവിശ്വാസികളും മനുഷ്യസ്നേഹികളും പേറുന്ന ഉൽക്കണ്ഠയും ഹൃദയവേദനയും അളവറ്റതാണ്. മാനവരാശിയുടെ ചരിത്രത്തിലെ ഏറ്റവും കറുത്ത നാളുകൾ സൃഷ്ടിച്ച ഫാസിസ്റ്റ് വാഴ്ചയുടെ പ്രവണതകൾ രാജ്യത്തും നമ്മുടെ സംസ്ഥാനത്തും ശക്തിപ്പെടുന്നുവെന്നാണ് സമീപകാല സംഭവങ്ങളും ജനൈക്യത്തിനു നേരെയുള്ള ആക്രോശങ്ങളും വ്യക്തമാക്കുന്നത്. ചരിത്രപരമായ കടമ നിറവേറ്റുവാൻ ഇടതു പ്രസ്ഥാനങ്ങൾ അടിയന്തരപ്രാധാന്യത്തോടെ മുന്നോട്ടുവരേണ്ട ഈ സാഹചര്യത്തിൽ അതിന് കളമൊരുക്കുവിധം ഒരാത്മവിമർശനത്തിന് സിപിഐ, സിപിഐ(എം) പ്രസ്ഥാനങ്ങൾ തയ്യാറാകണമെന്ന് ആദ്യമേ തന്നെ അഭ്യർത്ഥിക്കട്ടെ. തൊലിപ്പുറമേയുള്ള ചികിൽസ കൊണ്ട് ഭേദപ്പെടുത്താവുന്ന സ്ഥിതിയിലല്ല രോഗം. അതിനാൽ ആഴമാർന്ന പരിശോധനയ്ക്കും ആത്മാർത്ഥമായ തിരുത്തലുകൾക്കും ഇടതുപ്രസ്ഥാനങ്ങൾ തയ്യാറാകണം.

## സഖാവ് എ.ബി.ബർദന്റെ നിര്യാണത്തിൽ അനുശോചനം



സിപിഐയുടെ മുൻ ജനറൽ സെക്രട്ടറിയും ഇൻഡ്യയിലെ ഇടതു ജനാധിപത്യ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ മുൻ നിരനേതാക്കളിൽ ഒരാളുമായ സഖാവ് എ.ബി.ബർദന്റെ നിര്യാണത്തിൽ എസ്‌യുസിഐ(സി) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് അഗാധമായ ദുഃഖം രേഖപ്പെടുത്തി. സഖാവ് എ.ബി.ബർദന്റെ നിര്യാണത്തിൽ തൊഴിലാളി വർഗ്ഗത്തിന്റെ അവകാശ സംരക്ഷണത്തിനുവേണ്ടിയുള്ള പോരാട്ടത്തിന് നേതൃത്വം കൊടുത്ത കരുത്തനായ ഒരു സാരഥിയെയാണ് നഷ്ടപ്പെട്ടിരിക്കുന്നത് എന്ന് അനുശോചനസന്ദേശത്തിൽ അദ്ദേഹം പറഞ്ഞു.

എന്തുവില നൽകിയും ജനതയുടെ ഐക്യം നിലനിർത്താനായി ജനാധിപത്യ അന്തരീക്ഷം സംരക്ഷിക്കുക എന്ന ലക്ഷ്യം കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിച്ചുകൊണ്ട് ആരോഗ്യകരമായ ഒരു സംവാദത്തിന് ഇടതുപ്രസ്ഥാനങ്ങൾ മുന്നോട്ടുവരണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. നമ്മുടെ മണ്ണിന്റെ നവോത്ഥാനനായകന്മാർ കല്ലിനുമേൽ കല്ല് വച്ച് പണിതുയർത്തിയ കേരളത്തിന്റെ സാമൂഹ്യ അന്തരീക്ഷത്തെയും ജനൈക്യത്തെയും പ്രാണനെപ്പോലെ കാത്തുപുലർത്താൻ പ്രതിജ്ഞാബദ്ധമായ ഒരു ജനാധിപത്യമുന്നേറ്റത്തിന്റെ ആശയതലം രൂപപ്പെടുത്തുന്നതിനുവേണ്ടിയുള്ള ചർച്ചയുടെ തുടക്കമെന്ന നിലയിലാണ് ഈ അഭ്യർത്ഥന പ്രസിദ്ധീകരിക്കുന്നത്.

കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ലഭിച്ച അനുകൂലമായ വിധിയെഴുത്തിന്റെ സാഹചര്യം പ്രയോജനപ്പെടുത്തിയും വർഗ്ഗീയ പ്രചാരണം ഊർജ്ജിതമാക്കിയും കേരളത്തിൽ വേരുറപ്പിക്കാൻ ബിജെപി പരിശ്രമിക്കുകയാണെന്ന് ഏവർക്കും അറിയാമല്ലോ. ഇക്കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ വോട്ടിന്റെ ശതമാനം സാരമായി ഉയർത്താൻ കേരളത്തിൽ ബിജെപിക്ക് കഴിഞ്ഞിരുന്നു. തദ്ദേശ തെരഞ്ഞെടുപ്പിന് മുമ്പ് നടന്ന അരുവിക്കര ഉപതെരഞ്ഞെടുപ്പിൽ മുപ്പതിനായിരത്തിലധികം വോട്ട് അവർ നേടുകയുണ്ടായി. ഏറ്റവും ഒടുവിൽ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ അവർ മനക്കോട്ട കെട്ടിയ പോലെയും ബൂർഷ്വാ മാധ്യമങ്ങൾ അവർക്ക് കനിഞ്ഞ് പ്രവചിച്ചതു പോലെയും നേടാൻ കഴിഞ്ഞില്ലെങ്കിലും കഴിഞ്ഞ തവണത്തെ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മൽസരിച്ച സീറ്റുകളുടെ മൂന്നിരട്ടി എണ്ണത്തിൽ ഇക്കുറി മൽസരിക്കാനും കഴിഞ്ഞതവണത്തെക്കാൾ കൂടുതൽ സീറ്റുകൾ നേടാനും അവർക്ക് കഴിഞ്ഞു. എന്നാൽ വോട്ടിന്റെ എണ്ണത്തിലെ വർദ്ധന എന്ന വിഷയത്തേക്കാളും ആശങ്കപ്പെടുത്തുന്നത് നമ്മുടെ സംസ്ഥാനത്ത് രൂപപ്പെട്ടുവരുന്ന സ്പർദ്ധയുടേയും വിദ്വേഷത്തിന്റെയും സാമൂഹ്യ അന്തരീക്ഷമാണ്. യുക്തിബോധവും ശാസ്ത്രീയവീക്ഷണവും വലിയ അളവിൽ ഒലിച്ചുപോകുന്നു. മതവികാരം ആളിക്കത്തിക്കാൻ എന്തും പറയാമെന്നതായിരിക്കുന്നു സ്ഥിതി. നേതൃത്വത്തിലിരിക്കുന്നവർ വർഗ്ഗീയ വിഷം ചീറ്റുന്നുവെന്നു മാത്രമല്ല, സമൂഹത്തിൽ ഒരു പിടി ആളുകളെ അത് സ്വാധീനിക്കുകയും ചെയ്യുന്നു എന്നതിലാണ് അപകടം. വടക്കേന്ത്യയിൽ ആയിരക്കണക്കിന് സാധാരണ പൗരന്മാർ വർഗ്ഗീയ കലാപങ്ങളിൽ ചാരമായി മാറിയപ്പോഴും അതിൽ നിന്നും വേറിട്ട അസ്തിത്വം പ്രദർശിപ്പിച്ച കേരളത്തെ ഇപ്രകാരം നിലനിർത്തിക്കൊണ്ട് തങ്ങളുടെ അജണ്ട നടപ്പാക്കാനാകില്ലെന്ന് സംഘപരിവാർ ഇന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്. ഈ തിരിച്ചറിവും കേരളത്തിന്റെ മതാതീതമായ സാമൂഹ്യാന്തരീക്ഷത്തോടുള്ള വിദ്വേഷവും രോഷവുമാണ് ആർഎസ്എസ് മുഖപത്രമായ ഓർഗനൈസറിൽ കേരളത്തെ പുലഭ്യം പറഞ്ഞുകൊണ്ട് എഴുതിയ ലേഖനത്തിൽ പ്രകടമാകുന്നത്. അതിനാൽ നിലവിൽ കൈക്കൊണ്ടിട്ടുള്ള വർഗ്ഗീയതയുടെയും മതവെറിയുടെയും പ്രചാരണം പോരാ എന്ന തിരിച്ചറിവിലാണ് ബിജെപിയും സംഘപരിവാറും. ഏറ്റവുമൊടുവിൽ വർഗ്ഗീയതയുടെ വിഷം ചീറ്റുന്നതിൽ എക്കാലത്തും മുമ്പിൽ നിന്നിട്ടുള്ള കുമ്മനം രാജശേഖരനെപ്പോലെ ഒരാളെ സംസ്ഥാന അദ്ധ്യക്ഷനാക്കിയതുവഴി അവർ കേരളത്തിനായി തയ്യാറാക്കുന്ന അജണ്ടയെന്താണെന്ന് വ്യക്തമായിരിക്കുകയാണ്.

കേരളത്തിൽ ഇത്തരമൊരു സമൂഹ്യ സാഹചര്യം എങ്ങിനെ രൂപപ്പെട്ടുവെന്ന് ഈ വൈകിയ വേളയിലെങ്കിലും വിലയിരുത്താൻ ഇടതുപ്രസ്ഥാനങ്ങൾ ആത്മാർത്ഥമായി തയ്യാറാകണം. പരാധീനതകളോടെയെങ്കിലും നിലനിന്നിരുന്ന മതേതരമൂല്യങ്ങളുടെയും മതാതീതമായ സാഹോദര്യത്തിന്റെയും സാമൂഹ്യ അന്തരീക്ഷം ക്രമേണ അപ്രത്യക്ഷമാകുന്നതെന്തുകൊണ്ടെന്ന് നാം ഗൗരവപൂർവ്വം വിലയിരുത്തണം. **ജനാധിപത്യ - മതേതര മനോഭാവവും സംസ്കാരവും ബലപ്പെടുത്താൻ ലക്ഷ്യമിടുന്ന ഒരു ജനാധിപത്യമുന്നേറ്റം ചിട്ടയായി വളർത്തിയെടുക്കുന്നതിൽ സംഭവിച്ച ഗുരുതരമായ വീഴ്ചകളാണ് ഇന്നത്തെ ഈ പതനത്തിന്റെ മുഖ്യകാരണം.** ജനങ്ങളുടെ അടിസ്ഥാന ജീവിതപ്രശ്നങ്ങളെ ആധാരമാക്കി പടുത്തുയർത്തേണ്ടുന്ന ജനാധിപത്യ സമരങ്ങളിലൂടെ മാത്രമേ ജനങ്ങളുടെ പ്രബുദ്ധതയും നിലവാരവും ഉയർത്താൻ കഴിയൂ. പാർലമെന്ററി ലക്ഷ്യത്തോടെ, മുൻകൂർ തയ്യാറാക്കിയ ഒരു തിരക്കഥ പ്രകാരം പാർട്ടി അംഗങ്ങളോ കുറെപ്പേരെ അണിനിരത്തി നടത്തുന്ന അനുഷ്ഠാന സമരങ്ങളല്ല, യഥാർത്ഥ ജനകീയ പ്രക്ഷോഭങ്ങൾ. കേരളത്തിലെ ഇടതുപ്രസ്ഥാനങ്ങൾ നടത്തുന്ന സമരങ്ങൾ ഈ സ്വഭാവത്തിലുള്ളതാണെന്ന് വിനയപൂർവ്വം ഞങ്ങൾ പറയട്ടെ. ഇത്തരം സമരങ്ങൾക്ക് വളരെ പരിമിതവും സങ്കുചിതവുമായ ലക്ഷ്യങ്ങൾ മാത്രമേ ഉള്ളൂവെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാലാണ് ഈ പ്രസ്ഥാനങ്ങൾക്കു പുറമേ നിന്ന് ഒരാളുപോലും ഈ സമരങ്ങളിൽ അണിചേരാത്തത്. സാധാരണ ജനങ്ങൾ സമരങ്ങളിൽ നിന്ന് ഇപ്രകാരം ക്രമേണ അകന്നുപോകുന്നതിലൂടെ ജനങ്ങൾക്കിടയിൽ നിരാശയും സാമൂഹ്യനിരാസവും നിഷ്ക്രിയതയും വർദ്ധിക്കുന്നു. വർഗ്ഗീയ ഭ്രാന്തൻ പ്രസ്ഥാനങ്ങൾക്ക് വളരെ എളുപ്പം സ്വാധീനിക്കാൻ കഴിയുന്നവരായി ജനങ്ങൾ അങ്ങിനെ മാറുന്നു.

മറിച്ച് ഉന്നതമായ സാംസ്കാരിക - ധാർമ്മിക മൂല്യങ്ങളെ ആധാരമാക്കി, തികച്ചും സത്യസന്ധമായ ലക്ഷ്യത്തോടെ സംഘടിപ്പിക്കപ്പെടുന്ന ഒരു പ്രക്ഷോഭം, ജാതി-മത-പ്രദേശ-ഭാഷാ വ്യത്യാസങ്ങളെ മുഴുവൻ നിഷ്പ്രഭമാക്കും. പോരാട്ടരംഗത്തുനിന്ന് ജനങ്ങൾ ജീവിതപ്രശ്നങ്ങളുടെ മൂലകാരണം തിരിച്ചറിയും. ഇതര മതവിശ്വാസികളല്ല, സാമ്പത്തികചൂഷണത്തിന് നേതൃത്വം നൽകുന്ന സാമൂഹ്യവ്യവസ്ഥയാണ് തന്റെ ശത്രുവെന്നുമുള്ള അതീവ പ്രാധാന്യമേറിയ രാഷ്ട്രീയവിദ്യാഭ്യാസം സമരഭൂമിയിൽ നിന്നും സാധാരണജനങ്ങൾ ആർജ്ജിക്കും. അങ്ങിനെ ചുറ്റുപാടിനെ യാഥാർത്ഥ്യബോധത്തോടെ നോക്കിക്കാണാൻ പരിശീലനം നേടുന്ന ജനങ്ങൾ യുക്തിരാഹിത്യത്തിൽ നിന്നും മായക്കാഴ്ചകളിൽ നിന്നും ക്രമേണ വിടുതൽ നേടും. ഈ യാഥാർത്ഥ്യബോധത്തെ ശാസ്ത്രബോധത്തോടും യുക്തിചിന്തയോടും സ്വാഭാവികമായി വിളക്കിച്ചേർക്കാൻ സമരനേതൃത്വത്തിന് കഴിഞ്ഞാൽ ജനങ്ങളുടെ പ്രബുദ്ധതയും ചിന്താശേഷിയും ക്രമേണ വളർന്നുമുന്നേറും. അവരെ അന്ധതയിലേക്കും അന്യമതവെറിയിലേക്കും നയിക്കാൻ ഒരു ശക്തിക്കുമാകില്ല. പ്രസ്തുത പ്രക്ഷോഭം സൃഷ്ടിക്കുന്ന നിശ്ചയദാർഢ്യവും ആത്മവിശ്വാസവും ജനങ്ങളെ കരുത്തരാക്കും. ഉന്നതമായ ജനാധിപത്യപ്രക്ഷോഭങ്ങൾ പ്രസരിപ്പിക്കുന്ന മൂല്യങ്ങൾ ജനങ്ങളെയാകെ സ്പർശിക്കുന്ന ഒന്നായി വളരുന്നതോടെ ഒരു പുതുശക്തിയായി ജനത മാറും. വർഗ്ഗീയ - വിഭാഗീയ വികാരങ്ങൾക്ക് സ്വാധീനിക്കാനാവാത്ത വിധം അറിവും സംസ്കാരവും പ്രബുദ്ധതയും യുക്തിബോധവും നേടിയ ഒരു ജനതയെ ഇപ്രകാരം വാർത്തെടുക്കുക എന്നത് മാത്രമാണ് വർഗ്ഗീയതയെ ചെറുക്കാനുള്ള ഏറ്റവും ശാസ്ത്രീയമായ മാർഗ്ഗം. ആഴമാർന്ന ഇത്തരം ഉള്ളടക്കമുള്ള ഒരു പ്രക്ഷോഭത്തിന്റെ കർമ്മപരിപാടി എന്നെങ്കിലും ഇടതുപ്രസ്ഥാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടോ എന്ന് ആത്മാർത്ഥമായി പരിശോധിക്കാൻ ഇടതു നേതൃത്വം തയ്യാറാകണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ചരിത്രപ്രധാനമായ ഈ കടമ നിർവ്വഹിക്കുവാൻ ഇടതുപ്രസ്ഥാനങ്ങൾ പരാജയപ്പെട്ടു എന്നു മാത്രമല്ല, ജനങ്ങൾ സ്വന്തം മുൻകൈയിൽ വളർത്തിയെടുത്ത ചെറുതും വലുതുമായ ജനകീയസമരങ്ങളെ ഇടതുപ്രസ്ഥാനങ്ങൾ തള്ളിപ്പറയുകയോ തകർക്കാൻ ശ്രമിക്കുകയോ ചെയ്തിട്ടുണ്ടെന്നാണ് ഞങ്ങളുടെ വിനീതമായ അഭിപ്രായം. അത് സംസ്ഥാനത്തിന്റെ ജനാധിപത്യക്രമത്തിന് ഏൽപ്പിച്ച ആഘാതം നിസ്സാരമല്ല.

സംസ്ഥാനത്തിന്റെ തിരിച്ചുപോക്കിന്റെ മറ്റൊരു കാരണം കേരളത്തിലെ ഇടതുപ്രസ്ഥാനങ്ങൾ കൈക്കൊണ്ടിട്ടുള്ള ജനാധിപത്യവിരുദ്ധമായ പ്രവർത്തനശൈലിയാണ്. രാഷ്ട്രീയ നയങ്ങളും നിലപാടുകളും ജനങ്ങൾക്കിടയിൽ ചർച്ച ചെയ്യപ്പെടുന്ന സാഹചര്യം ഒഴിവാക്കണമെന്നാഗ്രഹിക്കുന്ന വലതുപ്രസ്ഥാനങ്ങൾ അക്രമത്തിന്റെയും അടിച്ചമർത്തലിന്റെയും രാഷ്ട്രീയം സ്വീകരിക്കുമെന്നത് അസ്വാഭാവികമായ ഒന്നല്ല. എന്നാൽ അതിനെ നേരിടാനാണെന്ന പേരിൽ ഇടതുപ്രസ്ഥാനങ്ങൾ അക്രമത്തിന്റെയും കയ്യൂക്കിന്റെയും മാർഗ്ഗം അവലംബിച്ചാൽ വലതുപ്രസ്ഥാനങ്ങളിൽ നിന്ന് എന്ത് വ്യത്യാസമാണ് ഇവർക്കുണ്ടാവുക? എത്ര പ്രകോപനമുണ്ടായാലും ആരോഗ്യകരമായ ചർച്ചയുടെയും രാഷ്ട്രീയസംവാദത്തിന്റെയും അന്തരീക്ഷത്തെ മുറുകെപ്പിടിച്ചുകൊണ്ട്, വലതുപ്രസ്ഥാനങ്ങളെ തുറന്നുകാണിക്കുകയാണ് ഇടതു പ്രസ്ഥാനങ്ങളുടെ ചരിത്രപരമായ കടമ. ഇത് പൂർണ്ണമായും വിസ്മരിച്ചുകൊണ്ട്, രാഷ്ട്രീയ എതിരാളികളെ കയ്യൂക്കിനും കൊലക്കത്തിയ്ക്കും ഇരയാക്കുക എന്ന ഫാസിസ്റ്റ് സമീപനം ഇടതുപ്രസ്ഥാനങ്ങൾ വിശിഷ്യാ സിപിഐ(എം) സ്വീകരിച്ചതാണ് ബിജെപിയ്ക്കും ആർഎസ്എസിനും കാലുറപ്പിക്കാനുള്ള സാഹചര്യം ഒരു പരിധി വരെ ഉണ്ടാക്കിയത് . ചർച്ചയും സംവാദവും കേന്ദ്രസ്ഥാനത്തുള്ള ജനാധിപത്യ അന്തരീക്ഷം പിറകോട്ടടിക്കപ്പെട്ട് അവിടെ ഏകാധിപത്യവും അന്ധതയും യുക്തിരാഹിത്യവും പിടിമുറുക്കിയപ്പോൾ അത് ബിജെപിയുടെയും ആർഎസ്എസിന്റെയും കുതിപ്പിന് വഴിയൊരുക്കി. ഈ വസ്തുത തിരിച്ചറിയാനും അംഗീകരിക്കാനും ഇടതുപ്രസ്ഥാനങ്ങൾ തയ്യാറാകണം. ജനാധിപത്യ അന്തരീക്ഷത്തിന് ആഴമാർന്ന ക്ഷതമേൽപ്പിച്ച ഇടതുപ്രസ്ഥാനങ്ങളുടെ പ്രവർത്തനശൈലി സമ്പൂർണ്ണമായും ഉപേക്ഷിക്കുമെന്ന് പ്രതിജ്ഞ ചെയ്യാൻ ഇടതുകക്ഷികൾ തയ്യാറാകണം.

മറ്റൊരു സുപ്രധാന വിഷയം ഇടതു നേതാക്കളുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞങ്ങൾ ആഗ്രഹിക്കുന്നത് അധികാരത്തിലെത്തുമ്പോൾ കൈക്കൊള്ളുന്ന നയങ്ങളെ സംബന്ധിച്ചാണ്. കഴിഞ്ഞ രണ്ടര പതിറ്റാണ്ടായി രാജ്യത്തും വിവിധ സംസ്ഥാനങ്ങളിലുമായി നടപ്പാക്കപ്പെടുന്ന മുതലാളിത്ത അനുകൂല നവ ലിബറൽ നയങ്ങൾ സംസ്ഥാനത്ത് അധികാരത്തിലെത്തിയിട്ടുള്ള വേളകളിൽ യുഡിഎഫിനെപ്പോലെ തന്നെ ഇടതുമുന്നണിയും നടപ്പാക്കിയിട്ടുണ്ടെന്നത് ജനങ്ങളുടെ ജീവിതാനുഭവമാണ്. യുഡിഎഫ്-എൽഡിഎഫ് മുന്നണികൾ തമ്മിൽ നിലനിൽക്കുന്ന രാഷ്ട്രീയ സമവായം ഒരു യാഥാർത്ഥ്യമായി ജനങ്ങൾ തിരിച്ചറിഞ്ഞിരിക്കുന്നു. ഒട്ടനവധി ഉദാഹരണങ്ങൾ ഞങ്ങൾക്ക് ഇക്കാര്യത്തിൽ ചൂണ്ടിക്കാട്ടാനുണ്ട്. സ്ഥല പരിമിതി മൂലം അതിലേക്ക് പ്രവേശിക്കുന്നില്ല. അഴിമതിയും ജനവിരുദ്ധതയും ചാർജ്ജ് വർദ്ധനവുകളും വിലക്കയറ്റം സൃഷ്ടിക്കുന്ന നടപടികളും ഇരുമുന്നണികളുടെയും സമാന അജണ്ടയാണെന്ന തിരിച്ചറിവ് സൃഷ്ടിച്ചിട്ടുള്ള നിരാശയും രോഷവും മൂന്നാമത് ഒരു ബദലിനെ അന്വേഷിക്കാൻ ജനങ്ങളെ ശക്തമായി പ്രേരിപ്പിക്കുന്നുണ്ട്. ഈ സാഹചര്യം മുതലാളിത്തശക്തികളുടെ സഹായത്തോടെ പ്രയോജനപ്പെടുത്താൻ ബിജെപി പരിശ്രമിക്കുകയാണ്. യുഡിഎഫ് സ്വീകരിക്കുന്ന ശക്തമായ വലതുനയങ്ങളിൽ നിന്ന് വിഭിന്നവും വിപരീതവുമായ നടപടികൾ കൈക്കൊണ്ടുകൊണ്ട് ഇടതുരാഷ്ട്രീയത്തിന്റെ വ്യതിരക്തത തെളിയിക്കാൻ ഇടതുമുന്നണി അമ്പേ പരാജയപ്പെട്ടതാണ് ബിജെപിയ്ക്ക് അനുകൂലമായ കാലാവസ്ഥ സൃഷ്ടിച്ചിട്ടുള്ളത്. കോൺഗ്രസ്സിനെപ്പോലെ തന്നെ വിശ്വാസ്യത നഷ്ടപ്പെട്ട ഒരു രാഷ്ട്രീയ നേതൃത്വമായി ഇടതു പ്രസ്ഥാനങ്ങൾ മാറി എന്നത് അംഗീകരിക്കാൻ അവർ തയ്യാറാകണം. സ്വകാര്യമൂലധനശക്തികളുടെ കൊള്ളതാൽപ്പര്യങ്ങളെ തള്ളിപ്പറഞ്ഞുകൊണ്ട് ജനതാൽപ്പര്യം പരമപ്രാധാന്യത്തോടെ ഉയർത്തിപ്പിടിക്കാനും അഴിമതിരഹിതവും സുതാര്യവുമായ ഭരണം നടത്താനും ഇടതു നേതൃത്വത്തിന് കഴിഞ്ഞാൽ മാത്രമേ ഇടതു-ജനാധിപത്യചേരി ശക്തിപ്പെടൂ.

വർഗ്ഗീയതക്കെതിരായ അതിശക്തമായ ബഹുജന -ജനാധിപത്യ മുന്നേറ്റം പടുത്തുയർത്താൻ കേരളത്തിന്റെ സാമൂഹ്യസാഹചര്യം ഇന്നും അനുകൂലമാണ്. സമീപദശാബ്ദങ്ങളിൽ വ്യവസ്ഥാപിത രാഷ്ട്രീയ പാർട്ടികൾ തെരഞ്ഞെടുപ്പിന്റെ സങ്കുചിത നേട്ടങ്ങൾക്കു വേണ്ടി സംസ്ഥാനത്തിന്റെ ജനാധിപത്യ അന്തരീക്ഷത്തിന് കനത്ത പ്രഹരങ്ങൾ ഏൽപ്പിച്ചിട്ടുണ്ടെങ്കിലും പൂർണ്ണമായും അത് തകർക്കപ്പെട്ടിട്ടില്ല എന്നത് വലിയ പ്രതീക്ഷ നൽകുന്നതാണ്. കേരളത്തിൽ നിയമസ്സ

(ശേഷം 4-ാം പേജിൽ)

# ചെന്നൈ പ്രളയം: പ്രകൃതിക്ഷോഭമോ മനുഷ്യസൃഷ്ടിയോ?






1. എംഎസ്സിയുടെ ചെന്നൈയിലെ നിരവധി മെഡിക്കൽക്യാമ്പുകളിൽ ഒന്നിന്റെ ദൃശ്യം.
2. എസ്‌യുസിഐ(സി) കോഴിക്കോട് നടത്തിയ ദുരിതാശ്വാസ സഹായസമാഹരണം

**ചെന്നൈയിൽ അടുത്തിടെയുണ്ടായ പേമാരിയിലും പ്രളയത്തിലും 347 പേർ മരിച്ചു. വൻതോതിലുള്ള ജീവഹാനി, നാശനഷ്ടം, ഭക്ഷ്യ-ജലദൗർലഭ്യം, മാലിന്യങ്ങൾ, രോഗങ്ങൾ, പകർച്ചവ്യാധി ഭീഷണി, ദുരിതാശ്വാസത്തിന്റെ അപര്യാപ്തത എന്നിവയെല്ലാംകൂടി അവശേഷിച്ചവർക്ക് അതൊരു നരകം തീർത്തിരിക്കുന്നു. അവരെ ആശ്വസിപ്പിക്കാൻ വാക്കുകൾക്കാവില്ല.**

ദുരന്തഭൂമിയിൽനിന്നുള്ള ഒരു റിപ്പോർട്ട് നോക്കൂ. ചെന്നൈയിലെ മാനാപക്കത്ത് എംഐഒടി ഇന്റർനാഷണൽ ആശുപത്രിയിൽ ഡിസംബർ 2,3 തീയതികളിലായി 18 രോഗികൾ മരിച്ചു. അടയാറിലെ വെള്ളം കരകവിഞ്ഞ് ആശുപത്രി മതിലും തകർത്ത് ഉള്ളിൽകയറി വൈദ്യുതി സംവിധാനം തകരാറിലാക്കിയതാണ് ഇതിന് കാരണം. വൈദ്യുതി നിലച്ചത് വെന്റിലേറ്ററിലെ രോഗികളുടെ മരണത്തിനിടയാക്കിയെന്നും ഒരു സഹായവും ലഭിച്ചില്ലെന്നുമാണ് ആശുപത്രിയുടെ മാനേജിംഗ് ഡയറക്ടർ പറഞ്ഞത്. എന്നാൽ, ഡിസബർ 3ന് തന്നെ ഓക്സിജൻ സിലിണ്ടറുകൾ എത്തിച്ചിരുന്നു എന്നും ആശുപത്രിയിൽ ബദൽ ജനറേറ്ററുകൾ ഉണ്ടായിരുന്നില്ലെന്നുമാണ് ആരോഗ്യവകുപ്പിന്റെ വിശദീകരണം. ദുരന്തത്തിന്റെ വേളയിൽ സർക്കാരിന്റെയും മറ്റും മനോഭാവം എന്തായിരുന്നു എന്ന് വ്യക്തമാക്കാൻ വേണ്ടിയാണ് ഈ സംഭവം ചൂണ്ടിക്കാണിച്ചത്. '17 ദിവസം തുടർച്ചയായി പെയ്ത മഴ', 'ആഗോളതാപനം', 'എൽനിനോ' എന്നിങ്ങനെ പ്രളയത്തിന് പല കാരണങ്ങളും അധികൃതർ നിരത്തിവയ്ക്കുന്നുണ്ട്.

ചെന്നൈ പ്രളയം സമാനമായ പല സംഭവങ്ങളും നമ്മെ ഓർമ്മിപ്പിക്കുന്നു. ഒറീസ്സയിലെ ചുഴലിക്കൊടുങ്കാറ്റ്, ഉത്തരാഘണ്ഡിലും ജമ്മു കാശ്മീരിലും ഉണ്ടായ പ്രളയം, മെട്രോ പൊളിറ്റൻ നഗരങ്ങളിലുണ്ടായ വെള്ളപ്പൊക്കം തുടങ്ങിയവയൊക്കെ ഇതിൽപെടും. ഓരോ ദുരന്തവുമുണ്ടാകുമ്പോൾ അധികൃതർ പ്രകൃതിക്ഷോഭമെന്ന പതിവുപല്ലവി പാടും. അല്ലെങ്കിൽ പരസ്പരം പഴിചാരും. എന്നാൽ സത്യമെന്താണ്. എന്തുകൊണ്ടാണ് ഡെൽഹി, മുംബൈ, ഹൈദ്രാബാദ്, ചെന്നൈ, ബാംഗ്ലൂർ, കൊൽക്കത്ത തുടങ്ങിയ വൻനഗരങ്ങളൊക്കെ ദുരന്തങ്ങളേറ്റുവാങ്ങുകയും പുതിയ ദുരന്തങ്ങൾക്കായി കാത്തിരിക്കുകയും ചെയ്യുന്നത്. ശാസ്ത്ര-സാങ്കേതിക വിദ്യകൾ ഇത്രയേറെ വികസിച്ച ഇക്കാലത്തും മനുഷ്യരാശി പ്രകൃതിയുടെ മുന്നിൽ നിസ്സഹായമായി നിൽക്കേണ്ടിവരുന്നത് എന്തുകൊണ്ട്... ജനങ്ങൾ വീണ്ടുംവീണ്ടും ദുരന്തങ്ങളിൽപ്പെടുകയും അധികൃതർ ഹൃദയശൂന്യമായി പെരുമാറുകയും ചെയ്യുന്നതെന്തുകൊണ്ട്? ഇതിനുത്തരം കണ്ടെത്തേണ്ടത് ജനങ്ങളുടെ ആവശ്യമാണ്. ചെന്നൈ ദുരന്തം ഒരുപാടുകാര്യങ്ങൾ മനസ്സിലാക്കിത്തരുന്നുണ്ട്. മാദ്ധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്ന കാര്യങ്ങൾ മാത്രം പരിശോധിച്ചാൽ ഇത് വ്യക്തമാകും.

ഇക്കൊല്ലം ദീപാവലി മുതൽ മഴ തുടങ്ങിയതാണ്. ഡിസംബർ 1,2 തീയതികളിൽ 500 മില്ലീമീറ്റർ മഴയുണ്ടാകുമെന്ന് അന്തർദേശീയ ഏജൻസികൾ മുന്നറിയിപ്പും തന്നിരുന്നു. ഈ പശ്ചാത്തലത്തിൽ, ചെമ്പാ രമ്പക്കത്തെ വൻ അണക്കെട്ടിന്റെ റിസർവോയറിലെ ജലനിരപ്പ് 22 അടിയിൽനിന്ന് 18 അടിയായി കുറയ്ക്കണമെന്നും നാലുദിവസം കഴിയുമ്പോഴേയ്ക്കും വൻതോതിലുണ്ടാകുന്ന നീരൊഴുക്ക് ഉൾക്കൊള്ളാൻ അതുവഴി റിസർവോയറിനാകുമെന്നും പിഡബ്ല്യുഡി ഉദ്യോഗസ്ഥർ ഗവണ്മെന്റ് സെക്രട്ടറിയടക്കമുള്ള ബ്യൂറോക്രാറ്റുകളെ ധരിപ്പിച്ചിരുന്നതായി റിപ്പോർട്ടുണ്ടായിരുന്നു. എന്നാൽ അത് പാടെ അവഗണിക്കപ്പെട്ടു. മഴ തുടങ്ങിയപ്പോഴാകട്ടെ 40 ശതമാനം ഉൾക്കൊള്ളൽ ശേഷി എക്കൽ അടിഞ്ഞ് നഷ്ടപ്പെട്ടിരുന്ന റിസർവോയറിന് നീരൊഴുക്ക് ഉൾക്കൊള്ളാനാകാതെ വരികയും ചെന്നൈ നഗരം വെള്ളത്തിലാകുകയും ചെയ്തു. അനിവാര്യമായത് സംഭവിച്ചുകഴിഞ്ഞപ്പോൾ, എല്ലാറ്റിനും പ്രകൃതിയെ കുറ്റപ്പെടുത്തുന്നു. ആസന്നമായ പ്രളയത്തെക്കുറിച്ച് താഴ്ന്ന പ്രദേശങ്ങളിൽ താമസിച്ചിരുന്നവർക്ക് മുന്നറിയിപ്പ് നൽകിയിരുന്നില്ല. ഇവരുടെ ദുരിതങ്ങൾ കൂടി കണക്കിലെടുത്താൽ ദുരന്തത്തിന്റെ വ്യാപ്തി പല മടങ്ങാകും. ഇതിനൊക്കെ ജനങ്ങളെങ്ങനെ ഉത്തരവാദികളാകും. തടാകങ്ങൾ പോലെയുള്ള ജലാശയങ്ങൾ നികത്തുന്നതും സസ്യജാലങ്ങൾ നശിപ്പിക്കുന്നതും നദികളിൽ മണൽഖനനം നടത്തുന്നതുമൊക്കെ ജലസംഭരണത്തിന്റെ സാദ്ധ്യതകൾ നശിപ്പിക്കുന്ന നടപടികളാണ്. പ്രകൃതിക്ഷോഭത്തിന്റെ ആഘാതം കുറയ്ക്കാൻ പ്രകൃതിതന്നെ ഒരുക്കിവച്ച സംവിധാനങ്ങളാണ് ഇതുവഴി തകരാറിലായത്. നിക്ഷേപം കാത്തുകിടക്കുന്ന വൻ മൂലധനം റിയൽ എസ്റ്റേറ്റ് രംഗത്തേക്ക് വരുന്നതോടെ അംബരചുംബികൾ ഉയരുകയായി. ഇതിന് അനുബന്ധമായി വർത്തിക്കുന്ന മണൽ മാഫിയയും തടിച്ചുകൊഴുക്കുന്നു. ഇരുകൂട്ടരുംകൂടി അനേകായിരങ്ങളുടെ ജീവിതത്തിന്റെ താളംതെറ്റിക്കുന്നു. ഇതോടൊപ്പം നഗരങ്ങളിൽ നീരൊഴുക്ക് തടസ്സപ്പെടുത്തുന്നതും ജലാശയങ്ങൾ മാലിന്യംകൊണ്ട് മൂടുന്നതും നിർമ്മാണ മേഖലയ്ക്ക് വേണ്ടി മരങ്ങളെല്ലാം വെട്ടിവീഴ്ത്തുന്നതുമെല്ലാം വെള്ളപ്പൊക്കത്തിലേക്ക് നയിക്കുന്ന പ്രധാനഘടകങ്ങളാണ് എന്ന വസ്തുത ആർക്കും നിഷേധിക്കാനാകില്ല.

കാലാവസ്ഥ മോശമാകുമ്പോൾ, മനുഷ്യർ കൈക്കൊള്ളുന്ന തീരുമാനങ്ങളും തെറ്റായ നിയമനിർമ്മാണങ്ങളും നിയമം നടപ്പിലാക്കാനുള്ള ഇച്ഛാശക്തിയുടെ അഭാവവും പച്ചയായ ആർത്തിയുംപോലുള്ള മനുഷ്യനിർമ്മിത ഘടകങ്ങളാൽ, നഗരങ്ങളിൽ അതിന്റെ പ്രത്യാഘാതം കൂടുതൽ ഗുരുതരമാകുന്നു. എല്ലാ നഗരങ്ങളും ഈ അവസ്ഥയെത്തന്നെയാണ് കാത്തിരിക്കുന്നത്. എപ്പോഴാണത് സംഭവിക്കുക എന്ന കാര്യത്തിലേ വ്യത്യാസമുള്ളൂ. 2000ത്തിനും 2014നുമിടക്ക് ഗണ്യമായ വളർച്ച കൈവരിച്ച ബാംഗ്ലൂർ നഗരത്തിൽ സസ്യജാലങ്ങൾ വളരെയേറെ കുറഞ്ഞിട്ടുണ്ട് എന്നാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ഒരു പഠനത്തിൽ വ്യക്തമാക്കുന്നത്. ജലാശയങ്ങളുടെ സ്ഥിതി ഇതിനേക്കാൾ മോശമാണ്. മൂവായിരത്തിലേറെ ജലാശയങ്ങളുണ്ടായിരുന്ന ഹൈദ്രാബാദിൽ ഇന്ന് വളരെ കുറച്ചേ അവശേഷിക്കുന്നുള്ളൂ. മഴവെള്ളം ഒഴുകിപ്പോകാൻ സംവിധാനമില്ലാത്തതിനാൽ ഹൈദ്രാബാദിലെ ഐടി കോറിഡോർ മഴ പെയ്താൽ വെള്ളത്തിൽ മുങ്ങും. പടിഞ്ഞാറൻ മുംബൈയിലെ 26 സബവെകൾ മുമ്പ് നീർച്ചാൽ കലുങ്കുകളായിരുന്നു. ഈസ്റ്റ്-വെസ്റ്റ് കണക്ടിവിറ്റിക്കുവേണ്ടി ഇവ റോഡുകളാക്കി മാറ്റിയതോടെ, വേലിയേറ്റസമയത്ത് മഴ പെയ്താൽ അന്ധേരി, ഗോറിഗാവോൺ, മലാട് തുടങ്ങിയ സ്ഥലങ്ങളിലെല്ലാം വെള്ളപ്പൊക്കമുണ്ടാകും. കടൽത്തീരത്തെ ലോലമായ പരിസ്ഥിതിയുടെ സംരക്ഷണം ലക്ഷ്യമാക്കി രൂപംകൊടുത്ത തീരദേശ നിയന്ത്രണ നിയമം സൗകര്യപൂർവ്വം വലിച്ചുനീട്ടി ചതുപ്പ് പ്രദേശങ്ങളിലും ഓരുജല സാന്നിദ്ധ്യമുള്ള സ്ഥലങ്ങളിലുമൊക്കെ നിർമ്മാണപ്രവർത്തനങ്ങൾ നടത്താൻ അവസരമൊരുക്കി. താനെ, മലാട്, വാഷി തുടങ്ങിയ സ്ഥലങ്ങളൊക്കെ ഈ മേഖലയിൽ വരും. മുംബെയിലെ കണ്ടൽക്കാടുകൾ കഴിഞ്ഞ 20 വർഷത്തിനിടയിൽ 36 ചതുരശ്ര കിലോമീറ്ററോളം കുറഞ്ഞിട്ടുണ്ട്. കൽക്കത്തയിൽ സാൾട്ട് ലേക്കിന്റെയും(12.35ച.കി.മീ) ന്യൂഠൗണിന്റെയും (37ച.കി.മീ) നിർമ്മാണം ചതുപ്പുനിലം നികത്തി നടത്തിയത് നഗരവികസന അതോറിറ്റിയുടെ എതിർപ്പ് മറികടന്നാണ്. ഇത് വെള്ളപ്പൊക്കമുണ്ടാകാൻ കാരണമാകുന്നു. കൽക്കത്തയിലെ ജലാശയ ശൃംഖലയും തോടുകളുമൊക്കെ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഡൽഹിയിൽ പല ജലാശയങ്ങളുടെയും മഴവെള്ള ശേഖരണത്തിനുള്ള ജലസംഭരണികൾ നാശമടഞ്ഞിരിക്കുന്നു. തണ്ണീർത്തടമായിരുന്ന സരയ്കാലാഘാൻ എന്ന സ്ഥലത്ത് സംസ്ഥാനാന്തര ബസ് ടെർമിനൽ പണിതിരിക്കുന്നു. ഇതുമൂലം മഴപെയ്താൽ റോഡിലെല്ലാം വെള്ളപ്പൊക്കമുണ്ടാകുന്ന സ്ഥിതിയാണ്.

ഇത് ഇവിടംകൊണ്ട് അവസാനിക്കുന്നില്ല. ചെന്നൈയിലെ സ്ഥിതിയും ഇത് തന്നെ. സൈന്യം, തീരസംരക്ഷണ സേന, ദുരന്തനിവാരണ സേന, പോലീസ് തുടങ്ങിയ സംവിധാനങ്ങൾ തമ്മിൽ പരസ്പരധാരണ ഇല്ലാതെപോയത് കാര്യങ്ങൾ കൂടുതൽ വഷളാക്കി. പ്രളയക്കെടുതിയിൽപ്പെട്ട നിസ്സഹായരായ ജനങ്ങൾ സഹായത്തിനായി യാചിക്കുന്നു, രക്ഷാപ്രവർത്തകർക്ക് അങ്ങോട്ട് ചെന്നെത്താൻ കഴിയുന്നില്ല, എഐഎഡിഎംകെ പ്രവർത്തകർ തങ്ങളുടേതല്ലാത്ത ഒരു ദുരിതാശ്വാസ പ്രവർത്തനവും അനുവദിക്കാതിരിക്കുകയും എല്ലാത്തിന്റെയും ഖ്യാതി സ്വന്തം പേരിലാക്കാൻ പരക്കംപായുകയും ചെയ്യുന്നു! ആകെക്കൂടി ഒരു ഭീകരതാണ്ഡവത്തിനാണ് ദുരന്തനാളുകളിൽ ചെന്നൈ സാക്ഷ്യം വഹിച്ചത്. ആയിരക്കണക്കിന് സർക്കാർ ഉദ്യോഗസ്ഥർ ദുരിതാശ്വാസ പ്രവർത്തനം നടത്തിയതിനെക്കുറിച്ചും നൂറുകണക്കിന് ബോട്ടുകളിൽ ലക്ഷക്കണക്കിന് ജനങ്ങളെ ദുരിതാശ്വാസ ക്യാമ്പുകളിൽ എത്തിച്ചതിനെക്കുറിച്ചും ലക്ഷക്കണക്കിന് ഭക്ഷണപ്പൊതികൾ വിതരണം ചെയ്തതിനെക്കുറിച്ചും മെഡിക്കൽ ക്യാമ്പ് നടത്തിയതിനെക്കുറിച്ചുമൊക്കെ അവർ വാചാലരായി. എന്നാൽ, ഡിസംബർ 6 വരെ മാദ്ധ്യമങ്ങളെ അഭിമുഖീകരിക്കാൻ സർക്കാർ പ്രതിനിധികളാരും തയ്യാറായില്ല. ഭക്ഷണപ്പൊതികളിലെല്ലാം മുഖ്യമന്ത്രി ജയലളിതയുടെ പടം ഒട്ടിച്ചിരുന്നു. ദുരന്ത ബാധിതർ സഹായത്തിനായി നെട്ടോട്ടമോടുമ്പോൾ അതിൽനിന്ന് മുതലെടുക്കാൻ ശ്രമിക്കുന്ന ഈ നടപടിയുടെ അധാർമ്മികത ജനങ്ങൾക്ക് എളുപ്പം മനസ്സിലാകും. ഭക്ഷണത്തിന്റെയും കുടിവെള്ളത്തിന്റെയുമൊക്കെ ദൗർലഭ്യം വളരെയേറെയായിരുന്നു. എഐഎഡിഎംകെ നയിക്കുന്ന സംസ്ഥാന സർക്കാരിന്റ ദുരിതാശ്വാസ പ്രവർത്തനങ്ങൾ തീരെ അപര്യാപ്തമായിരുന്നത് ജനങ്ങളിൽ കടുത്ത പ്രതിഷേധമുണ്ടാക്കി. വെള്ളപ്പൊക്കത്തിന് ശമനമുണ്ടായപ്പോൾ പകർച്ചവ്യാധി പടരുന്ന തരത്തിൽ മാലിന്യങ്ങളും മൃതശരീരങ്ങളും മറ്റും ചീഞ്ഞുനാറുകയാണ്. ടിറ്റർ, വാട്സ് ആപ്, ഫെയ്സ്ബുക്ക് പോലുള്ള സോഷ്യൽ മീഡി

(ശേഷം 4-ാം പേജിൽ)

## ദുരിതങ്ങളുടെ ചെന്നൈയിൽ നിന്ന്....

പ്രളയാനന്തരം ജീവിതം പുനഃരാരംഭിക്കാൻ വെമ്പിയ ജനങ്ങളെ സർക്കാർ വരവേറ്റത് തുച്ഛമായ നഷ്ട പരിഹാരത്തുക പ്രഖ്യാപിച്ചുകൊണ്ടും ജനങ്ങളേക്കൾ നിസ്സഹായമായ സേവനസംവിധാനങ്ങൾക്കൊപ്പവുമാണ്. ഇവയൊക്കെതന്നെ എല്ലാ കെടുതികളുടേയും അവയിൽനിന്ന് രക്ഷനേടാനുമുള്ള ഉത്തരവാദിത്വവും ജനങ്ങളുടെമേൽ ചാർത്തുകയാണ്.

ഈ സാഹചര്യത്തിൽ ഡിസംബർ 16നു മെഡിക്കൽ സർവീസ് സെന്ററി(MSC)ന്റെ ആഭിമുഖ്യത്തിൽ ചെന്നൈയിൽ ദുരിതാശ്വാസ ക്യാമ്പുകൾ ആരംഭിക്കുമ്പോൾ ക്യാമ്പുകളിൽ എത്തിയ നിരാലംബരായ ജനപ്രളയം ക്യാമ്പിൽനിന്ന് പ്രതീക്ഷിച്ചിരുന്നത് വെറുമൊരു മെഡിക്കൽ സഹായം മാത്രമായിരുന്നില്ല. സാന്ത്വനവും ജീവിതവും തന്നെയായിരുന്നു. എംഎസ്സി തമിഴ്നാട് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച ക്യാമ്പിൽ എംഎസ്സി കർണാടക, കേരള ചാപ്റ്ററുകൾ ഭാഗഭാക്കായി. ഡോക്ടർമാരും മെഡിക്കൽ വിദ്യാർത്ഥികളും സന്നദ്ധപ്രവർത്തകരുമുൾപ്പെടെ 19 പേർ കേരളത്തിൽനിന്ന് ക്യാമ്പിൽ പങ്കെടുക്കുകയുണ്ടായി. ഡോ.പി.എസ്.ബാബു, ഡോ.മുകുന്ദൻ, ഡോ.കെ.ഹരിപ്രസാദ്, ഡോ.നസ്നീൻ സെയ്ദു, ഡോ.സരിൻകുമാർ, ഡോ.മുഹമ്മദ് ഷഫീഖ്, ഡോ.തോമസ് ജോൺ, ഡോ.വിഷ്ണു, ഡോ.ദേവാനന്ദ്, ഡോ.അരുൺ, ഡോ.അമൃതാ സുഭാഷ്, കോട്ടയം മെഡിക്കൽ കോളേജിലെ മെഡിക്കൽ വിദ്യാർത്ഥികളായ യദുകൃഷ്ണൻ, ആകാശ്.എസ്.കുമാർ, ഇവാനി കൃഷ്ണ, പി.എ.അരുൺ, അർജ്ജുൻ എം.നായർ, ജെബി കുരുവിള, മുഹമ്മദ് അഷറഫ്, ബ്രേക്ത്രൂ സംസ്ഥാന സമിതിയംഗം എ.ജി.സുമേഷ്കുമാർ, എഐഡിഎസ്ഒ സംസ്ഥാനകമ്മിറ്റിയംഗം എം.കെ.ഷഹസാദ് തുടങ്ങിയവരാണ് കേരളത്തിൽ നിന്ന് ക്യാമ്പിൽ പങ്കെടുത്തവർ. വ്യാസർപാടി, മുല്ലാനഗർ, ഒട്ടേരി, ചെല്ലപ്പ തെരുവ്, കല്ല്യാണപുരം, പുരസൈവാക്കം എന്നിവിടങ്ങളിൽ നടന്ന ക്യാമ്പുകളിൽ 11,000 ത്തോളം പേർക്ക് വൈദ്യസഹായം നൽകുകയുണ്ടായി.

ഡിസംബർ 29ന് MSC കോട്ടയം മെഡിക്കൽ കോളേജ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടന്ന 'ചെന്നൈ അനുഭവങ്ങൾ' പങ്കുവെക്കുന്ന പരിപാടി മെഡിക്കൽ കോളജ് ഗൈനക്കോളജി വിഭാഗം പ്രൊഫസർ ഡോ.സി.പി.വിജയൻ ഉദ്ഘാടനം ചെയ്തു. ദുരിതാശ്വാസ പ്രവർത്തനത്തിലെ അനുഭവങ്ങൾ അതിൽ പങ്കെടുത്തവരെ പുതിയ മനുഷ്യരാക്കിമാറ്റിയെന്നും ചെന്നൈയിലെ ജനങ്ങളുടെ അവസ്ഥ, കൂടുതൽ സാമൂഹ്യ പ്രവർത്തനങ്ങൾക്ക് പ്രചോദിപ്പിക്കുന്നതാണെന്നും യോഗം വിലയിരുത്തി. എംഎസ്സി കോട്ടയം ജില്ലാചാപ്റ്റർ രക്ഷാധികാരി ജെയ്സൺ ജോസഫ് സമാപന സന്ദേശം നൽകി. ഗൈനക്കോളജി വിഭാഗം പ്രൊഫസർ ഡോ. ബിന്ദു സന്നിഹിതയായിരുന്നു. ■



ബ്രേക്ത്രൂ നടത്തുന്ന ദുരിതാശ്വപ്രവർത്തനങ്ങൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ചേർത്തല കെ.ആർ.ഗൗരിയമ്മ കോളേജ് ഓഫ് എഞ്ചിനീയറിംഗ് കോളേജ് സമാഹരിച്ച മെഡിസിനും ബേബി ഫുഡും ട്രസ്റ്റ് ചെയർമാൻ പി.അനകൻ ഡോ.ഹരിപ്രസാദിന് കൈമാറുന്നു

# കശുവണ്ടി വ്യവസായ രംഗത്തെ പ്രതിസന്ധിയ്ക്ക് പരിഹാരം കാണുക

കശുവണ്ടിത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത ഒന്നര ലക്ഷത്തോളം തൊഴിലാളികളുൾപ്പെടെ ഏതാണ്ട് മൂന്ന് ലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുന്ന പരമ്പരാഗത വ്യവസായമാണ് കശുവണ്ടി വ്യവസായം.

ശക്തമായ ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളുടെ ഫലമായി വ്യവസ്ഥാപിതമായ ആനുകൂല്യങ്ങൾ സ്ഥാപിച്ചെടുക്കാനും ഫാക്ടറി ആക്ടിന്റെയും തൊഴിൽ നിയമങ്ങളുടെയുമൊക്കെ സംരക്ഷണം നേടിയെടുക്കാനും ഈ മേഖലയിലെ തൊഴിലാളികൾക്ക് കഴിഞ്ഞിട്ടുണ്ട്.

തൂക്കത്തിലെ വെട്ടിപ്പ്, ഇഎസ്ഐ, പി.എഫ് വിഹിതങ്ങൾ അടയ്ക്കാതിരിക്കൽ,ഡിഎ നിഷേധം, ജോലിഭാരം വർദ്ധിപ്പിക്കൽ, കൃത്യമായി കൂലി നൽകാതിരിക്കൽ തുടങ്ങിയവയൊക്കെ ഈ വ്യവസായത്തിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങളാണ്. കശുവണ്ടി രംഗത്തെ പലപ്രധാന മാനേജ്മെന്റുകളും മാസങ്ങളോളം ഫാക്ടറികൾ അടച്ചിടുന്ന പുതിയ പ്രവണതകൾ കണ്ടുവരുന്നു. തോട്ടണ്ടിയുടെ വിലവർദ്ധനവും ഉയർന്ന കൂലിച്ചെലവും മൂലം വ്യവസായം ലാഭകരമല്ലെന്ന വാദമുയർത്തിയാണ് തൊഴിലുടമകൾ ഇത് ചെയ്യുന്നത്. തൊഴിലാളി പ്രതിഷേധത്തെ അടച്ചുപൂട്ടൽ ഭീഷണി ഉയർത്തിയാണ് മാനേജ്മെന്റുകൾ നേരിടുന്നത്.

തോട്ടണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനം ഓരോ വർഷവും കുറഞ്ഞുവരുന്ന സാഹചര്യത്തിൽ ഇറക്കുമതിയെ ആശ്രയിച്ചാണ് കേരളത്തിലെ 800-ൽപ്പരം വരുന്ന ഫാക്ടറികൾ പ്രവർത്തിച്ചു വരുന്നത്. വിയറ്റ്നാമും ബ്രസീലുമടക്കമുള്ള രാജ്യങ്ങൾ കശുവണ്ടിപരിപ്പിന്റെ ഉല്പാദനം വ്യാപകമായി ആരംഭിച്ചതോടെ ആ രാജ്യങ്ങളുമായി നമ്മുടെ ഉൽപ്പന്നത്തിന് കമ്പോളത്തിൽ മത്സരിക്കേണ്ടതായും വരുന്നു. പൂർണ്ണമായോ ഭാഗികമായോ ഒക്കെയുള്ള യന്ത്രവത്കരണവും കശുവണ്ടി രംഗത്ത് വന്നുകൊണ്ടിരിക്കുകയാണ്. ഇത് വൻതോതിൽ തൊഴിലാളികളെ പുറന്തള്ളുന്നതിന് ഇടയാക്കും. എന്നാൽ യന്ത്രവത്കരണത്തിന് വൻതോതിലുള്ള മൂലധനനിക്ഷേപം ആവശ്യമാണ്. തൊഴിലാളികളെ കിട്ടാൻ ബുദ്ധിമുട്ടുള്ള മേഖലകളിൽ മാത്രം യന്ത്രവത്കരണം എന്നതായിരിക്കണം ഈ വിഷയത്തിലെ അഭികാമ്യമായ നിലപാട്.

തോട്ടണ്ടിയുടെ വിലവർദ്ധനയും ലഭ്യതക്കുറവും കേരളത്തിലെ വർദ്ധിച്ച കൂലിച്ചെലവുമൊക്കെ പ്രതിസന്ധിയ്ക്ക് കാരണമായി തൊഴിലുടമകൾ ഉന്നയിക്കുമ്പോൾ ഇവയെല്ലാം പരിഹരിക്കാൻ കഴിയുന്ന പ്രശ്നങ്ങളാണെന്നാണ് നമ്മുടെ അഭിപ്രായം. തോട്ടണ്ടിയുടെ ലഭ്യതക്കുറവിന്റെപേരിൽ കേരളത്തിലെ ഫാക്ടറികൾ പലതും പൂട്ടിയിടുമ്പോഴും ഇവർ ഇതര സംസ്ഥാനങ്ങളിൽ നൂറുകണക്കിന് ഫാക്ടറികൾ മുടക്കം കൂടാതെ നടത്തുന്നുണ്ട്.

അസംസ്കൃത തോട്ടണ്ടിയുടെ വിലയിലുണ്ടായ വർദ്ധനവ് ഒരു യാഥാർത്ഥ്യമാണെങ്കിലും അതിനുകാരണം കശുവണ്ടി വിപണനരംഗത്തെ തെറ്റായ പ്രവണതകളാണ്. ഉൽപ്പാദക രാജ്യങ്ങളിൽ നിന്നും സ്വകാര്യ വ്യക്തികളും കമ്പനികളും വാങ്ങുന്ന തോട്ടണ്ടി അനേകം തവണ കൈമറിഞ്ഞാണ് നമ്മുടെ ഫാക്ടറികളിൽ എത്തുന്നത്. മാവുപൂക്കുമ്പോൾ തുടങ്ങുന്ന വ്യാപാരം അണ്ടി ഫാക്ടറിയിലെത്തുമ്പോഴേയ്ക്കും അതിന്റെ വില വൻ തോതിൽ ഉയർന്നിരിക്കും. ഇങ്ങനെ ഊഹക്കച്ചവടത്തിലൂടെ ഓരോ സീസണിലും കോടികൾ സമ്പാദിക്കുന്ന ഇടത്തട്ടുകാരാണ് യഥാർത്ഥത്തിൽ കശുവണ്ടി വ്യവസായത്തിലെ പ്രതിസന്ധിയ്ക്ക് കാരണം. ഈ ഇടത്തട്ടുകാരിൽ പലപ്പോഴും തോട്ടണ്ടിയുടെ ലഭ്യതക്കുറവിന്റെ പേരുപറഞ്ഞ് കേരളത്തിലെ ഫാക്ടറികൾ അടച്ചിടുന്ന വ്യവസായികളെയും കാണാൻ കഴിയുമെന്നതാണ് കൗതുകകരമായ കാര്യം.

നമ്മുടെ സമ്പദ്ഘടനയെ നിർണ്ണായകമായി സ്വാധീനിക്കുന്ന, ലക്ഷക്കണക്കിനാളുകൾ പണിയെടുക്കുന്ന ഒരു വ്യവസായത്തിലെ അസംസ്കൃത വസ്തുവിന്റെ വ്യാപാരവും വിലയും ലഭ്യതയുമൊക്കെ ഇത്തരം സ്വകാര്യ വ്യക്തികൾക്ക് വിട്ടുകൊടുക്കാതെ ഇതിനെ ഗവൺമെന്റിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരികയെന്നതാണ് വിലയും ലഭ്യതയുമൊക്കെ നിയന്ത്രിക്കാനുള്ള അടിയന്തിര പരിഹാരമാർഗ്ഗം. സർക്കാർ നിയന്ത്രണത്തിൽ ഉല്പാദകരിൽ നിന്നും നേരിട്ട് വാങ്ങുന്ന തോട്ടണ്ടി കേരളത്തിലെ ലൈസെൻസുള്ള ഫാക്ടറികൾക്ക് അവരുടെ ആവശ്യകതയ്ക്കനുസരിച്ച് ഗവൺമെന്റ് തന്നെ നേരിട്ട് എത്തിച്ചുകൊടുക്കണം. ഒപ്പം ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്ന തോട്ടണ്ടിയുടെ കുത്തക സംഭരണം പുനഃസ്ഥാപിക്കണം. ഇവയിൽ പലതും മുൻപും പരീക്ഷിച്ചിട്ടുള്ളവയാണെങ്കിലും പലതരത്തിലുള്ള സ്ഥാപിത താത്പര്യങ്ങൾ അവയെ പരാജയപ്പെടുത്തുകയാണുണ്ടായത്.

വർഷം മുഴുവൻ ജോലിലഭിച്ചാലും കശുവണ്ടിത്തൊഴിലാളികളുടെ ദാരിദ്ര്യം ഒഴിയില്ല. എന്നാൽ പ്രതിസന്ധിയെക്കുറിച്ച് ആവർത്തിച്ച് പറയുമ്പോഴും നമ്മുടെ പ്രധാനപ്പെട്ട കശുവണ്ടി വ്യവസായികളെല്ലാം തന്നെ നൂറുകണക്കിന് കോടി രൂപയുടെ ആസ്തിയുള്ളവരാണ്. കാലാകാലങ്ങളിൽ പുതുക്കി നിശ്ചയിക്കുന്ന മിനിമം കൂലിയും ബോണസും, DA യും, ESI, PF മൊന്നും ഇതര സംസ്ഥാനങ്ങളിൽ അവിടുത്തെ തൊഴിലാളികൾക്ക് കൊടുക്കുന്നില്ലായെന്നതുകൊണ്ടാണ് അവിടെ കൂലിച്ചെലവ് കുറഞ്ഞിരിക്കുന്നത് എന്നതാണ് വസ്തുത. ഫാക്ടറി ആക്ടും മറ്റു തൊഴിൽ നിയമങ്ങളുമെല്ലാം നമ്മുടെ രാജ്യത്തിന് മൊത്തത്തിൽ ബാധകമാണെന്നിരിക്കെ ഇതര സംസ്ഥാനങ്ങളിൽ പോയി നമ്മുടെ വ്യവസായികൾ ഇവ ലംഘിക്കുന്നത് തടയാനും അവിടെയും ന്യായമായ കൂലിയും മറ്റവകാശങ്ങളും സ്ഥാപിച്ചെടുക്കുവാനും സർക്കാർ, ട്രേഡ് യൂണിയൻ തലങ്ങളിൽ ശക്തമായ നടപടികൾ ഉണ്ടാകണം.

അന്യായമായി പൂട്ടിയിടപ്പെടുന്ന ഫാക്ടറികൾ തുറക്കാൻ തൊഴിലുടമകൾ തയ്യാറാകാത്ത സാഹചര്യത്തിൽ അവ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കാൻ സർക്കാർ തയ്യാറാകണം. ഇങ്ങനെയുള്ള ഫാക്ടറികൾ ഏറ്റെടുക്കാൻ വേണ്ടി കേരള നിയമ സഭ പാസ്സാക്കിയ നിയമങ്ങൾ ഫലപ്രദമായി നടപ്പാക്കാൻ സർക്കാരിന് കഴിയണം. ഇതിനായുള്ള ഡിമാന്റുകൾ ഉന്നയിക്കാൻ പോലുമിന്ന് പ്രബല ട്രേഡ് യൂണിയൻ സംഘടനകൾ തയ്യാറാകുന്നില്ല.

മാതൃകാ തൊഴിലുടമയെന്ന നിലയിൽ പ്രവർത്തിക്കാൻ ബാദ്ധ്യതപ്പെട്ട കാഷ്യു കോർപ്പറേഷൻ (KSCDC), കാപ്പെക്സ് എന്നീ പൊതു മേഖലാ സ്ഥാപനങ്ങൾക്ക് ഇന്നത്തെ പ്രതിസന്ധിയിൽ ചെറുതല്ലാത്ത പങ്കുണ്ട്. തൊഴിൽ നിയമങ്ങളുടെ ലംഘനം പോലും ഇന്ന് ഈ സ്ഥാപനങ്ങളിൽ നിന്നും ഉണ്ടാകുന്നു. തൊഴിൽ നിഷേധത്തിന്റെയും അന്യായമായി അടച്ചിട്ടതിന്റെയുമൊക്കെ പേരിൽ പണ്ട് സ്വകാര്യ ഉടമകളിൽ നിന്നും കോർപ്പറേഷൻ ഏറ്റെടുത്ത ഫാക്ടറികൾ പലതും വീണ്ടും പൂട്ടിയിട്ടതിന്റെയും മറ്റും പേരിൽ കോടതിവിധിപ്രകാരം സ്വകാര്യ ഉടമകൾക്ക് തിരികെ കൊടുത്തുകൊണ്ടിരിക്കുകയാണ്. തോട്ടണ്ടിയുടെ ഇറക്കുമതിയിലും പരിപ്പിന്റെ കയറ്റുമതിയിലും ചില്ലറ വിൽപ്പനയിലുമെല്ലാം നൂറ് കണക്കിന് കോടിരൂപയുടെ നഷ്ടം വരുത്തിവയ്ക്കുന്ന ഈ സ്ഥാപനങ്ങൾ ഇന്ന് അഴിമതിയാരോപണത്തിന്റെ പേരിൽ കോടതി വിധിപ്രകാരം CBI അന്വേഷണത്തെ നേരിടുകയാണ്.

കശുവണ്ടി വ്യവസായികൾക്ക് കയറ്റുമതിക്കുള്ള പ്രോത്സാഹനങ്ങളും മറ്റ് നിരവധി ഇളവുകളും ആനുകൂല്യങ്ങളും നൽകുന്ന സർക്കാർ പൂട്ടിക്കിടക്കുന്ന നൂറുകണക്കിന് ഫാക്ടറികളിലെ തൊഴിലാളികളെ നിർദാക്ഷിണ്യം അവഗണിക്കുകയാണ്. നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കാനും പരിശോധനകൾക്കുമുള്ള എല്ലാ സംവിധാനങ്ങളുമിന്ന് ഫലത്തിൽ പ്രവർത്തന രഹിതമാണ്.

തോട്ടണ്ടിയുടെ ഇറക്കുമതിയും സംഭരണവും സർക്കാർ നിയന്ത്രണത്തിലാക്കുക, വില നിയന്ത്രിക്കുക, കുത്തക സംഭരണം പുന:സ്ഥാപിക്കുക, പൂട്ടിക്കിടക്കുന്ന ഫാക്ടറികൾ സർക്കാർ ഏറ്റെടുത്ത് കാഷ്യൂ കോർപ്പറേഷന് കൈമാറുക, അവ നല്ല നിലയിൽ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കുക, കശുവണ്ടി മേഖലയിൽ തൊഴിൽ നിയമങ്ങളും കൂലിയും മറ്റാനുകൂല്യങ്ങളും രാജ്യത്തുടനീളം നിയമാനുസൃതം നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുക, കാഷ്യൂകോർപ്പറേഷൻ, കാപ്പെക്സ്, ക്ഷേമനിധി ബോർഡ്, സി.ഇ.പി.സി തുടങ്ങിയ കശുവണ്ടി വ്യവസായ രംഗത്തെ എല്ലാ സ്ഥാപനങ്ങളെയും തൊഴിലാളി താത്പര്യം മുൻനിർത്തി പുന:സംഘടിപ്പിക്കുക, അഴിമതിക്ക് അറുതി വരുത്തുക, കുറ്റക്കാരെ കർശനമായി ശിക്ഷിക്കുക, കശുവണ്ടിപ്പരിപ്പിനും അനുബന്ധമായുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്കും വിപണി കണ്ടെത്താൻ സർക്കാർ ഫലപ്രദമായി ഇടപെടുക. തുടങ്ങിയ ഡിമാന്റുകൾ ഉന്നയിച്ചുകൊണ്ടുള്ള ശക്തമായ തൊഴിലാളി പ്രക്ഷോഭണത്തിന് മാത്രമേ വ്യവസായം ഇന്ന് നേരിടുന്ന പ്രതിസന്ധികൾക്ക് പരിഹാരം കാണാനാകൂ. ■

## ചെന്നൈ പ്രളയം: പ്രകൃതിക്ഷോഭമോ മനുഷ്യസൃഷ്ടിയോ?

(3-ാം പേജിൽ നിന്ന്)

യയെ സഹായത്തിനായി ഉപയോഗപ്പെടുത്തണമായിരുന്നു എന്നാണ് വിദഗ്ദ്ധർ പറയുന്നത്. നല്ല തമാശതന്നെ. ഇത് ക്രൂരതയോ അതോ വിഡ്ഢിത്തമോ? വെള്ളത്തിൽ മുങ്ങി ഭക്ഷണമോ കാലുകുത്താൻ സ്ഥലം പോലുമോ ഇല്ലാതെ ഉഴലുന്നവർ എങ്ങനെയാണ് സോഷ്യൽ മീഡിയയെ ഉപയോഗപ്പെടുത്തുന്നത്. എന്നാൽ ദുരന്ത സമയത്ത് അതിനിരയായവർ ആരെന്ന് നോക്കാതെ ഒരു സോഷ്യൽ മീഡിയയുടെയും സഹായമില്ലാതെ എല്ലാ സഹായവും ചെയ്തുകൊണ്ട് ചെന്നൈ നിവാസികൾ പ്രദർശിപ്പിച്ച ഉയർന്ന നൈതികത ഈ വിദഗ്ദ്ധർ കണ്ടുപഠിക്കണം. ഇവിടെ ഉയരുന്ന ചോദ്യമിതാണ് - മനുഷ്യ സൃഷ്ടിയായ ഇത്തരം ദുരന്തങ്ങളിൽനിന്ന് ജനലക്ഷങ്ങളെ നമുക്കെങ്ങനെ രക്ഷിക്കാം?

ജനങ്ങളുടെ ആവശ്യങ്ങൾ ആധികാരികളുടെ ബധിരകർണ്ണങ്ങളിൽ എങ്ങനെ എത്തിക്കാം? ആരാണിതിനെല്ലാം ഉത്തരവാദികൾ? ലക്കുംലഗാനുമില്ലാത്ത നഗരവൽക്കരണം, വനനശീകരണം, ചതുപ്പുനിലം നികത്തൽ എന്നിവയൊക്കെ അനുവദിക്കുന്നതിൽ കേന്ദ്ര -സംസ്ഥാന സർക്കാരുകളും കപട ഇടത്-വലത് പാർട്ടികളുമൊക്കെ ഒരുപോലെ ഉത്തരവാദികളാണ് എന്ന് വ്യക്തം. എന്നാൽ, എന്തുകൊണ്ട് ഇങ്ങനെയെല്ലാം സംഭവിക്കുന്നു?

മുതലാളിത്ത നിയമങ്ങളുടെ സൃഷ്ടിയായ രൂക്ഷമായ കമ്പോള പ്രതിസന്ധിയിൽപ്പെട്ട് ഉഴലുമ്പോഴും പരമാവധി ലാഭത്തിനുവേണ്ടിയുള്ള അടങ്ങാത്ത ദാഹംമൂലം, മറ്റുപല നടപടികളോടൊപ്പം, റിയൽ എസ്റ്റേറ്റ് മേഖലയിലേക്ക് മൂലധനം ഒഴുക്കുകയാണ് മുതലാളിവർഗ്ഗം എന്ന വസ്തുത ജനങ്ങൾ അറിയേണ്ടതുണ്ട്. ജനങ്ങളുടെ സുരക്ഷയോ സംരക്ഷണമോ ഒന്നും അവർ പരിഗണിക്കുന്നില്ല. പരമാവധി ലാഭമുണ്ടാക്കുക എന്ന ഏക ലക്ഷ്യമാണ് അവർക്കുള്ളത്.

സർക്കാർ ദുരന്തം കൈകാര്യം ചെയ്യുന്ന രീതിയിൽനിന്ന് മുതലാളിത്തത്തിന്റെ മനുഷ്യത്വഹീനമായ മുഖം വെളിവാകുന്നുണ്ട്. സഹായത്തിനായി നിലവിളിച്ചുകൊണ്ട് മനുഷ്യർ പട്ടിയെയും പൂച്ചയെയും പോലെ ചത്തൊടുങ്ങുന്നു.ഗവണ്മെന്റിൽനിന്ന് ഒരു പ്രതികരണവുമില്ല. ചുഴലിക്കൊടുങ്കാറ്റും സുനാമിയുമൊക്കെ ഉണ്ടായപ്പോൾ നമ്മൾ ഇത് കണ്ടതാണ്. ഇപ്പോൾ ചെന്നൈയിലും അതുതന്നെ സംഭവിക്കുന്നു. പരസ്പരബന്ധമോ ആശയവിനിമയമോ ഏകോപനമോ കാണാനില്ല. എന്തെങ്കിലും സഹായം ലഭിച്ചാൽത്തന്നെ അത് സങ്കുചിത പാർട്ടി താല്പര്യം മുൻനിർത്തിയായിരിക്കും. ഒരു വശത്ത്, ജനങ്ങളെ ദുരന്തങ്ങളിലേക്ക് തള്ളിവിടുക, മറുവശത്ത് അവരുടെ രക്ഷകരായി മേനി നടിക്കുക. മുതലാളിമാരെ രക്ഷിക്കാനായി 100 സ്മാർട്ട് സിറ്റികൾ ആരംഭിക്കുമെന്ന് വീമ്പിളക്കുന്ന പ്രധാനമന്ത്രി ജനങ്ങളുടെ സുരക്ഷയിൽ യാതൊരു താല്പര്യവും കാണിക്കുന്നില്ല. ഇതേ രീതിയിലാണ് കേന്ദ്ര ഗവണ്മെന്റ് ഡിജിറ്റൽ ഇന്ത്യാ പ്രഖ്യാപനവും നടത്തുന്നത്. രാജ്യം സാങ്കേതിക പുരോഗതി നേടി മിസൈലുകളും സാറ്റലൈറ്റുകളും ബുള്ളറ്റ് ട്രെയിനുകളുമൊക്കെ സ്വന്തമാക്കുന്നു. അപകടത്തിൽ പെടുന്ന ജനങ്ങൾക്കാകട്ടെ ഒരു സഹായവും ലഭിക്കുന്നില്ല. ദുരിതാശ്വാസത്തിന് വൻതുകകൾ അനുവദിക്കുന്നതായി പ്രഖ്യാപിക്കും. എന്നാൽ ഇത് ഏതളവിൽ, എത്ര വേഗതയിൽ ഇരകളിലെത്തും, ജീവനും ജീവിതവും നിലനിർത്താനും കരുപ്പിടിപ്പിക്കാനും ഇതുപകരിക്കുമോ എന്നതാണ് നിർണ്ണായക ചോദ്യം.

ജനങ്ങളുടെ ആവശ്യങ്ങൾ അംഗീകരിക്കാൻ ഗവണ്മെന്റുകളെ നിർബന്ധിതമാക്കുംവിധം കരുത്തുറ്റ ജനകീയ മുന്നേറ്റം വളർത്തിയെടുക്കേണ്ടതിന്റെ ആവശ്യകത, ഈ ഭീഷണമായ സാഹചര്യം ബോദ്ധ്യപ്പെടുത്തുന്നു. ജനങ്ങൾ ഒറ്റക്കെട്ടായി സംഘടിക്കുകയും പ്രകൃതിയോടുള്ള കളി മതിയാക്കി മതിയായ അളവിൽ മുൻകരുതൽ നടപടികളും സുരക്ഷാസംവിധാനങ്ങളും കൈക്കൊള്ളാൻ ഹൃദയശൂന്യമായ ഗവണ്മെന്റുകളെ നിർബ്ബന്ധിതമാക്കുകയും ചെയ്യുക എന്നതുമാത്രമാണ് ഏക പോംവഴി. ■

## ഇടതു നേതാക്കളോടും അണികളോടും ഒരഭ്യർത്ഥന

(2-ാം പേജിൽ നിന്ന്)

ഭയിൽ അക്കൗണ്ട് തുറക്കുക എന്ന ലക്ഷ്യം മുൻനിർത്തി കഴിഞ്ഞ മൂന്നര പതിറ്റാണ്ടായി ബിജെപി നടത്തിയിട്ടുള്ള മുഴുവൻ രാഷ്ട്രീയ തന്ത്രങ്ങളും പരാജയപ്പെടാൻ കാരണം അവർ അവതരിപ്പിക്കുന്ന വർഗ്ഗീയതയുടെയും സ്പർദ്ധയുടെയും സമീപനം കേരളത്തിലെ ജനാധിപത്യ സാമൂഹ്യബോധത്തിന് അംഗീകരിക്കാനാവില്ല എന്നതിനാലാണ്. രാഷ്ട്രീയ ചേരി വ്യത്യാസമില്ലാതെ ജനങ്ങളൊന്നാകെ കാലുഷ്യരഹിതമായ സമാധാനപൂർണ്ണമായ ജീവിതത്തിന് അത്രമേൽ പ്രാധാന്യം കൽപ്പിക്കുന്ന ജനതയാണ് ഈ സംസ്ഥാനത്തുള്ളത്. ഈ സാമൂഹ്യാന്തരീക്ഷത്തിന് ഒട്ടും യോജിച്ച പ്രത്യയശാസ്ത്രമല്ല ബിജെപി മുന്നോട്ടുവയ്ക്കുന്നതെന്ന് വിവേകപൂർവ്വം കേരളത്തെക്കുറിച്ച് പഠിക്കുന്ന ഏതൊരാൾക്കും മനസ്സിലാക്കാൻ കഴിയും. ആരാധനാലയങ്ങളെയും മതവിശ്വാസത്തെയും കേന്ദ്രീകരിച്ച് സംഘടന സൃഷ്ടിക്കുക എന്ന ആയാസരഹിതമായ മാർഗ്ഗം സ്വീകരിച്ചിട്ടും ഭൂരിപക്ഷം ഹിന്ദുമതവിശ്വാസികളെയും വർഗ്ഗീയമുദ്രാവാക്യങ്ങളാൽ ആകർഷിക്കാൻ ബിജെപിക്ക് കഴിഞ്ഞില്ല എന്നത് കേരളത്തിൽ അവശേഷിക്കുന്ന മതേതരബോധത്തിന്റെ പ്രതിഫലനമാണ്. മാധ്യമങ്ങളുടെ ലജ്ജാകരമായ മോദി സ്തുതിയും നിർലോഭമായ പിന്തുണയും എസ്എൻഡിപിയുടെയും കെപിഎംഎസിന്റെ ഒരു വിഭാഗത്തിന്റെയും പൂർണ്ണ പിന്തുണയും തുടർന്ന് ഉണ്ടായ സമത്വമുന്നണിയും ഇവയെല്ലാം ഉണ്ടായിട്ടും പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ സാരമായ നിലയിൽ മുന്നേറാനായില്ല എന്നത് അവഗണിക്കാനാവാത്ത വസ്തുതയാണ്.

ഇത്തരമൊരു സാഹചര്യത്തിൽ കേരളത്തിലെ ജനാധിപത്യവിശ്വാസികളെയും മനുഷ്യസ്നേഹികളെയും അതിബൃഹത്തായ ഒരു ജനാധിപത്യ മുന്നേറ്റത്തിൽ അണിനിരത്തുകയാണ് വേണ്ടത്. പുരസ്കാരങ്ങൾ തിരിച്ചു

(ശേഷം 5-ാം പേജിൽ)

## സൈദ്ധാന്തിക പാഠങ്ങൾ

# ലെനിനിസത്തിന്റെ അടിസ്ഥാനങ്ങൾ

## (സ്വെർദ്‌ലോവ് സർവ്വകലാശാലയിൽ സ്റ്റാലിൻ നടത്തിയ പ്രഭാഷണങ്ങളിൽ നിന്ന്)

### അപ്പോൾ, എന്താണ് ലെനിനിസം?



**റഷ്യയുടെ സവിശേഷ സാഹചര്യത്തിൽ മാർക്സിസത്തിന്റെ പ്രയോഗമാണ് ലെനിനിസമെന്ന് ചിലർ പറയുന്നു. ഈ നിർവ്വചനത്തിൽ സത്യത്തിന്റെ ഒരംശമുണ്ട്. എന്നാൽ പൂർണ്ണമായ സത്യം തീർച്ചയായും ഇല്ല. ശരിയാണ്, ലെനിൻ റഷ്യൻ സാഹചര്യത്തിൽ മാർക്സിസത്തെ പ്രയോഗത്തിൽ വരുത്തി. തികഞ്ഞ വൈഭവത്തോടെ തന്നെ അദ്ദേഹമത് നിർവ്വഹിച്ചു. എന്നാൽ, ലെനിനിസം റഷ്യയുടെ സവിശേഷസാഹചര്യത്തിലുള്ള മാർക്സിസത്തിന്റെ പ്രയോഗം മാത്രമായിരുന്നുവെങ്കിൽ അത് തികച്ചും ദേശീയമായ, ദേശീയം മാത്രമായ, ഒരു പ്രതിഭാസമാകുമായിരുന്നു. തികച്ചും റഷ്യനായ, റഷ്യൻ മാത്രമായ, പ്രതിഭാസം. പക്ഷെ, നമുക്കറിയാം, ലെനിനിസം കേവലം ഒരു റഷ്യൻ പ്രതിഭാസമല്ല. സാർവ്വദേശീയ സംഭവവികാസങ്ങളിലാകെ വേരുകളാഴ്ത്തിയിട്ടുള്ള ഒരു സാർവ്വദേശീയ പ്രതിഭാസമാണത്. അതുകൊണ്ടാണ് ഈ നിർവചനം ഏകപക്ഷീയമാണെന്ന് ഞാൻ കരുതുന്നത്.**

**മാ**ർക്സിസം മിതവാദപരവും വിപ്ലവേതരവുമായി മാറിയതായി ആരോപിക്കപ്പെടുന്ന പിൻ വർഷങ്ങളുടേതിൽ നിന്ന് വ്യത്യസ്തമായ, ആയിരത്തി എണ്ണൂറ്റി നാല്പതുകളിലെ മാർക്സിസത്തിന്റെ വിപ്ലവകരമായ അംശങ്ങളുടെ പുനഃരുജ്ജീവനമാണ് ലെനിനിസം എന്ന് മറ്റുചിലർ പറയുന്നു. മാർക്സിന്റെ പാഠങ്ങളെ മിതവാദപരവും വിപ്ലവകരവുമെന്ന് രണ്ടായി തരംതിരിക്കുന്ന ഈ മൂഢവും വികലവുമായ രീതിയെ അവഗണിക്കുകയാണെങ്കിൽ, തികച്ചും അപര്യാപ്തവും തൃപ്തികരമല്ലാത്തതുമായ ഈ നിർവ്വചനത്തിൽപ്പോലും സത്യത്തിന്റെ അംശമുണ്ടെന്ന് കാണാൻ കഴിയും. രണ്ടാം ഇന്റർനാഷണലിലെ അവസരവാദികൾ അമർച്ച ചെയ്തുവച്ചിരുന്ന മാർക്സിസത്തിന്റെ വിപ്ലവാംശത്തെ ലെനിൻ യഥാർത്ഥത്തിൽ പുനഃസ്ഥാപിച്ചു എന്നതാണ് സത്യത്തിന്റെ ആ അംശം. പക്ഷെ, സത്യത്തിന്റെ ഒരു കണിക മാത്രമാണത്. ലെനിൻ മാർക്സിസത്തെ പുനഃസ്ഥാപിച്ചു എന്നുമാത്രമല്ല, മുതലാളിത്തത്തിന്റെയും തൊഴിലാളിവർഗ്ഗത്തിന്റെ വർഗ്ഗസമരത്തിന്റെയും പുതിയ സാഹചര്യത്തിൽ മാർക്സിസത്തെ കൂടുതൽ വികസിപ്പിച്ചുകൊണ്ട് അദ്ദേഹം ഒരു ചുവട് മുന്നോട്ട് വയ്ക്കുക കൂടി ചെയ്തു എന്നതാണ് ലെനിനിസത്തെ സംബന്ധിച്ച പൂർണ്ണമായ സത്യം.

അപ്പോൾ, ആത്യന്തിക വിശകലനത്തിൽ എന്താണ് ലെനിനിസം? സാമ്രാജ്യത്വത്തിന്റെയും തൊഴിലാളിവർഗ്ഗ വിപ്ലവത്തിന്റെയും യുഗത്തിലെ മാർക്സിസമാണ് ലെനിനിസം. കൂടുതൽ കൃത്യമായി പറഞ്ഞാൽ, പൊതുവിൽ തൊഴിലാളിവർഗ്ഗ വിപ്ലവത്തിന്റെ സിദ്ധാന്തവും അടവും, പ്രത്യേകിച്ച് തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിന്റെ സിദ്ധാന്തവും അടവും – അതാണ് ലെനിനിസം. മാർക്സും എംഗൽസും പ്രവർത്തിച്ചിരുന്നത് വിപ്ലവത്തിന് മുമ്പുള്ള ഘട്ടത്തിലായിരുന്നു. (തൊഴിലാളിവർഗ്ഗ വിപ്ലവം നമ്മുടെ മനസ്സിലുണ്ടായിരുന്നു). അന്ന് വികസിതമായ സാമ്രാജ്യത്വം നിലവിൽ വന്നിരുന്നില്ല. തൊഴിലാളിവർഗ്ഗം വിപ്ലവത്തിന് വേണ്ടി തയ്യാറെടുക്കുന്ന ഘട്ടമായിരുന്നു അത്. അന്ന് തൊഴിലാളിവർഗ്ഗ വിപ്ലവം അടിയന്തരമായ ഒരു പ്രായോഗിക അനിവാര്യതയായിരുന്നില്ല. എന്നാൽ, മാർക്സിന്റെയും എംഗൽസിന്റെയും ശിഷ്യനായ ലെനിൻ പ്രവർത്തിച്ചത് വികസിതമായ സാമ്രാജ്യത്വത്തിന്റെ കാലഘട്ടത്തിലാണ്. തൊഴിലാളിവർഗ്ഗവിപ്ലവം സാക്ഷാത്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഘട്ടത്തിൽ. തൊഴിലാളിവർഗ്ഗവിപ്ലവം ഒരു രാജ്യത്ത് വിജയം കൈവരിക്കുകയും, ബൂർഷ്വാജനാധിപത്യത്തെ തകർത്തെറിഞ്ഞ് തൊഴിലാളിവർഗ്ഗ ജനാധിപത്യത്തിന്റെ യുഗത്തെ, സോവിയറ്റുകളുടെ യുഗത്തെ, ആനയിക്കുകയും ചെയ്തുകഴിഞ്ഞ ഘട്ടത്തിൽ.

അതുകൊണ്ടാണ് ലെനിനിസം മാർക്സിസത്തിന്റെ കൂടുതൽ വികസിതമായ രൂപമായിരിക്കുന്നത്.

ലെനിനിസത്തിന്റെ സവിശേഷമായ സമരോത്സുകത, സവിശേഷമായ വിപ്ലവസ്വഭാവം, സാധാരണയായി പലരും ചൂണ്ടിക്കാട്ടാറുണ്ട്. ലെനിനിസത്തിന്റെ ഈ സവിശേഷസ്വഭാവത്തിന് രണ്ട് കാരണങ്ങളാണുള്ളത്. ഒന്ന്, ലെനിനിസം വിപ്ലവത്തിൽ നിന്നും ആവിർഭവിച്ചതാണെന്ന വസ്തുതയാണ്. അതുകൊണ്ടുതന്നെ വിപ്ലവത്തിന്റെ മുദ്ര വഹിക്കാതിരിക്കാൻ അതിന് കഴിയില്ല. രണ്ടാമതായി, ലെനിനിസം വളർന്ന് കരുത്താർജ്ജിച്ചത് രണ്ടാം ഇന്റർനാഷണലിന്റെ അവസരവാദത്തിനെതിരായ ഏറ്റുമുട്ടലിലൂടെയാണെന്ന വസ്തുതയാണ്. ആ ഏറ്റുമുട്ടൽ മുതലാളിത്തത്തിനെതിരെയുള്ള വിജയകരമായ പോരാട്ടത്തിനുള്ള അനുപേക്ഷണീയവും പ്രാഥമികവുമായ മുന്നുപാധിയായിരുന്നു, ഇന്നും അതങ്ങനെ തന്നെയാണ്. ഒരു കാര്യം വിസ്മരിച്ചുകൂടാ. അതായത്, ഒരു വശത്ത് മാർക്സിനും എംഗൽസിനും മറുവശത്ത് ലെനിനും ഇടയിലുള്ള കാലഘട്ടം രണ്ടാം ഇന്റർനാഷണലിന്റെ അവസരവാദം സർവ്വാധിപത്യം പുലർത്തിയ കാലഘട്ടമായിരുന്നു. ഈ അവസരവാദത്തിനെതിരായ നിർദ്ദയമായ പോരാട്ടം ലെനിനിസത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കർത്തവ്യങ്ങളിലൊന്നാകാതെ തരമില്ലായിരുന്നു.

ലെനിനിസം വളർന്നതും രൂപപ്പെട്ടതും സാമ്രാജ്യത്വത്തിന്റെ സാഹചര്യത്തിലാണ്. മുതലാളിത്തത്തിന്റെ വൈരുദ്ധ്യങ്ങൾ പാരമ്യത്തിലെത്തിയ ഘട്ടമാണത്. തൊഴിലാളിവർഗ്ഗവിപ്ലവം ഒരു അടിയന്തര പ്രായോഗികാവശ്യകതയായിത്തീർന്നിരിക്കുന്ന സാഹചര്യം. തൊഴിലാളിവർഗ്ഗം വിപ്ലവത്തിന് വേണ്ടി തയ്യാറെടുത്തുകൊണ്ടിരുന്ന ആ പഴയ കാലഘട്ടം പുതിയൊരു ഘട്ടത്തിലേയ്ക്ക്, അതായത് മുതലാളിത്തത്തിനെതിരെയുള്ള നേരിട്ടുള്ള കടന്നാക്രമണത്തിന്റെ ഘട്ടത്തിലേയ്ക്ക്, എത്തിച്ചേർന്നിട്ടുള്ള സാഹചര്യം.

ലെനിൻ സാമ്രാജ്യത്വത്തെ "മരണാസന്ന മുതലാളിത്തം" എന്ന് വിളിച്ചു. എന്തുകൊണ്ട്? എന്തുകൊണ്ടെന്നാൽ, സാമ്രാജ്യത്വം മുതലാളിത്തത്തിന്റെ വൈരുദ്ധ്യങ്ങളെ അതിന്റെ അവസാന സീമ വരെ, അങ്ങേയറ്റത്തെ പരിധി വരെ, അതിനുമപ്പുറം വിപ്ലവം എന്ന ആ ഘട്ടം വരെ, കൊണ്ടെത്തിച്ചിരിക്കുന്നു. ഈ വൈരുദ്ധ്യങ്ങളിൽ ഏറ്റവും പ്രധാനമായി പരിഗണിക്കാവുന്നത് മൂന്ന് വൈരുദ്ധ്യങ്ങളാണ്.

*ഒന്നാമത്തെ വൈരുദ്ധ്യം* അദ്ധ്വാനവും മൂലധനവും തമ്മിലുള്ള വൈരുദ്ധ്യമാണ്. സാമ്രാജ്യത്വം വ്യാവസായികരാജ്യങ്ങളിൽ കുത്തക ട്രസ്റ്റുകളുടെയും സിൻഡിക്കേറ്റുകളുടെയും, ബാങ്കുകളുടെയും ധനദുഷ്പ്രഭുത്വത്തിന്റെയും സർവ്വാധീശത്വമാണ്. ഈ സർവ്വാധീശത്വത്തിനെതിരായ പോരാട്ടത്തിൽ തൊഴിലാളിവർഗ്ഗത്തിന്റെ സാമ്പ്രദായിക രീതികൾ–ട്രേഡ്‌യൂണിയനുകളും സഹകരണസംഘങ്ങളും, പാർലമെന്ററി പാർട്ടികളും പാർലമെന്ററി സമരവും–തികച്ചും അപര്യാപ്തമാണെന്ന് തെളിഞ്ഞിരിക്കുന്നു. ഒന്നുകിൽ സ്വയം മൂലധനത്തിന്റെ ദയാദാക്ഷിണ്യത്തിന് വിട്ടുകൊടുത്തുകൊണ്ട്, മുമ്പെന്നപോലെ ദുരിതപൂർണ്ണമായ ജീവിതം തള്ളിനീക്കുകയും, കൂടുതൽ കൂടുതൽ ചവിട്ടിത്താഴ്ത്തപ്പെടുകയും ചെയ്യുക, അതല്ലെങ്കിൽ പുതിയ ആയുധം കൈക്കൊള്ളുക–സാമ്രാജ്യത്വം തൊഴിലാളിവർഗ്ഗത്തിന്റെ വിശാലവിഭാഗങ്ങളുടെ മുന്നിൽ ഇങ്ങനെയൊരു ബദൽ അവതരിപ്പിക്കുന്നു. സാമ്രാജ്യത്വം തൊഴിലാളിവർഗ്ഗത്തെ വിപ്ലവത്തിലേയ്ക്ക് ആനയിക്കുന്നു.

*രണ്ടാമത്തെ വൈരുദ്ധ്യം*, അസംസ്കൃത വസ്തുക്കളും വിദേശഭൂവിഭാഗങ്ങളും കൈയടക്കാനുള്ള തമ്മിലടി മൂലം വ്യത്യസ്ത സാമ്പത്തികഗ്രൂപ്പുകളും സാമ്രാജ്യത്വശക്തികളും തമ്മിൽത്തമ്മിലുണ്ടായിട്ടുള്ള വൈരുദ്ധ്യമാണ്. സാമ്രാജ്യത്വമെന്നത് അസംസ്കൃതവിഭവങ്ങളുടെ ഉറവിടങ്ങളിലേയ്ക്കുള്ള മൂലധനക്കയറ്റുമതിയാണ്. ഇതിനകം വിഭജിക്കപ്പെട്ട ലോകത്തെ വീണ്ടും വിഭജിക്കുന്നതിനുവേണ്ടിയുള്ള തമ്മിലടിയാണ്. ഇതിനകം തങ്ങൾ കൈയടക്കിയതിൽ കടിച്ചുതൂങ്ങി നിൽക്കുന്ന പഴയ സാമ്പത്തികഗ്രൂപ്പുകൾക്കും ശക്തികൾക്കുമെതിരെ, "സൂര്യന് കീഴിൽ തങ്ങൾക്കും ഒരിടം" നേടാൻ വേണ്ടി, പുതിയ സാമ്പത്തിക ഗ്രൂപ്പുകളും ശക്തികളും നടത്തുന്ന ഭയാനകമായ പോരാട്ടമാണ്. വിഭിന്ന മുതലാളിത്ത ഗ്രൂപ്പുകൾ തമ്മിൽ നടത്തുന്ന ഈ ഭ്രാന്തമായ പോരാട്ടത്തിലെ ശ്രദ്ധേയമായ കാര്യം, സാമ്രാജ്യത്വയുദ്ധങ്ങൾ, വിദേശ ഭൂപ്രദേശങ്ങൾ വെട്ടിപ്പിടിക്കുന്നതിനുവേണ്ടിയുള്ള യുദ്ധങ്ങൾ, അതിൽ അനിവാര്യമായും ഉൾപ്പെട്ടിരിക്കുന്നു എന്നുള്ളതാണ്. ഇത് സാമ്രാജ്യത്വശക്തികൾ പരസ്പരം ദുർബ്ബലപ്പെടുത്തുന്നതിലേയ്ക്ക്, പൊതുവിൽ മുതലാളിത്തത്തിന്റെ നില ദുർബ്ബലപ്പെടുത്തുന്നതിലേയ്ക്ക്, തൊഴിലാളിവർഗ്ഗവിപ്ലവത്തിന്റെ കടന്നുവരവിന് ആക്കം കൂട്ടുന്നതിലേയ്ക്ക്, ആ വിപ്ലവം ഒരു പ്രായോഗിക അനിവാര്യതയാക്കിത്തീർക്കുന്നതിലേയ്ക്ക്, നയിക്കുന്നു എന്നതാണ് ഈ സാഹചര്യത്തെ സംബന്ധിച്ചിടത്തോളം ശ്രദ്ധേയമായ കാര്യം.

*മൂന്നാമത്തെ വൈരുദ്ധ്യം*, ഒരു പിടി വരുന്ന ഭരിക്കുന്ന 'പരിഷ്കൃത' രാജ്യങ്ങളും ലോകത്തെ കോളനികളിൽ പാരതന്ത്ര്യത്തിൽ കഴിയുന്ന കോടിക്കണക്കിന് വരുന്ന ജനങ്ങളും തമ്മിലുള്ള വൈരുദ്ധ്യമാണ്. വിശാലമായ കോളനികളിലും ആശ്രിതരാജ്യങ്ങളിലും ജീവിക്കുന്ന കോടിക്കണക്കിന് ജനങ്ങളുടെ മേലുള്ള നഗ്നമായ ചൂഷണവും തികച്ചും നിഷ്ഠുരമായ മർദ്ദനവുമാണ് സാമ്രാജ്യത്വം. ജനങ്ങളെ പിഴിഞ്ഞൂറ്റി അതിലാഭമുണ്ടാക്കുകയെന്നതാണ് ഈ മർദ്ദനത്തിന്റെയും ഈ ചൂഷണത്തിന്റെയും ലക്ഷ്യം. പക്ഷെ, ഈ രാജ്യങ്ങളെ ചൂഷണം ചെയ്യുമ്പോൾത്തന്നെ അവിടങ്ങളിൽ റെയിൽവേയും ഫാക്ടറികളും മില്ലുകളും വ്യാവസായിക വാണിജ്യകേന്ദ്രങ്ങളും നിർമ്മിക്കാൻ സാമ്രാജ്യത്വം നിർബ്ബന്ധിതമായിത്തീർന്നിരിക്കുന്നു. ആ രാജ്യങ്ങളിൽ തൊഴിലാളിവർഗ്ഗത്തിന്റെയും തദ്ദേശീയ ബുദ്ധിജീവികളുടെയും ആവിർഭാവം, ദേശീയബോധത്തിന്റെ ആവിർഭാവം, സ്വാതന്ത്ര്യസമരത്തിന്റെ വളർച്ച – ഇവയൊക്കെയാണ് ഈ "നയത്തിന്റെ" അനിവാര്യഭവിഷ്യത്തുകൾ. ഒന്നൊഴിയാതെ എല്ലാ കോളനികളിലും ആശ്രിതരാജ്യങ്ങളിലും വിപ്ലവപ്രസ്ഥാനത്തിനുണ്ടായിരിക്കുന്ന വളർച്ച ഈ വസ്തുതയെ സാക്ഷ്യപ്പെടുത്തുന്നു. തൊഴിലാളിവർഗ്ഗത്തെ സംബന്ധിച്ചിടത്തോളം ഈ സാഹചര്യത്തിന് വലിയ പ്രാധാന്യമുണ്ട്. എന്തെന്നാൽ ഇത് കോളനികളെയും ആശ്രിതരാജ്യങ്ങളെയും മുതലാളിത്തത്തിന്റെ കരുതൽസേന എന്ന നിലയിൽ നിന്ന് തൊഴിലാളിവർഗ്ഗവിപ്ലവത്തിന്റെ കരുതൽസേനയാക്കി മാറ്റിത്തീർത്തിരിക്കുന്നു.

ഇവയാണ് പൊതുവിൽ സാമ്രാജ്യത്വത്തിന്റെ പ്രധാന വൈരുദ്ധ്യങ്ങൾ. ഈ വൈരുദ്ധ്യങ്ങൾ പഴയ, "തഴച്ചുവളർന്നുകൊണ്ടിരുന്ന" മുതലാളിത്തത്തെ മരണാസന്ന മുതലാളിത്തമാക്കി മാറ്റിയിരിക്കുന്നു.

പത്തുകൊല്ലം മുമ്പ് പൊട്ടിപ്പുറപ്പെട്ട സാമ്രാജ്യത്വയുദ്ധത്തിന്റെ പ്രാധാന്യം കുടികൊള്ളുന്നത് അത് മറ്റ് കാര്യങ്ങളോടൊപ്പം, ഈ വൈരുദ്ധ്യങ്ങളെയെല്ലാം ഒരൊറ്റ ബിന്ദുവിലേയ്ക്ക് ആവാഹിക്കുകയും പ്രത്യക്ഷമാക്കുകയും അതുവഴി തൊഴിലാളിവർഗ്ഗത്തിന്റെ വിപ്ലവപ്പോരാട്ടങ്ങൾക്ക് ആക്കം നൽകുകയും ചെയ്തിരിക്കുന്നുവെന്നതിലും കൂടിയാണ്.

മറ്റ് വാക്കുകളിൽ പറഞ്ഞാൽ, സാമ്രാജ്യത്വം വിപ്ലവത്തെ ഒരു പ്രായോഗിക അനിവാര്യതയാക്കിത്തീർത്തിരിക്കുന്നതിന് മാത്രമല്ല, മുതലാളിത്തത്തിന്റെ നെടുങ്കോട്ടകളിലേയ്ക്ക് പ്രത്യക്ഷത്തിലുള്ള ഒരു കടന്നാക്രമണത്തിന് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുന്നതിനും നിമിത്തമായിത്തീർന്നിരിക്കുന്നു. ലെനിനിസത്തിന് ജന്മം നൽകിയ സാർവ്വദേശീയ സാഹചര്യം അത്തരത്തിലുള്ളതായിരുന്നു.

**(J.Stalin, Foundations of Leninism...,** National Book Agency, Calcutta, 1967)

■

## ഇടതു നേതാക്കളോടും അണികളോടും ഒരഭ്യർത്ഥന

*(4-ാം പേജിൽ നിന്ന്)*

നൽകിയും ലേഖനമെഴുതിയും സാമൂഹ്യ – സാംസ്കാരിക രംഗത്തെ എണ്ണമറ്റ പ്രമുഖർ ഫാസിസ്റ്റ് പ്രവണതയ്ക്കെതിരെ ശക്തമായ നിലപാട് സ്വീകരിച്ച് രംഗത്തെത്തിയത് സാധാരണ ജനങ്ങൾക്ക് അളവറ്റ ആത്മവിശ്വാസമാണ് പകർന്ന് നൽകിയത്. ഈ ആത്മവിശ്വാസത്തിനും വർഗ്ഗീയതക്കെതിരായ ജനവികാരത്തിനും സംഘടിതമായ പ്രക്ഷോഭത്തിന്റെരൂപം നൽകുന്നതിന് പകരം വർഗ്ഗീയതയെയും മതാഭിമുഖ്യത്തെയും ശക്തിപ്പെടുത്തുന്ന നടപടികളാണ് ഇടതുപ്രസ്ഥാനങ്ങളുടെ ഭാഗത്തുനിന്ന് ഉണ്ടായത്. ഇതിനെ ശക്തമായി തിരസ്കരിക്കാൻ ഉടതുരാഷ്ട്രീയത്തിന്റെ മഹിമയെ പ്രാണനെപ്പോലെ കരുതുന്ന ഇടതുപക്ഷ പ്രവർത്തകർ തയ്യാറാകണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ശ്രീകൃഷ്ണജയന്തി ആചരണവും ഗണപതി പൂജയും ക്രിസ്തുമസ്സ് ആഘോഷവും നോമ്പുതുറയും ഉൽസവക്കമ്മിറ്റി പ്രവർത്തനവും ഒരു വിധത്തിലും വർഗ്ഗീയതയെ നേരിടാനുള്ള മാർഗ്ഗമല്ല എന്ന് ഇടതു പ്രസ്ഥാനങ്ങളുടെ ആത്മാർത്ഥതയുള്ള അണികൾ മനസ്സിലാക്കണം. മതവിശ്വാസികളുടെ ജോലികൾ അവർ ചെയ്യട്ടെ. ഇടതുപാർട്ടികൾ നിർവ്വഹിക്കേണ്ട ചരിത്രപ്രധാനമായ ചുമതലകൾ മറ്റ് അനവധിയാണ്. ഇടതുരാഷ്ട്രീയ പ്രതിരോധത്തിന്റെ അവസാനകല്ലും ഇളക്കി കളയുന്ന ഈ നടപടി ഈ സംസ്ഥാനത്തിനുമേൽ ഏൽപ്പിക്കുന്നത് വിവരിക്കാനാവാത്ത ആഘാതമാണ്. മനുഷ്യനെയും മാനവിക മൂല്യങ്ങളെയും സംരക്ഷിക്കാനാഗ്രഹിക്കുന്ന ഏതൊരുവനും ആധുനിക മതേതരവീക്ഷണത്തിന്റെ അടിത്തറയിൽ നിന്നുകൊണ്ട് പൊരുതാൻ തീരുമാനിക്കണം. അതിന് കളമൊരുക്കലാണ് ഇടതുപ്രസ്ഥാനങ്ങളുടെ ചുമതല.

■

# വിദ്യാഭ്യാസവായ്പ: ഐഎൻപിഎ പ്രതിഷേധ മാർച്ച്

വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലായവരുടെ വായ്പ സമ്പൂർണ്ണമായും സർക്കാർ ഏറ്റെടുത്ത് ജനങ്ങളെ രക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഐഎൻപിഎ യുടെ നേതൃത്വത്തിൽ കഴിഞ്ഞ 4 വർഷമായി സമര പരിപാടികൾ സംസ്ഥാനമെമ്പാടും നടന്നുവരികയാണ്. അതിൻപ്രകാരം കഴിഞ്ഞ യുപിഎ സർക്കാർ 2600 കോടിരൂപ ബാങ്കുകൾക്ക് അനുവദിക്കുകയുണ്ടായി. പലിശ പൂർണ്ണമായും എഴുതി തള്ളുന്നതിനുവേണ്ടിയാണ് ആ തുക അനുവദിച്ചത്. വർഷം 2 പൂർത്തിയായിട്ടും പലിശ ഇളവു ചെയ്യുവാൻ ബാങ്കുകൾ തയ്യാറായിട്ടില്ല. മൊറട്ടോറിയം കാലയളവിൽ പോലും ജപ്തി ഭീഷണിയുമായി ഉദ്യോഗസ്ഥർ വീടുകൾ കയറിയിറങ്ങുകയും കൂടാതെ, കോടിക്കണക്കിനു രൂപ സർക്കാരിനെ കബളിപ്പിക്കുകയും ഇളവുകൾ നേടുകയും ചെയ്ത കുത്തകഭീമൻ റിലയൻസിന്റെ ഗുണ്ടകളും രംഗത്തിറങ്ങിയിരുന്നു.

സമൂഹത്തെ സേവിക്കുവാൻ പ്രത്യേകിച്ച് ആതുര സേവനമേഖലയിൽ മക്കൾക്ക് വിദ്യാഭ്യാസം നൽകിയത് അപരാധമായി ഇന്ന് മാറിയിരിക്കുന്നു. ബാങ്കും കോടതിയും റിലയൻസും എല്ലാവരും ചേർന്ന് വിദ്യാഭ്യാസ വായ്പയെടുത്തവരെ ആത്മഹത്യയിലേക്ക് തള്ളി വിടുവാൻ ശ്രമിക്കുന്നു .ഇത്തരം ഒരു സാഹചര്യത്തിലാണ് വിദ്യാഭ്യാസ വായ്പയെടുത്തവരെ രക്ഷിക്കുവാൻ അധികാരികൾ തയ്യാറാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഐഎൻപിഎയുടെ ആഭിമുഖ്യത്തിൽ വിവിധ ജില്ലകളിൽ പ്രതിഷേധ പരിപാടികൾ സംഘടിപ്പിച്ചത്.

## ആലപ്പുഴ

വിദ്യാഭ്യാസ വായ്പയുടെ പേരിൽ ജനങ്ങളെ ഭീഷണിപ്പെടുത്തുന്ന ബാങ്ക്-റിലയൻസ് ഗുണ്ടാസംഘങ്ങളിൽ നിന്നും ജനങ്ങളെ രക്ഷിക്കാൻ അധികാരികൾ തയാറാകണമെന്നാവശ്യപ്പെട്ടുകൊണ്ട് ഐഎൻപിഎ ആലപ്പുഴ ജില്ലാകമ്മറ്റിയുടെ നേതൃത്വത്തിൽ ഡിസംബർ 30ന് കളക്ട്രേറ്റ് മാർച്ചും ധർണ്ണയും നടന്നു.

നൂറു കണക്കിന് രക്ഷിതാക്കളും വിദ്യാർത്ഥികളും മാർച്ചിലും ധർണ്ണയിലും പങ്കെടുത്തു. ഐഎൻപിഎ ജില്ലാ പ്രസിഡന്റ് നന്ദനൻ വലിയപറമ്പിൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ സംസ്ഥാന വൈസ് പ്രസിഡന്റ് സി.കെ.ശിവദാസൻ ഉദ്ഘാടനം ചെയ്തു. ജനകീയ പ്രതിരോധ സമിതി ജില്ലാ വൈസ് പ്രസിഡന്റ് ടി.ബി. വിശ്വനാഥൻ, പി.ആർ.സതീശൻ, എസ്‌യുസിഐ ജില്ലാകമ്മറ്റി അംഗം അഡ്വ.എം.എ. ബിന്ദു, ഐഎൻപിഎ ജില്ലാ ട്രഷറർ കെ.ശിവൻകുട്ടി, ജില്ലാ ജോയിന്റ് സെക്രട്ടറി കെ.പി മനോഹരൻ, സി.വി.പീതാംബരൻ, ടി.കോശി, തുടങ്ങിയവർ പ്രസംഗിച്ചു.ജില്ലാസെക്രട്ടറി കെ.ജെ ഷീല സ്വാഗതവും ടി.ആർ. രാജിമോൾ കൃതജ്ഞതയും രേഖപ്പെടുത്തി.

## ഇടുക്കി

വിദ്യാഭ്യാസ വായ്പ എടുത്തവരുടെ പ്രശ്നങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഇന്ത്യൻ നഴ്സസ് പേരന്റ്സ് അസോസിയേഷൻ(ഐഎൻപിഎ) ഇടുക്കി ജില്ലാ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ കളക്ട്രേറ്റ് മാർച്ചും ധർണ്ണയും നടത്തി. ഐഎൻപിഎ സംസ്ഥാനകമ്മറ്റിയംഗവും ജില്ലാ വൈസ്പ്രസിഡന്റുമായ രാജു കൊന്നനാൽ മാർച്ച് ഉദ്ഘാടനം ചെയ്തു.

ഡോ. ബലരാമൻ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കി നഴ്സുമാർക്ക് ശമ്പള സ്ഥിരതയും തൊഴിൽ സുരക്ഷിതത്വവും ഉറപ്പുവരുത്തണമെന്ന് മാർച്ചിൽ അദ്ധ്യക്ഷത വഹിച്ച ജില്ലാ സെക്രട്ടറി എൻ. വിനോദ് കുമാർ ആവശ്യപ്പെട്ടു.

ജില്ലാ പ്രസിഡന്റ് കെ.ജെ.ജോസഫ്, തങ്കച്ചൻ തൈക്കാട്, സണ്ണി വാളറ, ജോസഫ് പനയ്ക്കൽ, സിബി സി.മാത്യു, എ.വി. സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു.

## പത്തനാപുരം

ഐ.എൻ.പി.എ പത്തനാപുരം താലൂക്ക് കമ്മിറ്റിയുടെ നേതൃത്വത്തിൽ പുന്നല എസ്ബി റ്റിയിലേക്ക് വിദ്യാഭ്യാസ വായ്പ എടുത്ത രക്ഷകർത്താക്കളുടെയും വിദ്യാർത്ഥികളുടെയും പ്രതിഷേധമാർച്ചും ധർണ്ണയും സംഘടിപ്പിച്ചു. മാർച്ചും ധർണ്ണയും ഐഎൻപിഎ ജില്ലാ രക്ഷാധികാരി ഷൈല കെ.ജോൺ ഉദ്ഘാടനം ചെയ്തു. വി. എസ്.ജോൺ അദ്ധ്യക്ഷത വഹിച്ചു. സി.എം.ജോയി, എസ്. രാഘവൻ, ജി. ധ്രുവകുമാർ, രാജേന്ദ്രൻ എന്നിവർ പ്രസംഗിച്ചു. പുന്നലയിൽ നിന്ന് ആരംഭിച്ച മാർച്ചിന് എം. ഗോപകുമാർ, കെ. ഗോപാലൻ, വിശ്വനാഥപിള്ള, തങ്കമ്മ എന്നിവർ നേതൃത്വം നൽകി

## തൃശൂർ

ഐഎൻപിഎ തൃശ്ശൂർ ജില്ലാ കമ്മിറ്റി സാഹിത്യ അക്കദാമി ചങ്ങമ്പുഴ ഹാളിൽ ജനുവരി 3ന് സംഘടിപ്പിച്ച പ്രവർത്തക യോഗം സംസ്ഥാന കമ്മിറ്റിയംഗം ശ്രീമതി കെ.ജെ.ഷീല ഉദ്ഘാടനം ചെയ്തു.

റിലയൻസിനെ നിലയ്ക്കു നിർത്താനുള്ള ഇച്ഛാശക്തിയാണ് സർക്കാർ പ്രകടിപ്പിക്കേണ്ടത്. പഠന ശേഷം മെച്ചപ്പെട്ട ജോലിയോ വരുമാനമോ ലഭിക്കാത്തതുകൊണ്ടാണ് വായ്പ തിരിച്ചടക്കുവാൻ കഴിയാതെ വന്നതെന്ന യാഥാർത്ഥ്യം ഇനിയെങ്കിലും സർക്കാർ മനസിലാക്കണം. വായ്പയെടുത്തവരെ കുറ്റവാളികളെ പോലെ കാണരുതെന്നും റിലയൻസിന്റെ അതിക്രമങ്ങൾക്കെതിരെ ഐഎൻപിഎ സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ജനുവരി 27ന് എറണാകുളത്ത് കടവന്ത്ര കോർപ്പറേറ്റ് ഓഫീസിലേക്ക് പ്രതിഷേധ മാർച്ച് നടത്തുമെന്നും കെ.ജെ. ഷീല പറഞ്ഞു.

ജില്ലാ പ്രസിഡന്റ് ഡോ.പി.എസ്.ബാബു അദ്ധ്യക്ഷത വഹിച്ചു. ജില്ലാ കോ-ഓർഡിനേറ്റർ സി.കെ.ശിവദാസൻ വിഷയമവതരിപ്പിച്ചു. ജില്ലാ വൈസ്പ്രസിഡന്റ് ടി.വാസുദേവൻ, ജോയിന്റ് സെക്രട്ടറി എ.എം.സുരേഷ് കെയുഎസ്ടിഒ ജില്ലാ സെക്രട്ടറി സുജ ആന്റണി എന്നിവർ പ്രസംഗിച്ചു. ■




ഐഎൻപിഎ ആലപ്പുഴ കളക്ട്രേറ്റ് മാർച്ച്




ഐഎൻപിഎ ഇടുക്കി കളക്ട്രേറ്റ് മാർച്ച് രാജു കൊന്നനാൽ ഉദ്ഘാടനം ചെയ്യുന്നു



ഐഎൻപിഎ പുന്നല എസ്ബിടി മാർച്ച് ഷൈല കെ.ജോൺ ഉദ്ഘാടനം ചെയ്യുന്നു




ഐഎൻപിഎ തൃശൂർ ജില്ലാ പ്രവർത്തക യോഗത്തിൽ ഡോ.പി.എസ്.ബാബു അദ്ധ്യക്ഷ പ്രസംഗം നടത്തുന്നു

# കെഎസ്ഇബി – പിസിസി ലൈൻ വർക്കേഴ്സ് യൂണിയൻ കാസർഗോഡ് ജില്ലാ കമ്മിറ്റി രൂപീകരിച്ചു

കെഎസ്ഇബി-പിസിസി ലൈൻ വർക്കേഴ്സ് യൂണിയൻ കാസർഗോഡ് ജില്ലാതല യോഗം കാസർഗോഡ് സ്പീഡ്‌വേ ഓഡിറ്റോറിയത്തിൽ വച്ച് ഡിസംബർ 22 ന് നടന്നു. സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് സഖാവ് വി.കെ.സദാനന്ദൻ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി സഖാവ് എസ്.സീതിലാൽ യോഗം ഉദ്ഘാടനം ചെയ്തു. വർഷങ്ങളായി നിയമനലിസ്റ്റിൽ ഉൾപ്പെട്ട കരാർ തൊഴിലാളികൾക്ക് ഉടൻ സ്ഥിരനിയമനം നൽകണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ആൾ ഇന്ത്യാ പവർമെൻസ് ഫെഡറേഷൻ(AIPF) അഖിലേന്ത്യാ വർക്കിംഗ് കമ്മിറ്റി മെമ്പർ കെ.കെ. സുരേന്ദ്രൻ, എഐയുറ്റിയുസി സംസ്ഥാന കമ്മിറ്റിയംഗം അനൂപ് ഏരിമറ്റം എന്നിവർ പ്രസംഗിച്ചു. യോഗത്തിൽ വെച്ച് കെഎസ്ഇബി-പിസിസി ലൈൻ വർക്കേഴ്സ് യൂണിയന്റെ കാസർഗോഡ് ജില്ലാ കമ്മിറ്റിയെ തിരഞ്ഞെടുത്തു.

അനൂപ് ഏരിമറ്റം(ജനറൽകൺവീനർ), മുഹമ്മദ് റഫീഖ് (പ്രസിഡന്റ്), കെ. മുരളീധര (വൈസ് പ്രസിഡന്റ്), എ.മൊയ്തീൻ കുഞ്ഞി (സെക്രട്ടറി), പി. കമലാക്ഷ നായ്ക് (ജോ.സെക്രട്ടറി), കമ്മിറ്റിയംഗങ്ങൾ - കെ.ജഗന്നാഥ, എം. അബ്ദുള്ള, ബി. ജയന്തനായ്ക്ക്, ബി.എം. ഭാസ്കര, എസ്.എച്ച്.നാരായണ നായ്ക്, സുന്ദര, വൈ.ആനന്ദ, തിമ്മൊപ്പ, പി.നാഗേഷ്, ഡി. അശോക, ഹരികുമാർ, കെ.ആനന്ദ. ■





യോഗം സംസ്ഥാന ജനറൽ സെക്രട്ടറി സഖാവ് എസ്.സീതിലാൽ ഉദ്ഘാടനം ചെയ്യുന്നു




### ഫെല്ലോഷിപ്പ് നിർത്തലാക്കുന്നതിനെതിരെ രാജ്യവ്യാപകമായ വിദ്യാർത്ഥി പ്രതിഷേധം

# ഡൽഹിയിൽ യുജിസി പിടിച്ചെടുക്കൽ സമരം

**2015** ഡിസംബർ 9ന് മറ്റൊരു നിർല ജ്ജമായ പോലീസ് ഭീകരതയ്ക്ക് ഡെൽഹിയിലെ ജനങ്ങൾ സാക്ഷ്യം വഹിച്ചു. യുജിസി പിടിച്ചെടുക്കുക എന്ന മുദ്രാവാക്യവുമായി രാജ്യത്തിന്റെ നാനാ ഭാഗങ്ങളിൽനിന്നെത്തിയ വിദ്യാർത്ഥികൾ നടത്തിയ സമാധാനപരമായ പാർലമെന്റ് മാർച്ചിനുനേരെയായിരുന്നു അതിക്രമം. നോൺ-നെറ്റ് ഫെല്ലോഷിപ്പ് നിർത്തലാക്കാനുള്ള യുജിസി തീരുമാനത്തിനെതിരെ 50 ദിവസമായി സമരത്തിലായിരുന്നു ഇവർ. യുജിസി ഓഫീസ് പരിസരത്ത് സംഘടിച്ച വിദ്യാർത്ഥികൾ, നോൺ-നെറ്റ് ഫെല്ലോഷിപ്പ് പുനഃസ്ഥാപിക്കുകയും വർദ്ധിപ്പിക്കുകയും വ്യാപിപ്പിക്കുകയും ചെയ്യുക, ഇന്ത്യാ ഗവൺമെന്റ് ഡബ്ല്യുടിഒയിൽ നിന്ന് പുറത്തുവരിക എന്നീ മുദ്രാവാക്യങ്ങളുമായി പാർലമെന്റ് സ്ട്രീറ്റിലേക്ക് മാർച്ചുചെയ്യാൻ ആരംഭിച്ചു. പ്രകടനം മണ്ഡി ഹൗസിന് സമീപമെത്തിയപ്പോൾ പോലീസ് തടയാൻ ശ്രമിച്ചെങ്കിലും സമരക്കാരുടെ വീറുംവാശിയും അതിനു വഴങ്ങിക്കൊടുത്തില്ല. നഗ്നമായ പോലീസ് ഭീകരതയാണ് പിന്നെയവരെ കാത്തിരുന്നത്. ജലപീരങ്കി, ടിയർഗ്യാസ്, ലാത്തിച്ചാർജ്ജ് എന്നിവയെയൊക്കെ നിഷ്ഠൂരമായി പ്രയോഗിക്കപ്പെട്ടു. പെൺകുട്ടികളെ പുരുഷന്മാരായ പോലീസുകാർ വലിച്ചിഴച്ചു. പലർക്കും ഗുരുതരമായി പരിക്കേറ്റു. എഐഡിഎസ്ഒ ഡെൽഹി സംസ്ഥാന സെക്രട്ടറി സഖാവ് പ്രശാന്ത്കുമാർ ഉൾപ്പെടെ നൂറുകണക്കിന് വിദ്യാർത്ഥികളെ പാർലമെന്റ് പോലീസ് സ്റ്റേഷനിൽ മണിക്കൂറുകളോളം അറസ്റ്റ് ചെയ്തുവച്ചു. എഐഡിഎസ്ഒ സോനേപത് ജില്ലാസെക്രട്ടറി പ്രവീൺ നെഹ്റ, ഭൂപേന്ദ്ര, അശുതോഷ് സിംഗ് യാദവ് എന്നീ സഖാക്കൾക്ക് സാരമായ പരിക്കുപറ്റി. നാഷണൽ എലിജിബിലിറ്റി ടെസ്റ്റ്(NET) പാസ്സാകാത്ത എംഫിൽ, പിഎച്ച്ഡി വിദ്യാർത്ഥികൾക്ക് നൽകിവന്നിരുന്ന ഫെല്ലോഷിപ്പ് നിർത്തലാക്കാനുള്ള ഒക്ടോബർ 7ന്റെ യുജിസി തീരുമാനത്തിനെതിരെയാണ് സമരം ആരംഭിച്ചത്. ഈ തീരുമാനം വിദ്യാർത്ഥികൾക്ക് വലിയ ആഘാതമായിരുന്നു. -ഫെല്ലോഷിപ്പിനെക്കുറിച്ച് ധാരാളം പരാതികൾ വരുന്നു- എന്ന കാരണം പറഞ്ഞാണ് യുജിസി അത് റദ്ദുചെയ്തത്. നമ്മുടെ രാജ്യത്തെ വിദ്യാർത്ഥികളിൽ പത്തുശതമാനത്തിൽ താഴെ മാത്രമാണ് ഉന്നതവിദ്യാഭ്യാസത്തിന് പോകുന്നത്. അതിൽത്തന്നെ ചെറിയൊരു ശതമാനമാണ് റിസർച്ച് മേഖലയിലേക്ക് വരുന്നത്. എന്നിട്ടും വിദ്യാഭ്യാസബജറ്റ് ഗണ്യമായി വെട്ടിക്കുറക്കുന്നു എന്നത് ഒരു വിരോധാഭാസം തന്നെ. ഇന്ത്യയുടെഗവേഷണ രംഗത്തെ ദയനീയ സ്ഥിതിയിൽ പ്രമുഖ ശാസ്ത്രജ്ഞരെല്ലാം ദുഃഖിതരാണ്. പ്രഗത്ഭരായ വിദ്യാർത്ഥികൾ ഗവേഷണ രംഗത്തേക്ക് വരാത്തതിൽ എല്ലാവരും തന്നെ ആശങ്കാകുലരാണ്. ദാരിദ്ര്യം, വിദ്യാഭ്യാസച്ചെലവിലെ വർദ്ധന, തുച്ഛമായ ഫെല്ലോഷിപ്പ് തുക, അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത തുടങ്ങിയവയൊക്കെ ഗവേഷണരംഗത്തെ നിലവാരത്തകർച്ചക്കുള്ള കാരണങ്ങളാണ്. കേന്ദ്ര യൂണിവേഴ്സിറ്റികളിലെ എംഫിൽ, റിസർച്ച് വിദ്യാർത്ഥികൾക്കുള്ള ഫെല്ലോഷിപ്പ് നിർത്തലാക്കാനുള്ള യുജിസി തീരുമാനം ഉന്നത വിദ്യാഭ്യാസ-റിസർച്ച് രംഗങ്ങളിലെ സ്ഥിതി കൂടുതൽ ദയനീയമാക്കുകയും എൻറോൾമെന്റ് ഇനിയും കുറയാൻ ഇടയാക്കുകയും ചെയ്യും.

ഫെല്ലോഷിപ്പിനുള്ള യോഗ്യത പരിഗണിക്കാൻ ഒരു കമ്മിറ്റിക്ക് രൂപം നൽകാൻ മാനവവിഭവശേഷി വികസന മന്ത്രാലയം നൽകിയിരിക്കുന്ന നിർദ്ദേശം ഫെല്ലോഷിപ്പിന് നിയന്ത്രണമേർപ്പെടുത്താനുള്ള മറ്റൊരുപാധി മാത്രമാണ്. വിദ്യാർത്ഥികളുടെ മെറിറ്റും സാമ്പത്തിക സ്ഥിതിയും പരിഗണിച്ചായിരിക്കും മത്രെ കമ്മിറ്റി തീരുമാനമെടുക്കുക. എന്നാൽ ഫെല്ലോഷിപ്പ് നിരുപാധികം തുടരണമെന്നാണ് വിദ്യാർത്ഥികൾ ആവശ്യപ്പെടുന്നത്. ഫെല്ലോഷിപ്പ് തുക വർദ്ധിപ്പിക്കണമെന്ന് വിദ്യാർത്ഥികൾ ആവശ്യമുന്നയിക്കുമ്പോഴാണ്, ഫണ്ടില്ലെന്ന കാരണംപറഞ്ഞ് യുജിസി ഫെല്ലോഷിപ്പുതന്നെ വേണ്ടെന്നുവയ്ക്കുന്നത്. മന്ത്രിമാരുടെയും ഉദ്യോഗസ്ഥ പ്രമാണിമാരുടെയും എംപിമാരുടേതടക്കം ശമ്പളവും മറ്റാനുകൂല്യങ്ങളും ചെലവുകളുമൊക്കെ കുത്തനെ കൂട്ടുന്നവർക്ക് ഗവേഷണത്തിനുള്ള ഫെല്ലോഷിപ്പുകൾ വേണ്ടെന്നുവയ്ക്കുവാൻ ഒരു മടിയുമില്ല എന്നത് അങ്ങേയറ്റം ലജ്ജാകരമാണ്.

യുജിസിയുടേത് ഒറ്റപ്പെട്ട നടപടിയായി കാണേണ്ടതില്ല. വിദ്യാഭ്യാസം സ്വകാര്യവൽക്കരിക്കാനും വാണിജ്യവൽക്കരിക്കാനുമുള്ള മുതലാളിത്ത പദ്ധതിയുടെ അഭേദ്യഭാഗമാണിത്. അപരിഹാര്യമായ സാമ്പത്തിക പ്രതിസന്ധിയിൽനിന്ന് പുറത്തുകടക്കാനായി മുതലാളിത്തം ആഗോളമായിത്തന്നെ, ഐഎംഎഫ്, ലോകബാങ്ക്, ലോകവ്യാപാര സംഘടന എന്നിവയിലൂടെ സേവനമേഖലകളാകെ സ്വകാര്യവൽക്കരിക്കാനും വാണിജ്യവൽക്കരിക്കാനുമുള്ള നീക്കത്തിലാണ്. വിദ്യാഭ്യാസം, ആരോഗ്യപരിപാലനം, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ സേവന മേഖലകളൊക്കെ സർക്കാർ ഉടമസ്ഥതയിലായിരുന്നു. 1986 മുതൽ ഇന്ത്യൻ ഭരണവർഗ്ഗം വിദ്യാഭ്യാസമേഖല സ്വകാര്യവൽക്കരിക്കാൻ മാത്രമല്ല, മഹാന്മാർ വിഭാവന ചെയ്തതുപോലെ മനുഷ്യനെ സൃഷ്ടിക്കുകയും സ്വഭാവം രൂപപ്പെടുത്തുകയും ചെയ്യുകയെന്ന വിദ്യാഭ്യാസലക്ഷ്യം കൈവെടിയുന്നതിനും ചിട്ടയായ ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ ഫലമോ, യഥാർത്ഥ വിദ്യാഭ്യാസവും കല, സാഹിത്യം തുടങ്ങിയ മാനവിക വിഷയങ്ങളുടെ പഠനവും അവഗണിക്കപ്പെടുകയും കുത്തകകൾക്ക് ലാഭം കൊയ്യാൻ ഉതകുന്നതരം വിദ്യാഭ്യാസം മാത്രം പ്രോത്സാഹിപ്പിക്കപ്പെടുകയും ചെയ്യുന്നു. മാനുഷിക മൂല്യങ്ങളോ, ശാസ്ത്രീയ മനോഭാവമോ ഇല്ലാത്ത മനുഷ്യയന്ത്രങ്ങളെ അഥവാ റോബോട്ടുകളെ പടച്ചുവിടാനാണ് ഇത്തരം വിദ്യാഭ്യാസം ലക്ഷ്യം വയ്ക്കുന്നത്.

2015 നവംബർ 18ന് രാജ്യത്തെ വിവിധ യൂണിവേഴ്സിറ്റികളിൽനിന്നുള്ള നൂറുകണക്കിന് വിദ്യാർത്ഥികൾ 'യുജിസി പിടിച്ചെടുക്കുക' എന്ന മുദ്രാവാക്യവുമായി ഡെൽഹിയിലെ യുജിസി ഓഫീസിനുമുന്നിൽ തടിച്ചുകൂടി. നെറ്റ് പരീക്ഷ പാസ്സാകാത്തവർക്കും ഫെല്ലോഷിപ്പ് നൽകുക, സ്റ്റേറ്റ് യൂണിവേഴ്സിറ്റികളിലേക്കുകൂടി ഫെല്ലോഷിപ്പ് വ്യാപിപ്പിക്കുക, ഫെല്ലോഷിപ്പ് തുക വർദ്ധിപ്പിക്കുക, യോഗ്യതയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും അത് നൽകുക, തുടങ്ങിയ ഡിമാന്റുകളാണ് അവർ ഉന്നയിച്ചത്. അധികൃതർ സമരത്തെ ഗൗനിക്കാതിരുന്നപ്പോഴാണ്, പോലീസ് അതിക്രമങ്ങളെ അവഗണിച്ചുകൊണ്ട് മാനവവിഭവശേഷി മന്ത്രാലയത്തിലേക്ക് മാർച്ചുചെയ്യാൻ വിദ്യാർത്ഥികൾ തീരുമാനിച്ചത്. മന്ത്രാലയത്തിന് സമീപം പോലീസ് മാർച്ച് തടഞ്ഞു. അവിടെ നടന്ന യോഗത്തിൽ, എഐഡിഎസ്ഒ നേതാക്കളോടൊപ്പം എഐഎസ്എ, എഐഎസ്എഫ്, കെവൈഎസ്, ദിശ, ഡിഎസ്‌യു എന്നീ വിദ്യാർത്ഥി സംഘടനകളുടെ നേതാക്കളും പ്രസംഗിച്ചു. കോർപ്പറേറ്റുകളുടെ താൽപ്പര്യാർത്ഥം വിദ്യാഭ്യാസവും മറ്റുസേവനമേഖലകളും സ്വകാര്യവൽക്കരിക്കുകയും വാണിജ്യവൽക്കരിക്കുകയും ചെയ്യുന്നതിനെതിരായ സമരത്തിൽ അണിനിരക്കാൻ എഐഡിഎസ്ഒ ഡൽഹി സംസ്ഥാന സെക്രട്ടറി സഖാവ് പ്രശാന്ത് കുമാർ വിദ്യാർത്ഥികളോട് ആഹ്വാനം ചെയ്തു. 2015 ഡിസംബർ 9ന് നടന്ന പോലീസ് അതിക്രമത്തിന് സമരത്തെ തളർത്താനായില്ല എന്നുമാത്രമല്ല വർദ്ധിത വീര്യത്തോടെ അത് രാജ്യമെങ്ങും പടരുകയും ചെയ്തു. ദേശീയതലത്തിലുള്ള ഒരു ഏകോപന സമിതി രൂപീകരിച്ച് തുടർച്ചയായ പ്രക്ഷോഭം കെട്ടിപ്പടുക്കാനുള്ള പദ്ധതിയാണ് വിദ്യാർത്ഥികളുടെ മുന്നിലുള്ളത്. ഡിസംബർ നാലിന് എഐഡിഎസ്ഒ സംസ്ഥാന-ജില്ലാ നേതാക്കളുടെ നേതൃത്വത്തിൽ ഹൈദ്രബാദ് സെൻട്രൽ യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികൾ വിസിയ്ക്ക് നിവേദനം നൽകി. ■

## അഖിലേന്ത്യാ പ്രതിഷേധദിനം

**ഡ**ബ്ല്യുടിഒ-ഗാട്സ് ഉടമ്പടിയിൽനിന്ന് ഇന്ത്യ പുറത്തുവരിക, വിദ്യാഭ്യാസത്തിന്റെ സ്വകാര്യവൽക്കരണവും വാണിജ്യവൽക്കരണവും അവസാനിപ്പിക്കുക എന്നീ ആവശ്യങ്ങളുമായി എഐഡിഎസ്ഒ ഡിസംബർ 12ന് അഖിലേന്ത്യാ പ്രതിഷേധദിനം ആചരിച്ചു. രാജ്യവ്യാപകമായി നടന്ന പ്രതിഷേധപരിപാടികളുടെ ഭാഗമായി ബാംഗ്ലൂരിലെ മൈസൂർ ബാങ്ക് സർക്കിളിൽ പ്രതിഷേധ പ്രകടനം നടന്നു. അജയ് കമ്മത്ത്, വിഎൻ രാജശേഖർ, കെഎസ് അശ്വനി തുടങ്ങിയവർ പ്രസംഗിച്ചു.

ഡിസംബർ 11ന് ഹൈദരാബാദിൽ ആന്ധ്രാ-തെലങ്കാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പ്രകടനം നടന്നു. സംസ്ഥാന സെക്രട്ടറി ആർ ഗംഗാധർ അടക്കമുള്ള നേതാക്കൾ പ്രസംഗിച്ചു.

മദ്ധ്യപ്രദേശിലെ ഗുണ, ആസാമിലെ ഗൗഹാട്ടി, ഹരിയാനയിലെ റോത്തക് തുടങ്ങി നിരവധി സ്ഥലങ്ങളിൽ ശക്തമായ പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കപ്പെട്ടു. വിദ്യാഭ്യാസ മേഖലയിൽ സർക്കാർ നടത്തുന്ന ആക്രമണവും അതിനെതിരെ ശക്തമായ സമരം വളർത്തിയെടുക്കേണ്ടതിന്റെ ആവശ്യകതയും നേതാക്കൾ വിശദീകരിച്ചു.

2015 ഡിസംബർ 15 മുതൽ 18 വരെ കെനിയയിലെ നെയ്റോബിയിൽ നടക്കുന്ന ഡബ്ല്യുടിഒ മന്ത്രിതല സമ്മേളനത്തിന് മുന്നോടിയായാണ് ബിജെപി ഗവൺമെന്റ് ഉന്നതവിദ്യാഭ്യാസരംഗത്ത് WTOക്ക് പ്രവേശനം അനുവദിച്ചിരിക്കുന്നതെന്ന് നേതാക്കൾ ചൂണ്ടിക്കാണിച്ചു. 1986ലെ ദേശീയ വിദ്യാഭ്യാസനയത്തോടെ തുടക്കംകുറിച്ച വിദ്യാഭ്യാസത്തിന്റെ സ്വകാര്യവൽക്കരണത്തിനും വാണിജ്യവൽക്കരണത്തിനും ഇത് ആക്കം വർദ്ധിപ്പിച്ചിരിക്കുകയാണ്. എരിതീയിൽ എണ്ണ ഒഴിക്കുന്നതുപോലുള്ള ഈ നടപടി സാധാരണക്കാർക്ക് മാത്രമല്ല സമൂഹത്തിന്റെ ഉയർന്ന ശ്രേണിയിലുള്ളവർക്കുപോലും ഉന്നത വിദ്യാഭ്യാസം അപ്രാപ്യമാക്കും. ഇപ്പോൾ വെറും 7 ശതമാനം വിദ്യാർത്ഥികൾ മാത്രമാണ് ഉന്നത വിദ്യാഭ്യാസരംഗത്തേക്ക് കടന്നുവരുന്നത്. ഇത് ഇനിയും കുറയും. ലോകമെമ്പാടും ഈ മുതലാളിത്ത പദ്ധതിക്കെതിരെ പ്രതിഷേധമുയരുന്നു എന്നത് ആശാവഹമാണ്.നമ്മുടെ രാജ്യത്തും സ്ഥിതി വ്യത്യസ്തമല്ല. വിദ്യാഭ്യാസത്തെ രക്ഷിക്കുന്നതിനായി വിദ്യാഭ്യാസസ്നേഹികൾ ഒന്നടങ്കം മുന്നോട്ടുവരേണ്ട സന്ദർഭമാണിതെന്നും അവർ ഓർമ്മിപ്പിച്ചു. ■

## അടൂർ സംഭവം:
## പ്രതിഷേധ പ്രകടനം നടത്തി




**അ**ടൂരിൽ രണ്ട് സ്കൂൾ വിദ്യാർത്ഥിനികളെ ക്രൂരമായി ബലാത്സംഗം ചെയ്ത സംഭവത്തിലെ മുഴുവൻ പ്രതികളെയും മാതൃകാപരമായി ശിക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടനയുടെയും സ്ത്രീ സുരക്ഷാ സമിതിയുടെയും ആഭിമുഖ്യത്തിൽ തൃപ്പൂണിത്തുറ ടൗണിൽ പ്രതിഷേധ പ്രകടനവും യോഗവും നടത്തി. കിഴക്കേക്കോട്ടയിൽ നടന്ന പ്രതിഷേധ യോഗം സ്ത്രീ സുരക്ഷാ സമിതി സംസ്ഥാന പ്രസിഡന്റ് ഡോ. വിൻസന്റ് മാളിയേക്കൽ ഉദ്ഘാടനം ചെയ്തു. സ്ത്രീ സുരക്ഷാസമിതി ജില്ലാ കൺവീനർ എൻ.ആർ.മോഹൻകുമാറിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കെ.കെ.ഗോപിനായർ(മദ്യവിരുദ്ധ ജനകീയ സമരസമിതി), കെ.കെ.ശോഭ(AIMSS), കെ.ഒ.സുധീർ(AIDYO), കലാ സുധാകരൻ(സ്ത്രീ സുരക്ഷാ സമിതി) എന്നിവർ പ്രസംഗിച്ചു. എം.കെ.ഉഷ സ്വാഗതവും എം.പി.സുധ നന്ദിയും രേഖപ്പെടുത്തി. പ്രകടനത്തിന് ടി.സി.കമല, സി.ബി.അശോകൻ, കെ.പി.സാൽവിൻ, കെ.ഒ.ഷാൻ, സി.കെ.രാജേന്ദ്രൻ, സി.കെ.തമ്പി എന്നിവർ നേതൃത്വം നൽകി. ■

# തിരുവനന്തപുരത്ത് ഗവേഷണ വിദ്യാർത്ഥി കൺവൻഷൻ

**ഗവേഷണത്തിന് ഫെലോഷിപ്പ് നിർത്തലാക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനത്തിനെതിരെ തിരുവനന്തപുരം DRSO (Democratic Research Scholars' Organisation) ജില്ലാകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഗവേഷകവിദ്യാർത്ഥി കൺവൻഷൻ നടന്നു. സമൂഹത്തിന്റെ വൈജ്ഞാനിക കേന്ദ്രങ്ങളാണ് സർവ്വകലാശാലകൾ. അറിവ് നിർമ്മിക്കുകയും പ്രസരിപ്പിക്കുകയും ചെയ്യുന്ന ധർമ്മമാണ് സർവ്വകലാശാലകൾ നിർവ്വഹിച്ചു പോരുന്നത്. എന്നാൽ, സർവ്വകലാശാലകളുടെ അടിസ്ഥാന ഘടകമായ ഗവേഷണ രംഗം ഇന്ന് ഗുരുതരമായ പ്രശ്നങ്ങൾ നേരിടുകയാണ്.**




**ഡോ.മോൻസി വി.ജോൺ ഉദ്ഘാടനം ചെയ്യുന്നു. വേദിയിൽ ഡോ.വി.വേണുഗോപാൽ, ഡോ.ശാർങ്ഗധരൻ, എം.ഷാജർഖാൻ, അഡ്വ.ബി.കെ.രാജഗോപാൽ തുടങ്ങിയവർ**

വിദ്യാഭ്യാസ ചുമതലയിൽനിന്നും സർക്കാരുകൾ പിന്മാറണം എന്ന ആഗോളീകരണ നിബന്ധനകൾക്ക് അനുസരിച്ച് കേന്ദ്ര സർക്കാർ ഉന്നതവിദ്യാഭ്യാസരംഗത്ത് നടത്തുന്ന പുനഃസംഘാടനമാണ് ഗവേഷണ രംഗം നേരിടുന്ന പ്രധാന പ്രതിസന്ധി. സാമൂഹീക ഉൽപ്പന്നമായ വിജ്ഞാനത്തെ സ്വകാര്യ സമ്പത്തായും കച്ചവട വസ്തുവായും പരിഗണിക്കണമെന്നതാണ് ലോകബാങ്കും WTO യും അനുശാസിക്കുന്നത്. 2015 ഡിസംബർ 15 മുതൽ 18 വരെ നടന്ന **WTO യുടെ നെയ്റോബി സമ്മേളനം,** ഉന്നത വിദ്യാഭ്യാസം സമ്പൂർണ്ണമായും കച്ചവട ശക്തികൾക്ക് കാഴ്ചവെയ്ക്കുവാനുള്ള വ്യവസ്ഥകൾ കൂടുതൽ കർക്കശമായി നടപ്പാക്കാൻ കാരണമാകും. ഫെല്ലോഷിപ്പുകൾ വെട്ടിക്കുറയ്ക്കാനുള്ള യുജിസി തീരുമാനം ഗവേഷണ രംഗത്തിന്റെ നിലനിൽപ്പിനെത്തന്നെ ചോദ്യം ചെയ്യുന്നതാണ്. ഇന്ത്യൻ സർവ്വകലാശാലകളിൽ ഗവേഷണം നടത്തുന്ന 70% വരുന്ന 35000 ഗവേഷകരെയാണ് ഈ തീരുമാനം നേരിട്ട് ബാധിക്കുന്നത്. ഉന്നത വിദ്യാഭ്യാസത്തിന്റെ പരിപോഷണത്തിന് നിയോഗിക്കപ്പെട്ട യുജിസി യുടെ പ്രതിലോമകരമായ ഈ തീരുമാനം സർവ്വകലാശാലകളെയും ഗവേഷണത്തെയും തകർത്തിരിക്കുന്നു. പഠന സാമഗ്രികൾ വാങ്ങുന്നതിനും ലൈബ്രറികൾ സന്ദർശിക്കുന്നതിനും സമ്മേളനങ്ങളിലും സെമിനാറുകളിലും പങ്കെടുക്കുന്നതിനും മറ്റുമായി ഉപയോഗിക്കുന്ന ഈ തുക നിലയ്ക്കുന്നതോടെ ഗവേഷണ രംഗം നിശ്ചലമാക്കപ്പെടും. എല്ലാ സങ്കുചിത താൽപ്പര്യങ്ങൾക്കും അതീതമായി ശക്തമായ വിദ്യാഭ്യാസ സംരക്ഷണ പ്രസ്ഥാനം ഉയർന്നുവരേണ്ടുന്ന സാഹചര്യമാണിത്. ഗവേഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെയാണ് കൽക്കട്ടയിലെ ജാദവ്പൂർ സർവ്വകലാശാലയിൽ നടന്ന കൺവൻഷനിലൂടെ ഡി.ആർ.എസ്.ഒ. (ഡെമോക്രാറ്റിക്ക് റിസർച്ച് സ്കോളേഴ്സ് ഓർഗനൈസേഷൻ) രൂപം കൊണ്ടത്. അഖിലേന്ത്യാ വ്യാപകമായി DRSO ശക്തമായ പ്രക്ഷോഭപരിപാടികളിലാണ്.

തിരുവനന്തപുരം പ്രസ്ക്ലബ്ബിൽവെച്ച് നടന്ന ഗവേഷക കൺവൻഷൻ ഡോ.മോൻസി വി. ജോൺ ഉദ്ഘാടനം ചെയ്തു. സ്വതന്ത്രമായ ഗവേഷണപ്രവർത്തനങ്ങൾ സമൂഹത്തിന്റെ ആവശ്യകതയാണെന്നും, ഗവേഷണവിരുദ്ധ നയങ്ങൾക്കെതിരെ ഗവേഷകർ സംഘടിക്കേണ്ടതുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഡോ. ശാർങ്ഗധരൻ മുഖ്യപ്രസംഗം നടത്തി. ഡോ. വി.വേണുഗോപാൽ, അഡ്വ.ബി.കെ.രാജഗോപാൽ, എം.ഷാജർഖാൻ (സേവ് എഡ്യൂക്കേഷൻ കമ്മറ്റി), അഡ്വ. ഇ.എൻ.ശാന്തിരാജ്, ഡോ. കെ. പ്രസന്നകുമാർ. അലീന.എസ് (DRSO സംസ്ഥാന കമ്മറ്റി അംഗം), എം.പ്രദീപൻ (കാലിക്കട്ട് യൂണിവേഴ്സിറ്റി ) എന്നിവർ പ്രസംഗിച്ചു. വിദ്യ ആർ.ശേഖർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജയിംസ് സ്വാഗതവും സോനാ.കെ നന്ദിയും പറഞ്ഞു.

ഗവേഷണരംഗം സ്വാശ്രയവൽക്കരിക്കരുത്, ഫെലോഷിപ്പുകൾ നിർത്തലാക്കാനുള്ള നീക്കം ഉപേക്ഷിക്കുക-തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട്, DRSO ശക്തമായ പ്രക്ഷോഭങ്ങളുമായി മുന്നോട്ടുപോകുമെന്ന് കൺവൻഷൻ പ്രഖ്യാപിച്ചു. ■

# സ്ത്രീ സുരക്ഷാ സമിതി നിർഭയ ദിനം ആചരിച്ചു

**സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ വർദ്ധിച്ചുവരുന്ന പീഡനങ്ങൾക്കും സർക്കാറിന്റെ അനാസ്ഥയ്ക്കുമെതിരെ സ്ത്രീ സുരക്ഷാ സമിതിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനതലത്തിൽ പാക്ഷികാചരണത്തിന്റെ ഭാഗമായി വിവിധ പരിപാടികൾ നടന്നു.**

തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിന് മുൻപിൽ നടന്ന സ്ത്രീ സുരക്ഷാ സംഗമം സംസ്ഥാന പ്രസിഡന്റ് ഡോ. വിൻസന്റ് മാളിയേക്കൽ ഉദ്ഘാടനം ചെയ്തു. കുട്ടിക്കുറ്റവാളികളെ ശിക്ഷിക്കാനുള്ള നിയമം ഭേദഗതി ചെയ്തതുകൊണ്ടുമാത്രം സ്തീകളുടെയും കുട്ടികളുടെയും നേരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങളെ തടയാൻ കഴിയില്ലെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. അതിക്രമം തടയണമെങ്കിൽ കുറ്റംചെയ്തവർ ഒരുകാരണവശാലും രക്ഷപെടില്ല എന്നുറപ്പാക്കുകയും സ്ത്രീകളോടുള്ള മനോഭാവത്തിന് മാറ്റമുണ്ടാകുകയും വേണമെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന, കേരള സംസ്ഥാന മദ്യവിരുദ്ധ ജനകീയ സമര സമിതി തുടങ്ങി നിരവധി സംഘടനകളുടെ പ്രതിനിധികൾ പ്രസംഗിച്ചു.



**സെക്രട്ടേറിയറ്റിനുമുന്നിൽ സംഘടിപ്പിച്ച സംസ്ഥാന തല സ്ത്രീ സുരക്ഷാ സംഗമം ഡോ.വിൻസന്റ് മാളിയേക്കൽ ഉദ്ഘാടനം ചെയ്യുന്നു**

കോഴിക്കോട് നഗരത്തിൽ വിവിധ പരിപാടികൾ നടന്നു. ഡൽഹിയിൽ നിർഭയ ആക്രമിക്കപ്പെട്ട ദിനമായ ഡിസംബർ 16ന് കോഴിക്കോട് മൊഫ്യൂസിൽ ബസ് സ്റ്റാന്റ് പരിസരത്ത് ചേർന്ന പൊതുയോഗത്തോടെയാണ് ജില്ലയിൽ പാക്ഷികത്തിന് തുടക്കം കുറിച്ചത്. പൊതുയോഗത്തിൽ സി. ഷീബ അദ്ധ്യക്ഷയായിരുന്നു. സ്ത്രീ സുരക്ഷാസമിതി ജില്ലാ സെക്രട്ടറി കെ.പി. സുബൈദ, ആശാദേവി, ആർ. മാളു, എ. ശേഖർ തുടങ്ങിയവർ പ്രസംഗിച്ചു. നിർഭയദിനമായ ഡിസംബർ 29ന് വിവിധ പരിപാടികളോടെ പാക്ഷികാചരണം സമാപിച്ചു. രാവിലെ നിർഭയയുടെ പേരിൽ സ്ഥാപിച്ച സ്മാരകത്തിന് മുമ്പിൽ സ്ത്രീകൾ ഉൾപ്പെടെ നിരവധി ആളുകളുടെ പങ്കാളിത്തത്തോടെ പുഷ്പാർച്ചന നടത്തി പ്രതിജ്ഞയെടുത്തു. ചടങ്ങ് സ്ത്രീ സുരക്ഷാ സമിതി ജില്ലാ രക്ഷാധികാരി എ. ശേഖർ ഉദ്ഘാടനം ചെയ്തു. തുടർന്ന് നടന്ന സംഘചിത്രരചന പ്രശസ്ത സിനിമാ സംവിധായകനും ചിത്രകാരനുമായ തേജസ് പെരുമണ്ണ ചിത്ര വരച്ചുകൊണ്ട് ഉദ്ഘാടനം ചെയ്തു.

11.30 ന് പബ്ലിക് ലൈബ്രറിക്ക് മുൻവശത്ത് നടന്ന 'സ്ത്രീ സുരക്ഷാസംഗമം' വിദ്യാർത്ഥികൾ മുതൽ വൃദ്ധരായ സ്ത്രീകൾവരെയുള്ള നിരവധി ആളുകളുടെ സാന്നിദ്ധ്യം കൊണ്ട് ശ്രദ്ധയാകർഷിച്ചു. സംഗമം ഡോ. എം. സ്നേഹപ്രഭ ഉദ്ഘാടനം ചെയ്തു. പ്രശസ്ത എഴുത്തുകാരൻ ശ്രീ മേലൂർ വാസുദേവൻ, പ്രൊഫ. സി.വി.കുമാരൻ, കെ.എം.ബീവി, സി.എം.കുട്ടപ്പൻ, എരവട്ടൂർ ബാലകൃഷ്ണൻ, എം.എൻ.ബാബു, പി. ഉഷാദേവി, സിന്ധു കോടഞ്ചേരി, വി.പി.സുഹറ, മോഹൻദാസ് കായക്കൊടി, ആശാദേവി സി.ജി., സി. ഷീബ, കെ.ജെ. ജോസി എന്നിവർ പ്രസംഗിച്ചു. ബംഗ്ലാദേശ് വനിതക്കെതിരെ കോഴിക്കോട് നടന്ന പീഡനത്തിൽ കുറ്റവാളികളെ മുഴുവൻ കണ്ടെത്തി ശിക്ഷിക്കുന്നതിൽ വീഴ്ചവരുത്തുന്ന സർക്കാറിന്റെ അനാസ്ഥയിൽ പ്രതിഷേധിച്ചുകൊണ്ടുള്ള പ്രമേയം ഡോ. എം. ജ്യോതിരാജ് അവതരിപ്പിച്ചു.

സ്ത്രീ സുരക്ഷാ സമിതി എറണാകുളം ജില്ലാ കമ്മിറ്റി മുളന്തുരുത്തി പള്ളിത്താഴത്ത് പ്രതിഷേധ സംഗമം സംഘടിപ്പിച്ചു. ചടങ്ങിൽ മുളന്തുരുത്തി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് രഞ്ജികുര്യൻ മുഖ്യാതിഥിയായി പങ്കെടുത്തു. കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി ജില്ലാ കൺവീനർ എൻ.ആർമോഹൻ കുമാർ അദ്ധ്യക്ഷത വഹിച്ചു.

മുളന്തുരുത്തി ഗ്രാമ പഞ്ചായത്ത് മുൻ പ്രസിഡന്റ് രാജി ചക്രവർത്തി, അഖിലേന്ത്യാ മഹിളാ സാംസ്ക്കാരിക സംഘടന ജില്ലാ പ്രസിഡന്റ് ടി.സി.കമല, സ്ത്രീസുരക്ഷാസമിതി ജില്ലാ സെക്രട്ടറി എം.കെ.ഉഷ, വാർഡ് മെമ്പർ ജയിംസ്, മദ്യവിരുദ്ധ ജനകീയ സമര സമിതി ജില്ലാപ്രസിഡന്റ് കെ.കെ.ഗോപി നായർ, നവോത്ഥാന ശക്തി ജില്ലാ സമിതി യംഗം കെ.കെ.സുകുമാരൻ എന്നിവർ പ്രസംഗിച്ചു. ചിത്രകാരനും കവിയുമായ സദ്കലാ വിജയൻ കവിതയും, കലാസുധാകരന്റെ നേതൃത്വത്തിൽ സംഘഗാനവും എന്നിവ പ്രതിഷേധ സംഗമത്തിലവതരിപ്പിച്ചു. സംഗമത്തിന് എം.ആർ.സെനിത്കുമാർ, കെ.പി. പവിത്രൻ, പി.എം.ദിനേശൻ, കെ.കെ.ശോഭ, കെ.പി.സാൽവിൻ, കെ.എൻ.രാജി, കെ.ഒ. ഷാൻ, സി.കെ.രാജേന്ദ്രൻ, എം.പി.സുധ തുടങ്ങിയവർ നേതൃത്വം നല്കി. ■







**കോഴിക്കോട് നടന്ന സ്ത്രീ സുരക്ഷാ സംഗമം ഡോ.എം.സ്നേഹപ്രഭ ഉദ്ഘാടനം ചെയ്യുന്നു. മുളന്തുരുത്തിയിൽ നിർഭയാ ദിനാചരണത്തോടനുബന്ധിച്ച് നടന്ന പ്രതിഷേധസംഗമത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രഞ്ജി കുര്യൻ പ്രസംഗിക്കുന്നു.**

# ആൾപ്രമോഷൻ അവസാനിപ്പിക്കുക. വിദ്യാഭ്യാസ നിലവാരം ഉയർത്തുക

**കേരളത്തിലെ സ്കൂൾ ക്ലാസുകളിൽ ഇക്കഴിഞ്ഞ രണ്ട് പതിറ്റാണ്ടിലേറെക്കാലമായി പിന്തുടർന്ന് വന്ന ആൾ പാസ് സമ്പ്രദായം വിദ്യാഭ്യാസ നിലവാരത്തകർച്ചക്ക് ആഴം വർദ്ധിപ്പിക്കാനിട നൽകുകയാണ് ചെയ്യുന്നതെന്ന നിഗമനം അവതരിപ്പിച്ചുകൊണ്ട് സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പ് നവംബർ 17 ന് കേന്ദ്രസർക്കാരിന് കത്തയച്ചിരിക്കുന്നു. കൂട്ടക്ലാസ് കയറ്റത്തിലൂടെ നിലവാരമില്ലായ്മയുടെ ആഴം വർദ്ധിച്ചതല്ലാതെ കേരളം ഒന്നും നേടിയില്ലെന്ന് കുമ്പസാരിക്കുന്ന കത്തിൽ, തത്ഫലമായി സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിൽ നിന്ന് വിദ്യാർത്ഥികൾ ഇതരസ്കൂളുകളിലേക്ക് ഒഴുകുന്നുവെന്നും ചൂണ്ടികാണിക്കുന്നു. നിശ്ചയമായും ഈ നയംമാറ്റം ശുഭസൂചകമാണ്.**

**അ**തിന്റെ അടിസ്ഥാനത്തിലുള്ള മാറ്റങ്ങൾ ഏതെങ്കിലും അളവിൽ നടപ്പാക്കപ്പെട്ടാൽ, അതിഭീകരമായ തകർച്ചയെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന സംസ്ഥാന വിദ്യാഭ്യാസരംഗത്തെ രക്ഷിക്കാനുള്ള ആദ്യചുവടുവെയ്പായിരിക്കുമത്. 1996 ൽ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി ആൾ പ്രൊമോഷൻ സമ്പ്രദായം വ്യാപകമാക്കാനുള്ള നീക്കങ്ങൾ ആരംഭിക്കുന്നതിന് മുമ്പ് തന്നെ, നമ്മുടെ പാർട്ടി എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്), ആൾ പ്രൊമോഷൻ സമ്പ്രദായത്തിന്റെ അപകടങ്ങൾ ചൂണ്ടികാണിച്ചിരുന്നു. സംസ്ഥാനത്തെ പ്രാഥമിക ക്ലാസുകളിൽ പതിറ്റാണ്ടുകളായി ആൾ പാസ് നിലനിൽക്കുന്നുണ്ട്. കുട്ടി പഠിച്ചാലും ഇല്ലെങ്കിലും, തുടർ ക്ലാസുകളിലേക്ക് കടന്നുപോകുന്നത് കൊണ്ട് ആത്യന്തികമായി നഷ്ടം സംഭവിക്കുന്നത് കുട്ടിക്ക് തന്നെയാണെന്ന കാര്യം വസ്തുതകളുടെ പിൻബലത്തോടെ നമ്മൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. വിദ്യാഭ്യാസസ്നേഹികളുടെ പ്രസ്ഥാനമായ അഖിലേന്ത്യാ സേവ് എജ്യൂക്കേഷൻ കമ്മിറ്റിയും വിദ്യാർത്ഥികളുടെ പ്രസ്ഥാനമായ എഐഡിഎസ്ഒ യും ദേശീയ തലത്തിൽ നടത്തിവന്ന പോരാട്ടങ്ങൾക്ക് ഫലം കണ്ടുതുടങ്ങിയിരിക്കുന്നുവെന്നാണ് പുതിയ സംഭവവികാസങ്ങൾ നൽകുന്ന സൂചന.

എല്ലാ സംസ്ഥാനങ്ങളോടും തങ്ങളുടെ നിലപാടുകൾ അറിയിക്കാൻ കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിരുന്നു. അതിൽ കേരളമുൾപ്പെടെയുള്ള ചില സംസ്ഥാനങ്ങൾ ആൾ പ്രൊമോഷൻ സമ്പ്രദായം പിൻവലിക്കണമെന്ന നിലപാട് സ്വീകരിക്കുകയുണ്ടായി. കേരളത്തിന്റെ പൊതുവിദ്യാഭ്യാസ വകുപ്പ് സമർപ്പിച്ച റിപ്പോർട്ടിൽ ജയം–തോൽവി സമ്പ്രദായം പുനഃസ്ഥാപിക്കണമെന്ന് പറയാനുള്ള കാരണങ്ങൾ അക്കമിട്ട് പറയുന്നുണ്ട്.

1. ഡിപിഇപി, എസ്എസ്എ സമ്പ്രദായം വന്നതിനുശേഷം, കേരളത്തിൽ ഓൾ പ്രൊമോഷൻ വ്യാപകമായി. അതിനെത്തുടർന്ന് കൊഴിഞ്ഞുപോക്ക് വർദ്ധിച്ചു.

2. വാർഷിക–പാദവാർഷിക പരീക്ഷകൾ വിദ്യാർത്ഥിയുടെ നിലവാരമളക്കാനുള്ള വസ്തുനിഷ്ഠവിലയിരുത്തൽ രീതികളാണ്. വർഷാന്ത്യം നടക്കുന്ന എഴുത്തുപരീക്ഷകളിലൂടെ വിദ്യാർത്ഥികളുടെ അക്കാദമിക നിലവാരമെന്തെന്ന് അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും നേരിട്ടറിയാൻ അവസരം ലഭിക്കുന്നു.

3. ജയം തോൽവി സമ്പ്രദായമുള്ള പരീക്ഷകളിൽ വിദ്യാർത്ഥികൾ കൂടുതൽ ഊർജ്ജിതരായി പഠിക്കുകയും പങ്കെടുക്കുകയും ചെയ്യുന്നു. എഴുത്തുപരീക്ഷയില്ലെങ്കിൽ, കുട്ടികൾ ആ സമയം അലസമായി ചെലവഴിക്കുകയും ഗൗരവസമീപനം നഷ്ടപ്പെട്ടുപോവുകയും ചെയ്യുന്നു.

4. വാർഷിക പരീക്ഷകൾക്ക് പകരം നിരന്തരവും സമഗ്രവുമായ മൂല്യനിർണ്ണയം മാത്രം മതിയെന്ന നിലപാടിനെയും പൊതുവിദ്യാഭ്യാസ വകുപ്പ് വിമർശിക്കുന്നുണ്ട്. നിരന്തര മൂല്യനിർണ്ണയം (CE) വളരെയേറെ ആത്മനിഷ്ഠമായി മാറിക്കഴിഞ്ഞുവെന്ന വിമർശനത്തെ കത്ത് ശരിവെയ്ക്കുന്നു. കൃത്യമായ പരിശോധനക്ക് പകരം കുട്ടികളുടെ ബാഹ്യമായ കഴിവുകളെ അടിസ്ഥാനമാക്കി ഗ്രേഡ് നൽകുന്ന ഏർപ്പാടായി അത് മാറിയെന്നും റിപ്പോർട്ട് കുറ്റപ്പെടുത്തുന്നു.

5. പരീക്ഷാഭയം മൂലമാണ് കുട്ടികൾ കൊഴിഞ്ഞുപോകുന്നത് എന്ന വാദത്തിന് അടിസ്ഥാനമില്ല. അവർക്ക് പരീക്ഷയെ നേരിടാനുള്ള അറിവും ആത്മവിശ്വാസവും പകർന്നുകൊടുക്കാൻ കഴിയണം.

6. ടേം പരീക്ഷകൾ, വാർഷിക പരീക്ഷകൾ എന്നിവ വസ്തുനിഷ്ഠമായി നടത്തുന്നില്ല. അതുമൂലം അക്കാദമികനേട്ടങ്ങൾ തുച്ഛമായി തീർന്നിരിക്കുന്നു. പഠിക്കാനുള്ള ഉൾപ്രേരണയും കുട്ടികൾക്ക് നഷ്ടപ്പെട്ടുപോയി. ആയതിനാൽ, എഴുത്തുപരീക്ഷകൾ പുനഃസ്ഥാപിക്കണം.

മേൽപ്പറഞ്ഞ എല്ലാകാര്യങ്ങളും നമ്മൾ ഇതിനുമുമ്പ് ചൂണ്ടിക്കാണിച്ചിട്ടുള്ളവയാണ്. അവയുടെ അടിസ്ഥാനത്തിൽ കേരള സർക്കാർ മൂല്യനിർണ്ണയ സമ്പ്രദായം പൊളിച്ചെഴുതാൻ നടപടികളാരംഭിക്കുമോ എന്നതാണ് പ്രധാനപ്പെട്ട ചോദ്യം.

പ്രശ്നം ഇപ്പോൾ ദേശീയതലത്തിലെ കേന്ദ്രവിദ്യാഭ്യാസ അവകാശനിയമവുമായി ബന്ധപ്പെട്ടതാണ്. 2009 ൽ യുപിഎ സർക്കാർ പാസ്സാക്കിയ ആ നിയമപ്രകാരം ഒന്നാംക്ലാസ് മുതൽ എട്ടാം ക്ലാസുവരെ ജയം തോൽവി സമ്പ്രദായം പാടില്ല. സ്കൂളിൽ ചേരുന്ന എല്ലാ കുട്ടികളും 8-ാം ക്ലാസുവരെ ജയിക്കും, ജയിപ്പിക്കണം. ഫലപ്രഖ്യാപനം മുൻകൂറായി നടത്തുന്ന ഈ ഏർപ്പാട് നിയമപരമായി എല്ലാ സ്കൂളുകൾക്കും ബാധകമായതോടെ, പൊതുവിദ്യാലയങ്ങളിൽ നിർബ്ബന്ധപൂർവ്വം പഠിപ്പിച്ചില്ലെങ്കിൽ കുട്ടികൾക്ക് പഠിക്കാൻ മാർഗ്ഗമില്ലാതായി. അവർ സഹജമായ രീതിയിൽ കളികളിൽ മാത്രം ഏർപ്പെട്ടുപോരുന്നു. പരീക്ഷ അവർക്ക് പ്രശ്നമല്ല. എന്തെഴുതിയാലും ഇല്ലെങ്കിലും ജയിക്കുമെന്നുവന്നാൽ പിന്നെന്തിന് പഠിക്കണം എന്നതാണ് കുട്ടികളുടെ വിചാരം.

എന്നാൽ, ഇപ്പോഴും പുതിയ പാഠ്യപദ്ധതിയുടെ വക്താക്കൾ വിദ്യാർത്ഥികളെ തോൽപ്പിക്കുന്നത് ശരിയോ എന്നു ചോദിച്ചുകൊണ്ടിരിക്കുകയാണ്. പരീക്ഷയിൽ തോറ്റാൽ കുട്ടികൾക്ക് മനോവിഷമം ഉണ്ടാകുമത്രെ! അതുകൊണ്ട് കുട്ടി പഠിച്ചാലും ഇല്ലെങ്കിലും ജയിപ്പിക്കണമെന്ന് അവർ കണ്ണുമടച്ച് വാദിക്കുന്നു.

കുട്ടികളെ ക്ലാസുമുറിയിൽ പഠിപ്പിക്കാൻ എന്തു നടപടികളാണ് ഇപ്പറയുന്ന പാഠ്യപദ്ധതിയുടെ വക്താക്കൾ സ്വീകരിച്ചിട്ടുള്ളത് എന്ന മറുചോദ്യമാണ് നമുക്ക് ചോദിക്കാനുള്ളത്. കുട്ടികൾ പരീക്ഷയിൽ പരാജയപ്പെട്ടുപോകുന്നത്, അവർക്ക് ജയിക്കാനാവശ്യമായ, നിശ്ചിത നിലവാരമാർജ്ജിക്കാൻ ആവശ്യമായ വിദ്യാഭ്യാസം ക്ലാസുമുറികളിലെ വികലമായ പഠനസമ്പ്രദായങ്ങൾ നൽകാത്തത് കൊണ്ടല്ലേ? അപ്പോൾ പരിഹാരം വേണ്ടത് ബോധനത്തിന്റെ തലത്തിലെ പ്രശ്നങ്ങൾക്കല്ലേ? പഠിപ്പിച്ച് ജയിപ്പിക്കാനാവശ്യമായ പഠനരീതികളും പാഠ്യപദ്ധതിയും പൊതുവിദ്യാലയങ്ങളിൽ ഇപ്പോൾ നിലവിലില്ല എന്നതാണ് അടിസ്ഥാനപ്രശ്നം.

അടിസ്ഥാന അറിവുകൾ പോലും പകർന്നുനൽകാത്ത പാഠ്യപദ്ധതിയിൽ ജയിക്കുന്നവരും തോൽക്കുന്നവരും തമ്മിലെന്താണ് വ്യത്യാസം? യഥാർത്ഥത്തിൽ എല്ലാവരും തോൽക്കുകതന്നെയല്ലേ ചെയ്യുന്നത്? കയ്യിൽ 100% വിജയം നേടിയ സർട്ടിഫിക്കറ്റുകൾ നൽകി, വായിക്കാനറിയാത്ത സാക്ഷരരെ വർഷാവർഷം പടച്ചുവിടുന്ന സമ്പ്രദായമായി പാഠ്യപദ്ധതി മാറിയപ്പോൾ അതിന്റെ ഇരകളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

അതിന്റെ സൈദ്ധാന്തികമായി കാര്യകാരണങ്ങൾ രണ്ട് ദശാബ്ദക്കാലം മുമ്പ് തന്നെ ഞങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ലോക ബാങ്ക് കൊണ്ടുവന്ന പുതിയതെന്ന പേരിൽ വിളിക്കപ്പെട്ട ശിശുകേന്ദ്രിത–പ്രവർത്തനാധിഷ്ഠിത ബോധനസമ്പ്രദായമാണ് യഥാർത്ഥ കാരണം. ആ ബോധന സമ്പ്രദായത്തെ ന്യായീകരിക്കുവാൻ അവർ സാമൂഹികജ്ഞാന നിർമ്മിതിവാദം എന്ന സിദ്ധാന്തവും അവതരിപ്പിച്ചു. ഭാഷാപഠനത്തിന് ഹോൾ ലാംഗ്വേജ് അപ്രോച്ച് എന്ന വികലമായ സമീപനപദ്ധതിയും കൊണ്ടുവന്നു. അത് പ്രകാരം കുട്ടി ഒഴിഞ്ഞ പാത്രമല്ല. നിറയെ അനുഭവങ്ങളുമായാണ് കുട്ടി സ്കൂളിലെത്തുന്നത്. അവൻ അറിവിന്റെ നിർമ്മാതാവാണ്. ഒറ്റവാക്കിൽ പറഞ്ഞാൽ കുഞ്ഞിനെ പഠിപ്പിക്കാൻ പാടില്ല.

എഴുത്തും വായനയുമറിയാത്ത നല്ലൊരു വിഭാഗം വിദ്യാർത്ഥികളാണ് നമ്മുടെ സ്കൂൾ ക്ലാസുകളിൽ ഹയർസെക്കണ്ടറി തലം വരെയുള്ളതെന്ന് ഇപ്പോൾ പുറത്തുവരുന്ന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. അതിന് കാരണം മേൽപ്പറഞ്ഞ അസംബന്ധസിദ്ധാന്തങ്ങളും അവയുടെ പ്രയോഗങ്ങളുമായിരുന്നു. ആ സിദ്ധാന്തങ്ങളുടെ വൈകല്യങ്ങളെക്കുറിച്ചുള്ള ഏറ്റവും പുതിയ പഠനങ്ങളെക്കുറിച്ച് ജീവൻ ജോബ് തോമസ് മാതൃഭൂമി ആഴ്ചപ്പതിപ്പിൽ എഴുതിയ ലേഖനം വെളിവാക്കുന്നത് നാം വർഷങ്ങൾക്ക് മുമ്പ് വിശദീകരിച്ച ശിശുമനഃശാസ്ത്ര, വിദ്യാഭ്യാസ മനഃശാസ്ത്ര തത്ത്വങ്ങൾ എത്രമേൽ ശരിയായിരുന്നുവെന്നതാണ്. കേൾക്കുന്ന ശബ്ദത്തിൽ നിന്ന് എഴുതുന്ന ഭാഷയിലേക്കും എല്ലാവർക്കും ഒരുപോലെ വായിക്കാനാകുന്ന ഭാഷയിലേക്കുമുള്ള പരിണാമം സംഭവിച്ചത് അക്ഷരമാലയുടെ കണ്ടെത്തലോടെയാണെന്ന് ജീവൻ ജോബ് തന്റെ ലേഖനത്തിൽ പറയുന്നുണ്ട്. ഭാഷ പ്രത്യേകം പഠിപ്പിക്കേണ്ടതില്ല, സ്വയം പഠിക്കാൻ കഴിയുമെന്ന തലതിരിഞ്ഞ സിദ്ധാന്തം അവതരിപ്പിച്ച കെന്നത്ത് ഗുഡ്മാൻ ഭാഷാപഠനം എന്നത് മനുഷ്യന്റെ ഏറ്റവും സ്വാഭാവിക ജൈവപ്രക്രിയയാണെന്ന് പ്രചരിപ്പിക്കുകയുണ്ടായി.

എന്നാൽ, യഥാർത്ഥത്തിൽ അങ്ങനെ സ്വാഭാവികമായ ജൈവപ്രക്രിയയല്ല വായനയും എഴത്തും എന്ന് തെളിയിക്കുന്നതാണ് ലോകത്തെ പുതിയ പഠനങ്ങൾ. ഉദാഹരണത്തിന് ഫ്രഞ്ച് കോഗ്നിറ്റീവ് സയന്റിസ്റ്റ് ആയ സ്റ്റാനിസ്ലാസ് ദെഹെയ്ന്റെ 2009 ലെ Reading in Brain എന്ന കൃതിയെ ഉദ്ധരിക്കുന്നുണ്ട് ജീവൻ ജോബ് തോമസ്. അതിൽ പറയുന്നു: അതിസങ്കീർണ്ണമായ ഒരു ആർക്കിടെക്ചറിലൂടെയാണ് നമുക്ക് വാക്കിന്റെ കാഴ്ചയെ ശബ്ദത്തിന്റെ വ്യവസ്ഥയുമായി കൂട്ടിയിണക്കി വായന സാധ്യമാകുന്നത്. പക്ഷേ, അതിവേഗത്തിൽ നടക്കുന്ന ആ പ്രക്രിയ പലപ്പോഴും ഒരു അബദ്ധധാരണയുണ്ടാക്കാൻ പര്യാപ്തമാണ് എന്നതാണ് സത്യം. നമ്മൾ വായിക്കുന്നത് വാക്കിനകത്തെ ഓരോ അക്ഷരത്തെയും പ്രത്യേകം പ്രത്യേകമായി തിരിച്ചറിഞ്ഞുകൊണ്ടല്ല, മറിച്ച് വാക്കിനെ ഒന്നിച്ചാണ് എന്നതാണ് ആ അബദ്ധധാരണ. അക്ഷരത്തെ ശബ്ദമായി ഡീകോഡ് ചെയ്തുകൊണ്ട് വാക്കിനെ വായിച്ചെടുക്കുന്ന രീതിയെ കേവലമായ നോട്ടത്തിലൂടെ തിരിച്ചറിയുക വളരെ പ്രയാസമാണ്. കാരണം നമ്മുടെ ചിന്തയുടെ വേഗത്തിന്റെ ഏറ്റവും ഉന്നതമായ അവസ്ഥയാണത്. സൂക്ഷ്മമായ ന്യൂറോ സാങ്കേതിക പഠനങ്ങളിലൂടെ മാത്രമേ നമുക്ക് അതിനെ തിരിച്ചറിയാനാകൂ. അതായത് ഹോൾവേഡ് അപ്രോച്ചിലൂടെയാണ് നമ്മൾ വായിക്കുന്നത് എന്ന കാഴ്ചപ്പാടിനെ കോഗ്നിറ്റീവ് ന്യൂറോ സയൻസിന്റെ വഴികളിലൂടെയുള്ള അന്വേഷണങ്ങൾ പാടേ തള്ളിക്കളയുന്നു.... വായന ആത്യന്തികമായി ഒരു സ്വാഭാവിക ജൈവ പ്രക്രിയയല്ല എന്ന് ആ പഠനങ്ങൾ അസന്നിഗ്ധമായി സ്ഥാപിക്കുന്നുണ്ട്. കുട്ടികൾ ഭാഷ സംസാരിക്കാൻ പഠിക്കുമ്പോലെ സ്വാഭാവികമായി എഴുതാനും വായിക്കാനും പഠിക്കും എന്ന ചിന്ത ഒരു മിഥ്യയാണ്. (മാതൃഭൂമി ആഴ്ചപ്പതിപ്പ്, നവം.15 പേജ് 81)

ആ മിഥ്യയാണ് ഇക്കഴിഞ്ഞ രണ്ടുപതിറ്റാണ്ടുകാലം കേരളത്തിന്റെ ബോധനസമ്പ്രദായങ്ങളെ ഭരിച്ചത്. എന്തുകൊണ്ട് ആ സമ്പ്രദായങ്ങളിലൂടെ കടന്നുവന്ന കുട്ടികൾക്ക് വായിക്കാനറിയില്ല, എഴുതാൻ അറിയില്ല. എന്നീ ചോദ്യങ്ങൾക്ക് ഞങ്ങൾ നൽകിവന്ന സൈദ്ധാന്തികമായ ഉത്തരങ്ങൾ ഏറ്റവും പുതിയ പഠനങ്ങൾ ഒരിക്കൽക്കൂടി സാധൂകരിക്കുകയാണ്. പ്രായോഗിക തലത്തിൽ എന്തുസംഭവിച്ചുകൊണ്ടിരിക്കുന്നുവെന്ന്, കുട്ടികളുടെ ഭാഷാശേഷി പരിശോധിക്കുന്ന എല്ലാ പഠനറിപ്പോർട്ടുകളും തെളിവുകൾ സഹിതം ചൂണ്ടിക്കാട്ടിയിട്ടും ഒരു മാറ്റവും വരുത്താൻ പാഠ്യപദ്ധതി വക്താക്കൾ തയ്യാറാകുന്നില്ല.

2014 ലെ ആന്വൽ സ്റ്റാറ്റസ് ഓഫ് എജ്യൂക്കേഷൻ റിപ്പോർട്ടിൽ(ASER) പറയുന്നു: കേരളത്തിലെ അഞ്ചാം ക്ലാസിലെ 50% കുട്ടികൾക്ക് രണ്ടാം ക്ലാസിലെ മലയാള ഭാഷാ പാഠങ്ങൾ വായിക്കാനറിയില്ല. പുതിയ പാഠ്യപദ്ധതി നടത്തിപ്പുകാരായ SCERT 2015 ൽ നടത്തിയ സാമ്പിൾ സർവ്വേ റിപ്പോർട്ട് അഖിലേന്ത്യാ സേവ് എജ്യൂക്കേഷൻ കമ്മിറ്റി പുറത്തുവിട്ടപ്പോൾ കണ്ടത് 4–ാം ക്ലാസിലെ 47.52% വിദ്യാർത്ഥികൾക്കും മലയാളഭാഷയിലെ ലളിതമായ ചോദ്യങ്ങൾക്ക് എല്ലാറ്റിനും ഉത്തരം എഴുതാൻ കഴിയുന്നില്ലായെന്നാണ്. 7–ാം ക്ലാസിലെ കുട്ടികളെ പരിശോധിച്ചപ്പോൾ 38% കുട്ടികളും നിശ്ചിതനിലവാരത്തിനും പിന്നിലാണെന്ന് കണ്ടെത്തി.

ഇത്രയൊക്കെപ്പോരേ, വികലമായ ഒരു പാഠ്യപദ്ധതി പരിഷ്ക്കരണം അവസാനിപ്പിക്കാൻ?.എന്നാൽ, ആൾ പാസ് സമ്പ്രദായം കുട്ടികളുടെ യഥാർത്ഥസ്ഥിതി മറച്ചുവെയ്ക്കാൻ കൂടിയാണ് കൊണ്ടുവന്നത്. അതുകൊണ്ട് കുട്ടികൾ എന്തുപഠിക്കുന്നുവെന്ന് പുറംലോകം അറിയുന്നില്ല. എന്നാൽ, ഇനിയും ഈ സ്ഥിതി തുടരാൻ നമ്മുടെ സംസ്ഥാനം അനുവദിച്ചുകൂടാ. ബിജെപി നയിക്കുന്ന കേന്ദ്രസർക്കാരിന്റെ തീരുമാനം എന്തുമാകട്ടെ, ആദ്യം സംസ്ഥാനസർക്കാർ എത്രയുംവേഗം തെറ്റ് തിരുത്താൻ തുടങ്ങണം. ആൾപാസ് മാത്രം പിൻവലിച്ചാൽ പോരാ, നിലവിലുള്ള പാഠ്യപദ്ധതിയും പഠനസമ്പ്രദായവും പൂർണ്ണമായി ഉപേക്ഷിക്കുകയും വേണം. കേരളസമൂഹത്തിന്റെ അപേക്ഷയാണത്. ■

## തൃശൂർ ഭാരത് വിദ്യാമന്ദിരത്തിലെ അദ്ധ്യാപകസമരം വിജയിച്ചു.

കേരളത്തിലെ അൺ-എയ്ഡഡ് സ്കൂളുകളിലെ ടീച്ചർമാർ നേരിടുന്ന തൊഴിൽ ചൂഷണത്തിനെതിരെയും ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ള മിനിമം വേതനത്തിനും സർവ്വീസിന് ആനുപാതികമായ ശമ്പളവർദ്ധനവിനും പ്രൊവിഡന്റ് ഫണ്ടിനും വേണ്ടി കെയുഎസ്ടിഒ യുടെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി നടക്കുന്ന പ്രക്ഷോഭണത്തിന്റെ ഭാഗമായി തൃശൂർ വിദ്യാമന്ദിരത്തിലെ അദ്ധ്യാപകർ ഒറ്റക്കെട്ടായി സമരം സംഘടിപ്പിച്ചു. കാസ്സുകൾ മുടക്കാതെ ഒരുമാസക്കാലം വിവിധതരത്തിലുള്ള സമരപരിപാടികൾ നടപ്പിലാക്കി. മാനേജുമെന്റിൽ നിന്നും അനുകൂലമായ തീരുമാനം ഉണ്ടാകാതിരുന്ന പശ്ചാത്തലത്തിൽ അനിശ്ചിതകാല പണിമുടക്കിന് ആഹ്വാനം ചെയ്തു. കെയുഎസ്ടിഒ മുന്നോട്ടുവച്ച ഡിമാന്റിന്റെ ന്യായയുക്തതയും സമരത്തിന് വർദ്ധിച്ചുവരുന്ന ബഹുജനപിന്തുണയും ബോധ്യപ്പെട്ട മാനേജ്മെന്റ് അനുരഞ്ജന ചർച്ചക്ക് തയ്യാറാകുകയും ഡിമാന്റുകൾ അംഗീകരിക്കുകയും ചെയ്തു. അതിനെ തുടർന്ന്, തീരുമാനിക്കപ്പെട്ട അനിശ്ചിതകാല പണിമുടക്ക് സമരം പിൻവലിക്കുകയും ചെയ്തു. ■

# ഡബ്ലിയുടിഒ നെയ്റോബി സമ്മേളനവും കേരളത്തിലെ ആഗോള വിദ്യാഭ്യാസ നിക്ഷേപക സംഗമവും

**ലോകവ്യാപാര സംഘടനയുടെ പത്താമത് മന്ത്രിതല സമ്മേളനം കെനിയയുടെ തലസ്ഥാനമായ നെയ്റോബിയിൽ 2015 ഡിസംബർ 15 മുതൽ 18 വരെ നടക്കുകയുണ്ടായി. ഇന്ത്യ ഉൾപ്പെടെയുള്ള മൂന്നാം ലോകരാജ്യങ്ങളിലെ ജനങ്ങൾക്ക് മേൽ കരിനിഴൽ വീഴ്ത്തിയ ആ സമ്മേളനത്തിന്റെ വിശദാംശങ്ങൾ ഇപ്പോഴും പുറത്തുവന്നിട്ടില്ല. കാർഷിക മേഖലയിൽ ഇന്ത്യയ്ക്കുണ്ടായ കനത്ത തിരിച്ചടിയെക്കുറിച്ചുള്ള ചില സൂചനകൾ മാത്രമാണ് മാധ്യമങ്ങൾ ഇതുവരെ ചർച്ച ചെയ്തത്. എന്നാൽ, വിദ്യാഭ്യാസരംഗമുൾപ്പെടെയുള്ള മണ്ഡലങ്ങളിൽ സുപ്രധാനമായ കരാറുകൾ അവിടെ ഒപ്പുവെയ്ക്കപ്പെട്ടിട്ടുണ്ട്.**

**സേ**വനരംഗങ്ങൾ ലോകവ്യാപാരത്തിന്റെ ഭാഗമാക്കാനാണ് ഗാട്സ് ഉടമ്പടി (General Agreement On Trade in Services) കൊണ്ടുവന്നത്. ഇന്ത്യ അതിൽ 2005 ൽ ഒപ്പുവെച്ചെങ്കിലും അതിന്റെ സർവ്വാംശങ്ങളെയും സംബന്ധിക്കുന്ന അന്തിമ കരാറുകൾ നെയ്റോബിയിൽ വച്ച് ഒപ്പുവെയ്ക്കുമെന്ന ഭയാശങ്കകൾ ഇന്ത്യയിലെ വിദ്യാഭ്യാസ സ്നേഹികൾക്കിടയിൽ വ്യാപകമായിരുന്നു. വിശേഷിച്ചും മോദി സർക്കാർ മുൻകൂറായി ചില ഓഫറുകൾ മുന്നോട്ടുവെച്ച സാഹചര്യത്തിൽ പ്രതിഷേധം അലയടിക്കുകയുണ്ടായി. എന്തൊക്കെയായിരുന്നു ആ ഓഫറുകൾ?

ഒന്ന്, വിദേശ സർവ്വകലാശാലകൾക്ക് ഇന്ത്യയിൽ ഫ്രാഞ്ചൈസികൾ ആരംഭിക്കാനുള്ള അനുമതി നൽകും. സർക്കാർ/സ്വകാര്യ വകഭേദമില്ലാതെ അത്തരം സ്ഥാപനങ്ങൾക്ക് സർക്കാർ സബ്സിഡിയും നൽകും. സബ്സിഡി നിലക്കുമ്പോൾ, അവക്ക് സ്വന്തം നിലക്ക് ഫണ്ട് കണ്ടെത്താനുള്ള അവസരം നൽകും.

രണ്ട്, ലോകവ്യാപാര സംഘടനക്ക് ഇന്ത്യയുടെ വിദ്യാഭ്യാസ നയസംബന്ധമായ കാര്യങ്ങളിൽ ഇടപെടാം. അതിന് അക്രഡിറ്റേഷൻ നൽകപ്പെട്ട സ്ഥാപനത്തിന് അധികാരം നൽകും. മൂന്ന്, ഇന്ത്യൻ വിദ്യാർത്ഥികൾക്ക് വിദേശത്തും വിദേശ വിദ്യാർത്ഥികൾക്ക് ഇന്ത്യയിലും അവരവരുടെ ചെലവിൽ പഠിക്കാം.

മേൽപ്പറഞ്ഞവ ലോകവ്യാപാര സംഘടനക്ക് മുന്നിൽ ഇന്ത്യാ സർക്കാർ അങ്ങോട്ട് സമർപ്പിക്കുന്ന ഓഫറുകളാണ്. എന്നാൽ അതിന് മുന്നേതന്നെ, സുഗമമായ വിദ്യാഭ്യാസ വ്യാപാരത്തിനും നിയന്ത്രണത്തിനുമായി ലോകവ്യാപാര സംഘടന ഒരു കൗൺസിൽ രൂപവൽക്കരിച്ചിട്ടുണ്ട്. കൗൺസിൽ ഫോർ ട്രേഡ് ഇൻ സർവ്വീസസ്. വിദ്യാഭ്യാസ വാണിജ്യത്തിന്റെ സൗകര്യങ്ങൾക്കായി അത് പ്രാഥമികം, സെക്കണ്ടറി, ഉന്നതം, വയോജനം എന്നിങ്ങനെയുള്ള വിഭജനങ്ങൾ വരുത്തുകയും നാലുമോഡുകളിലൂടെ അന്തർദ്ദേശീയ വിദ്യാഭ്യാസ വ്യാപാരം നടത്താനുള്ള ക്രമീകരണം നടത്തുകയും ചെയ്തിട്ടുണ്ട്. ഒന്ന്, ദേശാതിർത്തികൾ ഭേദിക്കുന്ന ഓൺലൈൻ വിദ്യാഭ്യാസം. രണ്ട്, ഉപഭോക്താവ് വിദേശരാജ്യങ്ങളിൽ ചെന്ന് നേടുന്നത്, മൂന്ന്, മൾട്ടി നാഷണൽ കോർപ്പറേറ്റുകൾ വിവിധ രാജ്യങ്ങളിൽ നേരിട്ടുനടത്തുന്ന വിദ്യാഭ്യാസ വ്യാപാരം. നാല്, വിദ്യാഭ്യാസ ദാതാക്കളായ രാജ്യങ്ങളിൽ നിന്നുള്ള ദേശീയ വ്യക്തിത്വങ്ങളെ മറ്റ് രാജ്യങ്ങളിലേക്ക് കയറ്റി അയച്ച് നൽകുന്ന വിദ്യാഭ്യാസം. എല്ലാം ബിസിനസ്സ് മോഡിൽ തന്നെയാണ് വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നത്.

വിദ്യാഭ്യാസത്തെ ചരക്കായാണ് ഡബ്ളിയുടിഒ വിശേഷിപ്പിക്കുന്നത്. വിദ്യാഭ്യാസരംഗത്ത് നിക്ഷേപിക്കാൻ എത്തുന്നവരെ ദാതാക്കളായും അദ്ധ്യാപകരെ സഹായികളായും വിദ്യാർത്ഥികളെ ഉപഭോക്താക്കളായുമാണ് ലോകവ്യാപാരസംഘടന കാണുന്നത്. അതുകൊണ്ട് തന്നെ ലോകവ്യാപകമായി ഭരണാധികാരികൾ നടത്തുന്ന വിദ്യാഭ്യാസ സമ്മേളനങ്ങളിൽ ചർച്ച ചെയ്യുന്നത് വിദ്യാഭ്യാസത്തെക്കുറിച്ചല്ല, വിദ്യാഭ്യാസമാനേജ്മെന്റിനെക്കുറിച്ചാണ്. വ്യാപാരത്തെ വിദഗ്ദ്ധമായി മാനേജ് ചെയ്യാൻ ആവശ്യമായ തന്ത്രങ്ങൾ മെനയുക എന്ന അജണ്ടയാണ് ഡിസംബർ 17,18 തീയതികളിൽ തിരുവനന്തപുരം മസ്ക്കറ്റ് ഹോട്ടലിൽ ചേർന്ന ഇൻസെമ 2015(International Conference On Educational Management and Administration) ചർച്ച ചെയ്തത്. അതിന്റെ തുടർച്ചയായിട്ടാണ് ജനുവരി 28,29 തീയതികളിൽ വിവിധ ലോകരാജ്യങ്ങളിലെ നിക്ഷേപകർ പങ്കെടുക്കുന്ന ഒരു ആഗോള നിക്ഷേപക സംഗമം കോവളം ലീലാഹോട്ടലിൽ യുഡിഎഫ് സർക്കാർ സംഘടിപ്പിക്കാനൊരുങ്ങുന്നത്. വ്യാവസായിക രംഗത്തെ പ്രത്യേക സാമ്പത്തിക മേഖലകൾക്ക് സമാനമായ വിധത്തിൽ പ്രത്യേക വിദ്യാഭ്യാസ മേഖലകൾ ആരംഭിക്കുന്നതിന്റെ പ്രഖ്യാപനവും ആഗോളനിക്ഷേപക മേളയിൽ പ്രതീക്ഷിക്കപ്പെടുന്നു.

### ചൂഷണത്തിന്റെ പുതിയ മുഖം: പ്രത്യേകവിദ്യാഭ്യാസ മേഖലകൾ വരുന്നു.

പ്രത്യേക വിദ്യാഭ്യാസ മേഖലയിൽ വൻ മൂലധന നിക്ഷേപത്തിന്റെ സാധ്യതകളാണത്രെ സർക്കാർ കാണുന്നത്. ഇരുപത് ഏക്കർ സ്ഥലവും ഉന്നത ബിരുദകോഴ്സുകളിൽ അഞ്ചു വർഷത്തെ നടത്തിപ്പ് പരിചയവും വിദേശ സർവ്വകലാശാലകളുമായി ധാരണാപത്രവും(MOU) ഉണ്ടെങ്കിൽ സംസ്ഥാനത്തെവിടെയും ആർക്കും പ്രത്യേക വിദ്യാഭ്യാസ മേഖലകൾ ആരംഭിക്കാം. വൻനികുതിയിളവുകൾ, നിയന്ത്രണങ്ങൾ ഒഴിവാക്കൽ, ലാഭം ഉറപ്പാക്കൽ, വാണിജ്യസമുച്ചയങ്ങൾ അനുബന്ധമായി ആരംഭിക്കാൻ അനുമതി നൽകൽ, ഏകജാലക രജിസ്ട്രേഷൻ സംവിധാനമൊരുക്കൽ തുടങ്ങിയവയൊക്കെയാണ് പ്രത്യേക വിദ്യാഭ്യാസ മേഖലകളുടെ സവിശേഷതകൾ.

പൊതുഖജനാവ് ഉപയോഗിച്ച് ഭൗതിക സംവിധാനങ്ങൾ വാർത്തെടുക്കാൻ വിദേശനിക്ഷേപകരുൾപ്പെടെയുള്ളവർക്ക് അവസരങ്ങൾ പ്രദാനം ചെയ്യുന്ന സാർവ്വദേശീയ വിദ്യാഭ്യാസ വ്യാപാരസംരംഭമാണ് കേരളത്തിലെ പ്രത്യേക വിദ്യാഭ്യാസ മേഖലകൾ. ജനാധിപത്യ-മതേതര-മാനവിക വിദ്യാഭ്യാസ സങ്കൽപ്പങ്ങളെ മുഴുവൻ കുഴിച്ചുമൂടിയതിനുശേഷം പകരം ആഗോള സാങ്കേതിക-തൊഴിൽ-നൈപുണി വിദ്യയുടെ പരിശീലനം മാത്രം കൊടുക്കുക എന്നതാണ് യഥാർത്ഥത്തിൽ ഈ സമ്മേളനങ്ങൾ ലക്ഷ്യം വെയ്ക്കുന്നത്.

ആഗോള കോർപ്പറേറ്റുകൾ നമ്മുടെ സ്കൂൾ വിദ്യാഭ്യാസത്തെ നിയന്ത്രിക്കാൻ തുടങ്ങുകയാണ് ഈ കേരളത്തിലും. അതിന്റെ മൂർത്തമായ ആവിഷ്ക്കാരങ്ങൾ കണ്ടുതുടങ്ങിയിരിക്കുന്നു.

നെയ്റോബിയിൽ ലോകവ്യാപാരസമ്മേളനം ആരംഭിച്ച ഡിസംബർ 15 ന് കേരള തലസ്ഥാനത്ത് സെക്രട്ടേറിയറ്റിന് മുന്നിൽ വിദ്യാഭ്യാസമൊരു ആഗോളചരക്കല്ലായെന്ന് പ്രഖ്യാപിച്ചുകൊണ്ട്, അഖിലേന്ത്യാ സേവ് എജ്യുക്കേഷൻ കമ്മിറ്റിയുടെ ആഹ്വാനപ്രകാരം ജനാധിപത്യവിദ്യാഭ്യാസ അവകാശ പ്രഖ്യാപന സംഗമം സംഘടിപ്പിച്ചത് ഈ പശ്ചാത്തലത്തിലാണ്. സേവ് എജ്യുക്കേഷൻ കമ്മിറ്റിയുടെ അഖിലേന്ത്യാ പ്രസിഡന്റ് സമാദരണീയനായ ഡോ.എൻ.എ.കരിം സംഗമം ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസം ഒരു ആഗോളചരക്കല്ലെന്ന് അദ്ദേഹം ഒരിക്കൽക്കൂടി ആ സംഗമത്തിൽ പ്രഖ്യാപിക്കുകയുണ്ടായി. ലോകസാമ്രാജ്യത്വശക്തികൾ മനുഷ്യന്റെ എല്ലാ പ്രവർത്തനങ്ങളെയും വ്യാപാരത്തിന്റെ ഭാഗമാക്കി മാറ്റുകയും അവയെ നിയന്ത്രിക്കാൻ ലോകചട്ടങ്ങൾ നിർമ്മിക്കുകയുമാണ് ചെയ്യുന്നത്. എന്നാൽ, ആ മനുഷ്യവിരുദ്ധമായ ചട്ടങ്ങൾക്ക് പിന്തുണ കൊടുക്കുന്ന മോദി സർക്കാർ ആരോടും ആലോചിക്കാതെ, പാർലമെന്റിനെപ്പോലും വെറും നോക്കുക്കുത്തിയാക്കി മാറ്റിക്കൊണ്ട് നമ്മുടെ സേവനരംഗങ്ങൾ പോലും തീറെഴുതിക്കൊടുക്കുന്നു. നെയ്റോബിയിലും അതാവർത്തിക്കപ്പെട്ടു. ഇന്ത്യയെ രക്ഷിക്കാൻ ഡബ്ളിയുടിഒ, ഗാട്സ് ഉടമ്പടികളിൽ നിന്ന് ഇന്ത്യ പുറത്ത് കടക്കണമെന്ന് ഡോ.എൻ.എ. കരിം ആവശ്യപ്പെട്ടു. തുടർന്ന് ജനാധിപത്യ വിദ്യാഭ്യാസ അവകാശപ്രഖ്യാപനം, എഐഡിഎസ്ഒ സംസ്ഥാനപ്രസിഡന്റ് ഇ.എൻ. ശാന്തിരാജ് വായിച്ചു. അതിന്റെ പൂർണ്ണരൂപം ചുവടെ നൽകുന്നു.

വിദ്യാഭ്യാസം ജന്മാവകാശമാണ്. ഭാരതമണ്ണിൽ പിറന്നുവീഴുന്ന എല്ലാ കുഞ്ഞുങ്ങൾക്കും ഒരേപോലെ അവകാശപ്പെട്ടതാണ് ജനാധിപത്യ വിദ്യാഭ്യാസം. നമ്മുടെ ഭരണഘടനയുടെ ഏറ്റവും പ്രധാനപ്പെട്ട അനുശാസനങ്ങളിൽ ഒന്ന് അതായിരുന്നു. എന്നാൽ, ലോകസാമ്പത്തിക വ്യവസ്ഥിതിയുടെ നിയന്ത്രണം സാമ്രാജ്യത്വ-മുതലാളിത്ത ശക്തികൾ ഏറ്റെടുക്കുകയും ഇന്ത്യയിലെ ഭരണാധികാരികൾ അവരോടൊപ്പം ചേർന്ന് പ്രവർത്തിക്കുകയും ചെയ്യുന്ന ആധുനിക കാലഘട്ടത്തിൽ വിദ്യാഭ്യാസവും ആരോഗ്യവുമുൾപ്പെടെയുള്ള സർവ്വമാനരംഗങ്ങളും ആഗോളകമ്പോളത്തിന്റെ ഭാഗമായി മാറിയിരിക്കുന്നു.

ലോകവ്യാപാരസംഘടനയുടെ ഇതുവരെ നടന്ന മന്ത്രിതല സമ്മേളനങ്ങളിൽ വിദ്യാഭ്യാസത്തെ ആഗോളചരക്കെന്നാണ് വിശേഷിപ്പിക്കുന്നത്. വിജ്ഞാനത്തെ ഒരു അന്തർദ്ദേശീയ വിപണന വസ്തുവാക്കിമാറ്റുന്ന പ്രഖ്യാപനങ്ങളാണവർ നടത്തുന്നത്. കുത്തകകൾക്ക് തടസ്സങ്ങളില്ലാതെ ക്രയവിക്രയം ചെയ്യാൻ വേണ്ടിയുള്ള വ്യാവസായിക ഉൽപ്പന്നമായിട്ട് മാത്രം വീക്ഷിക്കുന്ന WTO യിലെ അംഗരാജ്യങ്ങൾ വിദ്യാഭ്യാസത്തിന്റെ വിമോചനധർമ്മം കണ്ടെത്തിയ നവോത്ഥാന സങ്കൽപ്പങ്ങളെയും അതിനെ അടിസ്ഥാനപ്പെടുത്തിയ സ്ഥാപനങ്ങളെയും അട്ടിമറിക്കാൻ ശ്രമിക്കുന്നു. ഗാട്സ് ഉടമ്പടിക്ക് (General Agreement on Trade in Services) ലോകവ്യാപാര സംഘടന രൂപം നൽകിയത് വിദ്യാഭ്യാസത്തിന്റെ മാനവിക മൂല്യങ്ങൾ അട്ടിമറിക്കാൻ കൂടി ലക്ഷ്യമിട്ടുതന്നെയാണ്. ആഗോള കോർപ്പറേറ്റുകൾക്ക് പണിയാളുകളായി വിലകുറഞ്ഞ ടെക്നോക്രാറ്റുകളെ ഉൽപാദിപ്പിക്കുക എന്ന പരിമിതമായ ആവശ്യകതയെ നിറവേറ്റിയാൽ മതി. അതിന്, വിദ്യാഭ്യാസത്തിന്റെ ശാസ്ത്രീയ-മതേതര-ജനാധിപത്യസങ്കൽപ്പങ്ങൾ ഇല്ലാതാക്കുകയും സാങ്കേതിക തൊഴിൽ പരിശീലനം മാത്രം ലക്ഷ്യമാക്കുകയും ചെയ്യുക എന്ന അജണ്ട മുഖ്യസ്ഥാനത്ത് പ്രതിഷ്ഠിക്കപ്പെടുന്നു. ലോകവ്യാപാര സംഘടനയുടെ നെയ്റോബി സമ്മേളനം, വിദ്യാഭ്യാസരംഗത്ത് എന്തെങ്കിലും മാനവമൂല്യങ്ങൾ അവശേഷിക്കുന്നുണ്ടെങ്കിൽ അവയെക്കൂടി അവസാനിപ്പിക്കാൻ ആഗ്രഹിക്കുന്നു. 2005-ൽ അന്നത്തെ ഭാരതസർക്കാർ ഒപ്പുവെച്ച ഗാട്സ് കരാർ അതിന്റെ ആരംഭമായിരുന്നു. അന്തിമക്കരാർ ഒപ്പുവെയ്ക്കുന്നതിനായി അവർ നെയ്റോബിയിൽ സമ്മേളിക്കുകയാണ്.

ഇന്ത്യയുടെ വാതിലുകൾ മലർക്കെ തുറന്നുകൊടുക്കാമെന്ന് മോദിസർക്കാർ ലോകവ്യാപാര സംഘടനക്ക് ഓഫർ കൊടുത്തിരിക്കുന്നു. നമ്മുടെ പൊതുവിദ്യാഭ്യാസത്തെയും പൊതുസർവ്വകലാശാലകളെയും ഗവേഷണരംഗത്തെയും നിയന്ത്രിക്കാൻ ഇന്ത്യകൂടി ഉൾപ്പെടുന്ന ലോകസാമ്രാജ്യത്വ ശക്തികൾക്ക് അധികാരപത്രം എഴുതിക്കൊടുക്കുമ്പോൾ, ഇല്ല, അതംഗീകരിക്കാനാവില്ലായെന്ന് ഇന്ത്യൻ വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്നവർ ഉറക്കെ പ്രഖ്യാപിക്കേണ്ട ദിനമാണിന്ന്.

വിദ്യാഭ്യാസം ഒരു ആഗോളചരക്കല്ല. ലാഭേച്ഛയില്ലാത്ത, മാനവസമൂഹത്തിന്റെ വിദ്യാദാന പ്രക്രിയയാണത്. ജനാധിപത്യവും മതേതരത്വവും സാർവ്വത്രികതയും ഉൾച്ചേരുന്ന മഹത്തായ സേവനരംഗമാണത്. ലോകവ്യാപാരത്തിന്റെ ഭാഗമാക്കി വിദ്യാഭ്യാസത്തെ മാറ്റാൻ അനുവദിക്കില്ലെന്ന് പ്രഖ്യാപിക്കുന്ന ജനാധിപത്യ വിദ്യാഭ്യാസ സംഗമമാണ് ഇന്നിവിടെ ചേരുന്നത്.

മാനവികതയെ സംരക്ഷിക്കാനാഗ്രഹിക്കുന്നവർക്ക്, ആഗോളവൽകൃതമായ കമ്പോളത്തിന്റെ ബന്ധനങ്ങളിൽ നിന്ന് മനുഷ്യനെയും അവന്റെ ചിന്തയെയും വിദ്യാഭ്യാസത്തെയും മോചിപ്പിക്കാനുള്ള ചുമതലയുണ്ട്. ഇന്ത്യയിലെ ജനാധിപത്യ വിദ്യാഭ്യാസത്തെ സംരക്ഷിക്കാൻ അടിയന്തിരമായി വേണ്ടത് ലോകവ്യാപാര സംഘടനയുടെ ചതിക്കുഴിയിൽ നിന്നും പുറത്തുകടക്കാനുള്ള തീരുമാനമാണ്. അതല്ലാതെ മറ്റൊരുമാർഗ്ഗവുമില്ല. ആ തീരുമാനത്തിലെത്താൻ ഭരണാധികാരിവർഗ്ഗത്തിനുമേൽ കടുത്ത സമ്മർദ്ദങ്ങൾ സൃഷ്ടിക്കേണ്ടിവരും. ശാസ്ത്രീയ-ജനാധിപത്യ-മതേതര-സാർവ്വത്രിക വിദ്യാഭ്യാസത്തിന്റെ കാഴ്ചപ്പാടുകൾ ഉയർത്തിപ്പിടിച്ചുകൊണ്ട് നമുക്കൊന്നിച്ച് അതിനായി മുന്നേറാം.

സംഗമത്തിൽ ഡോ.വി.വേണുഗോപാൽ അദ്ധ്യക്ഷത വഹിച്ചു. വിദ്യാഭ്യാസത്തെയും മാനവികതയെയും രക്ഷിക്കാൻ നാം സർവ്വസജ്ജരായി രംഗത്തിറങ്ങാൻ സമയം അതിക്രമിച്ചിരിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. AISEC കേരളാചാപ്റ്റർ സെക്രട്ടറി എം.ഷാജർഖാൻ ആമുഖപ്രസംഗം നടത്തി. ജില്ലാ പ്രസിഡന്റ് ഡോ. എം. ശാർങ്ഗധരൻ, അഡ്വ. ബി.കെ രാജഗോപാൽ, ആർ.പാർത്ഥസാരഥി വർമ്മ, എം.പ്രദീപൻ, ശശാങ്കൻ, പ്രൊഫ.പി.എൻ തങ്കച്ചൻ എന്നിവർ പ്രസംഗിച്ചു. പി.എസ് ഗോപകുമാർ സ്വാഗതവും ഡോ.പ്രസന്നകുമാർ നന്ദിയും പറഞ്ഞു. ■



**സെക്രട്ടേറിയറ്റിനു മുന്നിൽ നടന്ന വിദ്യാഭ്യാസ സംഗമം ഡോ. എൻ. എ. കരിം ഉദ്ഘാടനം ചെയ്യുന്നു.**

# മദ്ധ്യ–പൂർവ്വേഷ്യ

# സാമ്രാജ്യത്വലോകത്ത് യുദ്ധം അനിവാര്യം

(1–ാം പേജിൽ നിന്ന്)

ഭരണാധികാരികൾ പാരീസ് ആക്രമണത്തെ മറയാക്കി.

കടുത്ത ഭാഷയിലുള്ള പതിവു ഭാഷണങ്ങളും കഠിനക്രിയകളും ഉണ്ടായിരുന്നു. റിപ്പോർട്ടുകളും വിശകലനങ്ങളും കൊണ്ട് ഭീതി വർദ്ധിപ്പിക്കുന്നതിൽ മാധ്യമങ്ങളും തങ്ങളുടെ പങ്കു നിർവ്വഹിച്ചു. ഇസ്ലാമിക് സ്റ്റേറ്റിനെ നശിപ്പിക്കുമെന്ന് ഫ്രെഞ്ച് പ്രസിഡന്റ് പ്രതിജ്ഞയെടുത്തു. ഇറാഖിലും സിറിയയിലുമുള്ള ഇസ്ലാമിക് സ്റ്റേറ്റിനെ ഒതുക്കിയെന്ന്, പാരീസ് ആക്രമണത്തിന്റെ തലേദിവസം പോലും പറഞ്ഞ അമേരിക്കൻ പ്രസിഡന്റിനാകട്ടെ, തന്റെ വാക്കുകൾ വിഴുങ്ങേണ്ടി വന്നു. തുർക്കിയിലെ ജി–20 ഉച്ചകോടിക്കു ശേഷം, ക്രമേണ ഐസിസിനെ നശിപ്പിക്കുമെന്ന് അദ്ദേഹത്തിനു തപ്പിത്തടഞ്ഞു പറയേണ്ടിവന്നു. പാരീസ് ആക്രമണത്തിനു വളരെ മുമ്പു തന്നെ, യുഎസ് സാമ്രാജ്യത്വം പുറത്താക്കാൻ ആഗ്രഹിക്കുന്ന, സിറിയൻ പ്രസിഡന്റ് ബാഷർ അൽ അസ്സദിനെ പിന്തുണച്ചുകൊണ്ട്, ഐസിസിനെതിരേ റഷ്യ തങ്ങളുടെ ബോംബാക്രമണം തുടങ്ങിയിരുന്നു. കഴിഞ്ഞ മാസം ഈജിപ്തിനു മുകളിൽ വെച്ച്, റഷ്യൻ യാത്രാവിമാനത്തെ ഐസിസ് ബോംബ് വെച്ചു തകർത്ത് 224 യാത്രക്കാരെ കൊലപ്പെടുത്തിയതിനു ശേഷം, തങ്ങളുടെ ആക്രമണത്തിനു ശക്തി കൂട്ടുമെന്ന് റഷ്യയും പ്രതിജ്ഞയെടുത്തു. യുഎസ് ആകട്ടെ, തങ്ങൾ പിന്തുണക്കുന്ന സിറിയൻ റിബലുകളുടെ കേന്ദ്രങ്ങളെയാണ് റഷ്യ ആക്രമിക്കുന്നതെന്ന് കുറ്റപ്പെടുത്തുകയായിരുന്നു. ഈ റിബൽ കേന്ദ്രങ്ങൾ തന്നെയാണ് ഐസിസ് കേന്ദ്രങ്ങളുമെന്നും പറയപ്പെടുന്നു.

പാരീസ് ആക്രമണത്തിനു ശേഷം കാര്യങ്ങൾ മാറിയിരിക്കുന്നു. അസ്സദിന്റെ ഭാവിയേ സംബന്ധിച്ചിടത്തോളം, ഐസിസിനെതിരേ ഒരു യഥാർത്ഥ അന്താരാഷ്ട്ര സഖ്യം ഉണ്ടാകണമെങ്കിൽ, അസ്സദിനെ പുറത്താക്കുകയെന്ന ആവശ്യം പാശ്ചാത്യലോകം ഉപേക്ഷിക്കണമെന്ന് റഷ്യ ആവശ്യപ്പെടുന്നു. അമേരിക്കൻ പ്രസിഡന്റാകട്ടെ, സ്വരം മാറ്റി റഷ്യൻ പ്രസിഡന്റിനെ സൃഷ്ടിപരമായ പങ്കാളിയെന്നാണ് വിശേഷിപ്പിച്ചത്. ഇത്ര നാളുമാകട്ടെ, സിറിയൻ പ്രസിഡന്റിനെ വാഴാൻ അനുവദിക്കുന്നത് റഷ്യയാണ് എന്നായിരുന്നു അവർ കുറ്റപ്പെടുത്തിയിരുന്നത്. എല്ലാം ആവശ്യകതയിലും പ്രായോഗികതയിലും മാത്രം ഊന്നി മുന്നോട്ടു പോകുന്നു. രണ്ടാംലോകമഹായുദ്ധത്തിനുശേഷം ആദ്യമായി റഷ്യയും, സിറിയയിൽ യുഎസിന്റെ കരുത്തരായ പങ്കാളിയായ ഫ്രാൻസും, കൈകോർത്തു കൊണ്ട് സിറിയയിൽ റഖ്ഖയിലെ ഐഎസ് താവളം ആക്രമിക്കുന്നു. കൂടാതെ സംയുക്ത സൈനിക പ്ലാറ്റ്ഫോം രൂപീകരിക്കുന്നതിനു താത്പര്യവും പ്രകടിപ്പിക്കുന്നു. യുഎസും തുടർന്ന് യുകെയും, തങ്ങളുടെ നാടുകളിൽ ആഭ്യന്തര അഭിപ്രായവ്യത്യാസങ്ങളുണ്ടായിട്ടും, സിറിയയിൽ ജിഹാദികൾ കൈയടക്കിവെച്ചിരിക്കുന്ന എണ്ണക്കിണറുകളടക്കമുള്ള ഐഎസ് ആസ്തികൾക്കുമേൽ ആക്രമണം വർദ്ധിപ്പിക്കുന്നു. തീർച്ചയായും സിറിയയിലെ ജനങ്ങൾ ഇന്ന് ഇരുവശത്തു നിന്നുമുള്ള നാശത്തിന്റെ ഭീഷണിയാണ് നേരിടുന്നത്. ഒരുവശത്ത് അവരെ കൊലപ്പെടുത്തി ആസ്തികൾ കൈയടക്കുന്ന ജിഹാദികൾ, മറുവശത്ത് ജിഹാദികളെ നേരിടാനെത്തുന്ന ലോകശക്തികൾ നശിപ്പിക്കുന്നതും ഇതേ സിറിയൻ ആസ്തികൾ തന്നെ.

ഇതിനിടയിൽ, യുഎസ് നേതൃത്വത്തിലുള്ള നാറ്റോയിലെ അംഗരാഷ്ട്രമായ തുർക്കി, മനഃപൂർവ്വം തങ്ങളുടെ വ്യോമാതിർത്തി ലംഘിച്ചുവെന്ന പേരിൽ ഒരു റഷ്യൻ യുദ്ധവിമാനത്തെ വെടിവെച്ചിടുകയും പൈലറ്റ് കൊല്ലപ്പെടുകയും ചെയ്തു. എന്നാൽ റഷ്യൻ അധികൃതർ ലംഘനത്തിന്റെ ആരോപണത്തെ നിഷേധിക്കുകയും, ഈ നടപടിയെ 'കരുതിക്കൂട്ടിയുള്ള പ്രകോപനമായി' വിലയിരുത്തുകയും ചെയ്തു. "വെടിയേറ്റു വീണ റഷ്യൻ വിമാനത്തിന്റെ സഞ്ചാരപഥം സംബന്ധിച്ച വിവരങ്ങൾ തുർക്കിക്കു കൈമാറിയത്", യുഎസ് ആണെന്ന് റഷ്യ കുറ്റപ്പെടുത്തുകയും ചെയ്തു. പ്രതികരണമെന്നോണം, റഷ്യ തുർക്കിക്കെതിരേ വ്യാപാര ഉപരോധം ഏർപ്പെടുത്തുകയും അങ്ങനെ അവരെ കൂടുതൽ രോഷം കൊള്ളിക്കുകയും ചെയ്തു. ജി–20 ഉച്ചകോടിയെന്ന പ്രചാരവേലക്കിടയിലും, ചില ജി–20 അംഗങ്ങളടക്കം 40 ഓളം രാജ്യങ്ങൾ ഐസിസിന് സാമ്പത്തിക സഹായം ചെയ്യുന്നതായി റഷ്യ ആരോപിച്ചു. യൂറോപ്പിലേയും വടക്കൻ ആഫ്രിക്കയിലെ ചില ഭാഗങ്ങളടക്കമുള്ള മധ്യപൂർവ്വേഷ്യയിലേയും അന്തരീക്ഷത്തിൽ, സ്ഫോടനങ്ങളുടേയും ആയുധപ്പുരകളുടേയും കൊലപാതകങ്ങളുടേയും ആശയക്കുഴപ്പങ്ങളുടേയും പരസ്യമായും രഹസ്യമായുമുള്ള രാഷ്ട്രീയ–സൈനിക നീക്കങ്ങളുടേയും ദുർഗന്ധം നിറഞ്ഞിരിക്കുന്നു. ചുരുക്കത്തിൽ ലോകവും കോളമെഴുത്തുകാരും ഒരുപോലെ, ഉത്തരങ്ങൾക്കും പരിഹാരങ്ങൾക്കും പുറത്തേക്കുള്ള വഴിക്കുമായി ഇരുട്ടിൽ പരതി അമ്പരന്നു നിൽക്കുന്നു. ജനങ്ങൾ മാത്രമാണ് ഇവിടെ ഇരകൾ – അത് പാരീസിലാകട്ടെ, സിറിയയിലാകട്ടെ, ഇറാഖിലാകട്ടെ, അല്ലെങ്കിൽ കടുത്ത സാമ്പത്തികപ്രതിസന്ധിയാലും തൊഴിലില്ലായ്മയാലും കമ്പോളപ്രതിസന്ധിയാലും തകർന്ന സാമൂഹികജീവിതത്താലും ഉഴലുന്ന മറ്റു യൂറോപ്പ്യൻ രാജ്യങ്ങളിലോ, അതുമല്ലെങ്കിൽ, ഒരു രാജ്യത്തു നിന്നും മറ്റൊരു രാജ്യത്തേക്ക് ആട്ടിയോടിക്കപ്പെടുന്ന സിറിയയിൽ നിന്നുള്ള നിസ്സഹായരായ അഭയാർത്ഥികൾക്കിടയിലോ ആകട്ടെ.

ഇതുവരെ പറഞ്ഞത്, രാഷ്ട്രീയ പ്രാധാന്യം ഇഴ ചേർന്ന വസ്തുതകൾ. ഇവ വിലയിരുത്തുന്നതിനു മുമ്പ് കുറച്ചുകൂടി വസ്തുതകൾ ആവശ്യമാണ്. തീർച്ചയായും, ഒരു വശത്ത് ഐസിസ് എന്ന, ലോകം കണ്ടതിൽ ഏറ്റവും ഭയാനകമായ തീവ്രവാദ സംഘടനകളിൽ ഒന്ന്. മറുവശത്ത് യുഎസ് സാമ്രാജ്യത്വവാദികളുടെ നേതൃത്വത്തിലുള്ള സാമ്രാജ്യത്വശക്തികളും അവരുടെ നാറ്റോ സഖ്യകക്ഷികളും, കൂടാതെ പ്രതിവിപ്ലവത്തിനു ശേഷം സാമ്രാജ്യത്വശക്തിയായി ഉയർന്നുവരുന്ന റഷ്യയും.

ആദ്യത്തേത് ആദ്യം. ആരാണ് ഈ ഐസിസ്? നിങ്ങളവരെ ജിഹാദികളായി കണ്ടാലും, കൊലപാതകികളായ മൗലികവാദികളായി കണ്ടാലും, അവർ ഉദയം ചെയ്തതെങ്ങനെ എന്നതിൽ തർക്കിക്കാൻ കഴിയില്ല. 2015 മാർച്ചിൽ നടത്തിയ ഒരു അഭിമുഖത്തിൽ യുഎസ് പ്രസിഡന്റ് തന്നെ, വിമർശകരെ തൃപ്തിപ്പെടുത്താനെന്നോണം സമ്മതിച്ചത്, തങ്ങളുടെ അധിനിവേശം മൂലം ഇറാഖിലെ അൽഖൈദയിൽ നിന്നു നേരിട്ട് ഉയർന്നുവന്നതാണ് ഐസിസ് എന്നാണ്. മറ്റൊരു അഭിമുഖത്തിൽ, (സിഎൻഎന്നുമായി) പഴയ ബ്രിട്ടീഷ് പ്രധാനമന്ത്രിയും ഇറാഖ് അധിനിവേശത്തിൽ ജോർജ്ജ് ഡബ്ല്യു ബുഷിന്റെ വിശ്വസ്ത സഹകാരിയുമായിരുന്ന ടോണി ബ്ലെയർ, യുഎസ് പ്രസിഡന്റ് ഒബാമയുടെ സമാനമായ ലക്ഷ്യത്തോടെ പറഞ്ഞത്, ഇറാഖ് യുദ്ധമില്ലായിരുന്നുവെങ്കിൽ ഐസിസ് ഉണ്ടാകുമായിരുന്നില്ല എന്നാണ്. ഓർക്കുക, ഇറാഖിന്റെ എണ്ണയും മറ്റു വിഭവങ്ങളും കൈക്കലാക്കുക എന്ന ഹീനലക്ഷ്യത്തിനു വേണ്ടിയായിരുന്നു, സദ്ദാം ഹുസൈൻ കൂട്ടനശീകരണ ആയുധങ്ങൾ കൈവശം വെച്ചിരിക്കുന്നു എന്ന കള്ളം പ്രചരിപ്പിച്ച്, ഇവർ ഇറാഖിൽ യുദ്ധം നടത്തിയത്.

സാമ്രാജ്യത്വത്തിന്റെ ഈ നേതാക്കൾ നടത്തിയ പ്രസ്താവനകൾ പലതും തുറന്നുകാട്ടുന്നതാവാം, പക്ഷേ വാസ്തവത്തിൽ അവ അർദ്ധസത്യങ്ങൾ മാത്രമാണ്. തൊഴിലാളിവർഗ്ഗത്തിന്റെ മഹാനായ നേതാവ്, സഖാവ് ലെനിൻ പറഞ്ഞിട്ടുണ്ട്, സാമ്രാജ്യത്വത്തിനു കീഴിലുള്ള ലോകത്ത് യുദ്ധം ഒഴിച്ചുകൂടാനാകാത്തതാണ്, കാരണം തങ്ങളുടെ പ്രതിസന്ധിഗ്രസ്തമായ, മരണാസന്നമായ സമ്പദ്‌വ്യവസ്ഥയെ നിലനിർത്തുന്നതിനായി യുദ്ധമാണ് സാമ്രാജ്യത്വം ഉപയോഗപ്പെടുത്തുന്നത്. നിഷേധിക്കാനാവാത്ത ഈ സത്യമാണ് പശ്ചിമേഷ്യ വീണ്ടുമൊരിക്കൽ കൂടി തെളിയിക്കുന്നത്. ഓരോ രാജ്യങ്ങളേയായി സാമ്രാജ്യത്വ ഗൂഢാലോചനയുടെയും കൊള്ളയുടേയും കൊള്ളിവെപ്പിന്റെയും കളിയരങ്ങാക്കി മാറ്റിയതിനു ശേഷം, യുഎസ് സാമ്രാജ്യത്വം നേതൃത്വം നൽകുന്ന യുദ്ധക്കൊതിയന്മാരായ സാമ്രാജ്യത്വസ്രാവുകൾ മധ്യപൂർവ്വേഷ്യയിലേക്കും പടിഞ്ഞാറൻ ഏഷ്യയിലേക്കും തങ്ങളുടെ ശ്രദ്ധ തിരിച്ചു. സോഷ്യലിസ്റ്റ് ചേരിയുടെ തകർച്ചക്കു ശേഷം എൺപതുകളുടെ അവസാനമായിരുന്നു അത്. അവരുടെ കണ്ണുകൾ തീർച്ചയായും പ്രദേശത്തെ പ്രകൃതിവിഭവങ്ങളുടെ, വിശേഷിച്ച് എണ്ണയുടേയും പ്രകൃതിവാതകത്തിന്റെയും മേലായിരുന്നു. കൂടാതെ, യൂറോപ്പ്, ആഫ്രിക്ക, തെക്കൻ ഏഷ്യ, റഷ്യ, പഴയ യുഎസ്എസ് ആറിന്റെ ഭാഗമായിരുന്ന രാജ്യങ്ങൾ, ചൈന എന്നിവയുടെ നടുവിൽ തന്ത്രപരമായ ഭൂമിശാസ്ത്ര–രാഷ്ട്രീയ സ്ഥാനവും. ഈ മേഖലയിൽ, എല്ലാ പരിചിത യുഎസ് തന്ത്രങ്ങളും വളരെ വ്യക്തമായിരുന്നു. തങ്ങൾക്കു വഴങ്ങാത്ത ഭരണാധികാരികളെ (സദ്ദാം ഹുസൈൻ, ഖദ്ദാഫി, മിലോസെവിക് തുടങ്ങിയവർ) ചതിയും കുതന്ത്രവും നിറഞ്ഞ ഇടപെടലുകളിലൂടെ, എല്ലാ അന്താരാഷ്ട്ര മര്യാദകളേയും കാറ്റിൽപ്പറത്തി, ചെറിയ ദുർബല രാജ്യങ്ങളുടെ പരമാധികാരത്തിനു പുല്ലുവില കൽപ്പിച്ചുകൊണ്ട്, നേരിട്ടുള്ള സൈനിക നടപടികളിലൂടെ കള പറിച്ചു കളയുന്നതു പോലെ പുറത്താക്കുക. പിന്നീട്, അധിനിവേശത്തിനെതിരേ ആ രാജ്യത്തെ ജനങ്ങളുടെ യോജിച്ച പ്രതിരോധത്തിനു തടയിടാനായി അവിടെ വിഭാഗീയതയുടെ (വർഗ്ഗീയമോ വംശീയമോ,എന്തുമാകട്ടെ) വിത്തുകൾ പാകി വളർത്തിയെടുക്കുന്നു. തുടർന്ന്, അവിടുത്തെ സ്കൂളുകളും ആശുപത്രികളും അടിസ്ഥാനസൗകര്യങ്ങളും തകർത്ത്, കടന്നുകയറ്റക്കാർ ഉയർത്തിക്കാണിക്കുന്ന തരം ജനാധിപത്യത്തിനു മുന്നിൽ നടുവളക്കാൻ അവർ നിർബന്ധിതരാകുന്നു. ഇതേ പശ്ചാത്തലത്തിലാണ് പശ്ചിമേഷ്യയിൽ ഐസിസ് ഉണ്ടാകുന്നതും തലയുയർത്തുന്നതും. ഐസിസ് ഏറ്റവും പ്രബലമായ ഇറാഖിലും സിറിയയിലും സാമ്രാജ്യത്വ അജണ്ട ഏറെക്കുറേ ഒന്നാണ്. ഒരു രാജ്യത്തെ അനുഭവത്തിൽ നിന്നും, അടുത്ത രാജ്യത്ത് തങ്ങളുടെ ആവശ്യങ്ങൾ നേടാൻ പ്രയോഗിക്കേണ്ട തന്ത്രത്തിൽ മാറ്റങ്ങൾ വരുത്തിയെന്നു മാത്രം. അതുകൊണ്ട്, ഇറാഖിലേയും സിറിയയിലേയും പരിതസ്ഥിതികളിൽ കുറച്ചു വ്യത്യാസങ്ങളുണ്ട്.

ഇറാഖിന് കൂട്ടനശീകരണ ആയുധങ്ങളുണ്ടെന്ന വ്യാജപ്രചരണം നടത്തിയാണ് അമേരിക്കൻ സാമ്രാജ്യത്വം സദ്ദാം ഹുസൈനെ സ്ഥാനഭ്രഷ്ടനാക്കി തൂക്കിക്കൊന്നത്. തുടർന്ന് തങ്ങൾക്കു വഴങ്ങുന്ന ഒരു ഷിയ ഭൂരിപക്ഷ സർക്കാരിനെ അവർ അവിടെ സ്ഥാപിച്ചു. അതേ സമയം തന്നെ ഷിയാ–സുന്നി ഭിന്നത വർദ്ധിപ്പിക്കുകയും, ഇറാഖി സർക്കാരിനെ ഉപയോഗിച്ച് സുന്നികളെ പാർശ്വവൽക്കരിക്കുകയും അടിച്ചമർത്തുകയും ചെയ്തു. സദ്ദാം ഹുസൈനും ബാത്ത് പാർട്ടിയും ഇറാഖ് രാഷ്ട്രത്തിന്റെ നടത്തിപ്പിൽ വിജയകരമായി നടപ്പാക്കിയിരുന്ന, മദ്ധ്യപൂർവ്വേഷ്യയിൽ അസാധാരണമായ, മതേതരത്വത്തിന്റെ ഘടന അങ്ങനെ അവർ തകർത്തു. അമേരിക്കൻ അക്രമികൾ രാജ്യത്തു നടത്തിയ ഭീകരമായ കവർച്ചക്കു പുറമേ ആണിത്. പ്രാചീന മെസോപ്പൊട്ടേമിയൻ അടക്കമുള്ള സംസ്കാരങ്ങളുടെ അമൂല്യങ്ങളായ ശേഷിപ്പുകൾ, യുദ്ധ സുവനീറുകളായി അമേരിക്കൻ പട്ടാളക്കാർ കൊള്ളയടിച്ചതും ഇതിൽ ഉൾപ്പെടുന്നു. ഇങ്ങനെ ഇറാഖി ജനങ്ങൾക്കിടയിൽ വളരുന്ന അസംതൃപ്തിയിൽ നിന്നാണ്, ഇസ്ലാമിക് സ്റ്റേറ്റ് ഓഫ് ഇറാഖ് എന്ന സുന്നി മേധാവിത്വമുള്ള മൗലികവാദികളുടെ സംഘടനയുടെ വിത്ത് മുള പൊട്ടുന്നത്. ഒരു യുഎസ് പ്രസിഡന്റിനു ചേരുന്ന വഞ്ചനാത്മകമായ കാപട്യത്തോടെയാണെങ്കിലും, നേരത്തേ പരാമർശിച്ച അഭിമുഖത്തിൽ ഒബാമക്കു സമ്മതിക്കേണ്ടി വന്നു, "ഇവിടെ വിദ്യാഭ്യാസവും ഭാവിയേക്കുറിച്ച് യാതൊരു പ്രതീക്ഷയുമില്ലാതെ വളരുന്ന ഒരു ചെറുപ്പക്കാരനെ സംബന്ധിച്ചിടത്തോളം, അവന് അംഗീകാരവും അധികാരവും ബഹുമാനവും ഒക്കെ ലഭിക്കണമെങ്കിൽ, അവൻ ഒരു പോരാളിയാകണമെന്ന ഒറ്റ വഴിയേ ഉണ്ടാകുന്നുള്ളു. ഇനി ഇതിന് മതപരമായ ഒരു അടിത്തറ കൂടി നൽകുമ്പോൾ, അവർ ഐസിസ് പോലെയുള്ള സംഘടനകളിൽ ചേരുന്നു."

ഇതേ തിരക്കഥ തന്നെ അയൽ രാജ്യമായ സിറിയയിലും യുഎസ് ഭരണകൂടം ആവർത്തിച്ചു. പല സമാന ഘടകങ്ങളും ഉണ്ടായിരുന്നുവെങ്കിലും, അസ്സദിനെ സ്ഥാനഭ്രഷ്ടനാക്കുന്നതിൽ യുഎസ് സാമ്രാജ്യത്വം പരാജയപ്പെട്ടു. എന്നാൽ, മധ്യപൂർവ്വേഷ്യയിലെ തങ്ങളുടെ അറുപിന്തിരിപ്പൻ സഖ്യകക്ഷികളായ സൗദി അറേബ്യ, ഖത്തർ എന്നിവരുടെ സഹായത്തോടെ, സ്വതന്ത്ര സിറിയൻ സൈന്യം എന്ന വിമതസംഘടനയെ പണവും പരിശീലനവും നൽകി അവർ വികസിപ്പിച്ചെടുത്തു. ഇവരാണ് ഐസിസിന് ആളും അർത്ഥവും നൽകിയത്. അൽഖൈദയുടെ ഇറാഖി പതിപ്പായി ആരംഭിച്ച ഇസ്ലാമിക് സ്റ്റേറ്റ് എന്ന ഐഎസ് അഥവാ ഐഎസ്ഐഎൽ, പിന്നീട് ഐഎസ്ഐഎസ് അഥവാ ഐസിസ് എന്നു പേരു മാറ്റിയപ്പോൾ സിറിയയെ കുറിക്കാനാണ് പേരിൽ ഒരു എസ് കൂടി കൂട്ടിച്ചേർത്തത്. ഇത് വെറുമൊരു പേരുമാറ്റം മാത്രമല്ല. തുടക്കം മുതൽ തന്നെ, യുഎസ് പിന്തുണയോടെ സ്വതന്ത്ര സിറിയൻ സൈന്യമായി പ്രവർത്തിക്കുന്ന, അസ്സദ് വിരുദ്ധ വിമത സേനയുടെ ഭാഗമായിരുന്നു ഐസിസ്. മദ്ധ്യപൂർവ്വേഷ്യയിൽ താരതമ്യേന മതേതരമായ ഘടന ബാക്കിയുള്ള രാജ്യമായിരുന്നു സിറിയ. അവിടെയാണ് യുഎസ് സാമ്രാജ്യത്വവാദികളും ഫ്രാൻസ് അടക്കമുള്ള കൂട്ടാളികളും ചേർന്ന്, ദശലക്ഷക്കണക്കിന് മരണങ്ങളും രാജ്യത്ത് ഭാഗികമായ അസ്ഥിരതയും സൃഷ്ടിച്ചത്. കൂടാതെ മതേതരത്വത്തിന്റെ അവശിഷ്ടങ്ങൾ കൂടി തകർത്ത്, ഇസ്ലാമിക സ്റ്റേറ്റിന് തങ്ങളുടെ നീരാളിക്കൈകൾ സിറിയയിലും പടർത്താൻ അവസരം സൃഷ്ടിക്കുന്നതിൽ അവർ വിജയിച്ചു.

ഇതാണ് ചുരുക്കത്തിൽ ഇറാഖിലും സിറിയയിലും ഐസിസിന്റെ ഉദയത്തിനു പിന്നിൽ സംഭവിച്ചത്. എന്നാൽ ഇനിയുമുണ്ട്. പതിവു പോലെ യുഎസ് സാമ്രാജ്യത്വവാദികളും അവരുടെ സഖ്യശക്തികളും ഈ മൗലികവാദ ശക്തികളെ സ്വാധീനിച്ചു. അസ്സദിനെതിരേ ഐസിസിനെ ഉപയോഗിച്ചു. അവരുടെ യുദ്ധവ്യാപാരികൾ ആയുധങ്ങളും, സഖ്യശക്തികൾ എല്ലാ വിധ സഹായങ്ങളും നൽകി. ഏതാനും മാസങ്ങൾക്കു മുമ്പ്, അഭയാർത്ഥി പ്രശ്നം ലോകത്തെ പിടിച്ചു കുലുക്കിയ സമയത്ത് ഞങ്ങൾ സൂചിപ്പിച്ചിരുന്നു, യുഎസ് അനുകൂല അറബ് രാജാധികാരങ്ങളായ സൗദി അറേബ്യ, ഖത്തർ, യുഎഇ തുടങ്ങിയ ഗൾഫ് രാജ്യങ്ങളാണ് ഐസിസിന്റെ ആശയപരമായ ആത്മസുഹൃത്തുക്കളെന്നും, അവർക്ക് യഥേഷ്ടം ധനവും ആയുധങ്ങളും നൽകുന്നതെന്നും. ഉദാഹരണത്തിന്, യുഎസ് ഉപരാഷ്ട്രപതി ജോൺ ബൈഡൻ കഴിഞ്ഞ വർഷം സമ്മതിച്ചിരുന്നു, സൗദി, യുഎഇ, ഖത്തർ, തുർക്കി തുടങ്ങിയവർ കോടിക്കണക്കിനു ഡോളറാണ്, പിന്നീട് ഐസിസായി രൂപാന്തരം പ്രാപിച്ച സിറിയയിലെ ഇസ്ലാമിസ്റ്റ് വിമതർക്കായി ഒഴുക്കിയതെന്ന്. യുഎസ് തന്നെ ഐസിസിനെ സഹായിക്കുന്നതിന്റെ തെളിവുകളും വാർത്തകളും മാധ്യമങ്ങളിൽ വന്നിരുന്നു. 2014 ഡിസംബറിൽ, ഇറാഖി പാർലമെന്റിന്റെ സുരക്ഷാ–പ്രതിരോധ

(ശേഷം 13–ാംപേജിൽ)

# മദ്ധ്യ–പൂർവ്വേഷ്യ

# ഭീകരത സൃഷ്ടിക്കുന്നതും വളർത്തുന്നതും സാമ്രാജ്യത്വം

(12–ാം പേജിൽ നിന്ന്)

കമ്മീഷൻ എംപി, മജീദ് അൽ ഗരാവി പറഞ്ഞത്, ലഭ്യമായ വിവരങ്ങൾ അനുസരിച്ച് യുഎസ് വിമാനങ്ങളാണ് ഐസിസിന് ആയുധങ്ങളും മറ്റും നൽകുന്നത് എന്നാണ്. ജുഡീഷ്യൽ വാച്ച് എന്ന പൊതുതാത്പര്യ നിയമസ്ഥാപനം നേടിയെടുത്ത രഹസ്യ യുഎസ് സർക്കാർ രേഖയനുസരിച്ച്, സിറിയൻ പ്രസിഡന്റ് അസ്സദിനെ പുറത്താക്കാൻ വേണ്ടി, പാശ്ചാത്യശക്തികൾ അൽഖൈ്വദയുമായും മറ്റ് ഇസ്ലാമിക് ഭീകരവാദസംഘങ്ങളുമായും മനഃപൂർവം കൂട്ടുചേർന്നുവത്രേ. ഇങ്ങനെ ചെയ്താൽ ഐസിസ് പോലെയുള്ള ശക്തികൾ ഉയർന്നുവരുമെന്ന് അറിഞ്ഞു കൊണ്ടുതന്നെയാണ് ഇവരതു ചെയ്തത്. ഈ തന്ത്രത്തിന്റെ നേരിട്ടുള്ള പരിണതിയായി ഇസ്ലാമിക് സ്റ്റേറ്റ് ഉയർന്നു വരുമെന്ന് മുൻകൂട്ടി കണ്ടിട്ടും, സിറിയൻ സർക്കാരിനെ ഒറ്റപ്പെടുത്താനുള്ള തന്ത്രപരമായ അവസരമായാണ് പെന്റഗൺ ഇതിനെ വിശേഷിപ്പിച്ചതെന്നാണ്, ആ രേഖ ചൂണ്ടിക്കാട്ടുന്നത്. ഇന്ന് ഐസിസിനെതിരേ പോരാടുന്നു എന്ന് നമ്മൾ വിശ്വസിക്കുന്ന യുഎസ് നേതൃത്വത്തിലുള്ള സഖ്യം, മൂന്നു വർഷം മുമ്പ് അസ്സദിനെ പുറത്താക്കുവാനായി ഒരു തീവ്ര സലാഫിസ്റ്റ് പ്രിൻസിപ്പാലിറ്റിയുടെ രൂപീകരണത്തെ സ്വാഗതം ചെയ്തിരുന്നു എന്നതിന്റെ അസാധാരണമായ തെളിവാണ് ഈ രേഖ നൽകുന്നത്. ഇസ്രയേലി പ്രതിരോധമന്ത്രി മോശെ യാലോൺ പറഞ്ഞത്, യുഎസ് പിന്തുണയുള്ള സിറിയൻ വിമതർക്ക് ഇസ്രയേൽ സഹായം നൽകിയിരുന്നു എന്നാണ്. മറ്റു ചില മാധ്യമ ഉറവിടങ്ങൾ വെളിപ്പെടുത്തുന്നത്, ജർമ്മനി അടക്കമുള്ള യൂറോപ്പ്യൻ വൻശക്തികൾ പോലും ഇടനിലക്കാർ വഴിയും, ആയുധ വ്യാപാരത്തിൽ തങ്ങളുടെ ഉപഭോക്താക്കളായ അറബ് രാജ്യങ്ങൾ വഴിയും ഐസിസിന് ആയുധങ്ങൾ വിറ്റിരുന്നു എന്നാണ്. ഇതൊന്നും തെറ്റാകില്ല. ഐസിസിന് സ്വന്തമായി ആയുധവ്യവസായമോ, സ്ഥിരം പ്രദേശമോ പോലുമില്ല. സാമ്രാജ്യത്വ ആയുധവ്യാപാരികൾ നൽകിയാലല്ലാതെ പിന്നെങ്ങനെയാണ് ഇത്രയും ആധുനിക ആയുധങ്ങൾ ഐസിസിനു ലഭിക്കുക? കൈയടക്കിയ എണ്ണപ്പാടങ്ങളിലെ എണ്ണ വിറ്റുള്ള പണം കൊണ്ടാണ് അവർ ആയുധങ്ങൾ വാങ്ങിക്കൂട്ടുന്നത്. ബന്ദികളുടെ തലയറുക്കുന്നതും അവസാനം പാരീസ് കൂട്ടക്കൊല വരേയും വേണ്ടിവന്നു, ഈ ഫ്രാങ്കെൻസ്റ്റെയിനെ തിരിച്ചറിയാൻ. ഐസിസ് നടത്തിയ പാരീസ് കൂട്ടക്കൊലക്കു ശേഷമാകട്ടെ, ഇതേ യുഎസ് സാമ്രാജ്യത്വവാദികൾ തന്നെ ഐസിസിന്റെ കൈവശമുള്ള എണ്ണപ്പാടങ്ങൾ ബോംബിടുന്നു. അതേ സൗദി രാജാവു തന്നെ തീവ്രവാദത്തിനെതിരേയുള്ള യുദ്ധത്തിന് 110 ദശലക്ഷം ഡോളർ സംഭാവന ചെയ്യുന്നു. എന്തൊരു ദയ, എന്തൊരു സഹതാപം, എന്തൊരു കാപട്യം. ഐസിസിനെ ഇപ്പോഴും ഒരു ഭീകരശക്തിയായി യഥാർത്ഥത്തിൽ അംഗീകരിക്കാൻ യുഎസ് ഭരണകൂടത്തിനു സാധിക്കുമോ എന്ന് ഒരാൾക്ക് അത്ഭുതം തോന്നാം. അവരുടെ രാജ്യങ്ങളിലും, ലോകമൊട്ടാകെയും, ഐസിസിനെതിരായി ജനങ്ങളുടെ അഭിപ്രായം ഉയരുന്നത്, ഇപ്പോഴെങ്കിലും പ്രവർത്തിക്കാൻ യുഎസിനേയും സഖ്യകക്ഷികളേയും നിർബന്ധിതരാക്കിയിരിക്കാം. യുഎസ് ഭരണകൂടം കുറഞ്ഞപക്ഷം പരസ്യമായെങ്കിലും ഐസിസിനെ ഒരു ഭീഷണിയായി കണക്കാക്കിയിരുന്നില്ലെന്നു വേണം, നേരത്തേ പരാമർശിച്ച, പാരീസ് ആക്രമണത്തിന് ഒരു ദിവസം മുമ്പ് യുഎസ് പ്രസിഡന്റ് നടത്തിയ പ്രസ്താവനയിൽ നിന്നും വ്യക്തമാകുന്നത്.

ചില വസ്തുതകൾ ഇവിടെ ഉറപ്പായിരിക്കുന്നു. ഒന്നാമതായി, ഭീകരതയുടെ രണ്ടു പ്രായോജകരും കൈകോർത്തു പിടിച്ചു നീങ്ങുന്നവരായിരുന്നു. ഒരു വശത്ത്, അമേരിക്ക തകർത്ത രാജ്യങ്ങളിൽ സൃഷ്ടിക്കപ്പെട്ട് വളർന്നു വന്ന, വെറി പിടിച്ച മൗലികവാദികളായ ഐസിസ്. മറുവശത്ത്, സോഷ്യലിസ്റ്റ് ചേരിയുടെ തകർച്ചക്കു ശേഷം ഒന്നിനു പിറകേ ഒന്നായി, രാജ്യങ്ങളിൽ ഭരണകൂട ഭീകരത നടപ്പാക്കുന്ന യുദ്ധക്കൊതിയന്മാരായ യുഎസ് സാമ്രാജ്യത്വവാദികൾ. വർഗ്ഗീയ വിഭജനം നടത്തി, വിഭജിച്ചു ഭരിക്കുക എന്ന സാമ്രാജ്യത്വ പദ്ധതിയുടെ, അവരുടെ യുദ്ധങ്ങളുടെ, ഉൽപ്പന്നമായി സാമ്രാജ്യത്വം സൃഷ്ടിച്ചതാണ് ഐസിസ്. ഇപ്പോൾ കളി കൈവിട്ടു പോയപ്പോൾ അതേ സാമ്രാജ്യത്വത്തിന് അവർക്കെതിരേ കടുത്ത നടപടി എടുക്കേണ്ടി വരുന്നു. ഇതിനിടയിൽ തങ്ങളുടെ ആയുധങ്ങൾ ലക്ഷ്യസ്ഥാനങ്ങളിലെ നിരപരാധികളുടെ മേൽ ഉപയോഗിക്കുകയും ചെയ്യുന്നു.

തീവ്രവാദത്തെ അടക്കുവാനാണെങ്കിൽ കൂടി, ഭരണകൂടഭീകരതയുടെ ക്രൂരകൃത്യങ്ങൾ ഉപയോഗിച്ചുള്ള സൈനികനീക്കങ്ങൾക്ക്, തങ്ങളുടെ മുഴുവൻ വിഷവും ആയുധശേഖരവും എടുത്തു പ്രയോഗിച്ചാലും ശരി, മൗലികവാദ തീവ്രവാദത്തിന്റെ വളർച്ചക്ക് തടയിടാനാകില്ലെന്ന് ചരിത്രം തെളിയിച്ചിട്ടുള്ളത് നമ്മൾ മറന്നുപോകരുത്. മറിച്ച്, അവർ തങ്ങളുടെ സ്വന്തം പ്രവൃത്തികളിലൂടെ മാനവരാശിക്കു കൂടുതൽ ഭീഷണിയായ പുതിയ ഭീകരശക്തികളെ സൃഷ്ടിക്കുന്നു. ഐസിസിന്റെയും മറ്റ് മൗലികവാദ ശക്തികളുടേയും ക്രൂരഭരണത്തിനും ഭീകരതക്കും എതിരേ യുദ്ധസന്നദ്ധരായി നിൽക്കുന്നുവെന്ന് ഭാവിക്കുന്നവരാണ് യുഎസ് സാമ്രാജ്യത്വവും അവരുടെ സഖ്യകക്ഷികളുമെങ്കിലും, വാസ്തവത്തിൽ അവരെ നിലനിർത്തുവാനും പരിപോഷിപ്പിക്കുവാനുമാണ് ഇക്കൂട്ടർ ആഗ്രഹിക്കുന്നത്. കാരണം, തങ്ങളുടെ ഗൂഢതന്ത്രങ്ങൾക്കെതിരേ അടിച്ചമർത്തപ്പെട്ട ദശലക്ഷങ്ങളുടെ യഥാർത്ഥ മുന്നേറ്റം ഉണ്ടാകാനുള്ള സാധ്യതയെ തകർക്കുവാനായി, അദ്ധ്വാനിക്കുന്ന സാധാരണ ജനങ്ങളുടെയിടയിൽ മതത്തിന്റെയും, വംശത്തിന്റെയും, പ്രദേശത്തിന്റെയുമൊക്കെ പേരിൽ സ്ഥിരമായി വിഭജനങ്ങൾ ഉറപ്പാക്കണമെന്ന് അവർ ആഗ്രഹിക്കുന്നു. അതുകൊണ്ട് അവർ ഈ മൗലികവാദശക്തികൾ വളരുന്നതിനെ സഹായിക്കുന്നു, അതിനുവേണ്ട സഹായങ്ങൾ ചെയ്യുന്നു.

ഇത്തരം പ്രവൃത്തികൾ അവർ കൂടുതലായി ചെയ്യുന്നതിനനുസരിച്ച്, ഈ അറബ് രാജ്യങ്ങളിലെ, വാസ്തവത്തിൽ മദ്ധ്യപൂർവേഷ്യയിൽ മുഴുവൻ, കൂടുതൽ ജനങ്ങളിൽ കൂടുതൽ ശക്തമായ സാമ്രാജ്യത്വവിരുദ്ധ, പ്രത്യേകിച്ച് അമേരിക്കൻ സാമ്രാജ്യത്വ വിരുദ്ധ, വികാരങ്ങൾ വളരുന്നു. ഈ വികാരങ്ങളും ഭാവങ്ങളും ചൂഷണം ചെയ്താണ് ഐസിസും മറ്റുള്ളവരും ജനങ്ങൾക്കിടയിൽ അനൈക്യത്തിന്റെയും മൗലികവാദത്തിന്റെയും വിത്തുകൾ പാകി വളർത്തുന്നത്. ഓരോ തവണയും ഓരോ പുതിയ ശക്തി ഉയർന്നുവരുമ്പോഴും, കൂടുതൽ ഭീതിദമായ ഒരു സംഘം വളരുന്നതാണ് ലോകം കാണുന്നത്.

ഐസിസിനു രൂപം നൽകിയതുപോലെ തന്നെ, ഇതേ യുഎസ് സാമ്രാജ്യത്വം തന്നെയാണ് അഫ്ഗാനിസ്ഥാനിലെ സോവിയറ്റ് സ്വാധീനം അവസാനിപ്പിക്കാനും ജനാധിപത്യം തന്നെ ഇല്ലാതാക്കാനും അവരുടെ ഇഷ്ടപ്രകാരമുള്ള നേതൃത്വത്തെ അധികാരത്തിലേറ്റാനുമായി താലിബാനേയും അൽഖൈ്വദയേയും സൃഷ്ടിച്ചത്. എന്നാൽ പിന്നീട് ലോകാഭിപ്രായം ഈ ഭീകരസംഘടനകൾക്കെതിരേ തിരിഞ്ഞപ്പോൾ, യുഎസ് ഭരണകൂടം തന്നെ ഭീകരതക്കെതിരേ യുദ്ധം പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ അപ്പോഴും, ഭീകരതക്കെതിരേയുള്ള യുദ്ധം നടപ്പാക്കിയത് വിനാശകാരിയായ ഭരണകൂട ഭീകരത ഉപയോഗിച്ചാണ്. നിസ്സഹായരായ അഫ്ഗാനിസ്ഥാനെ യുഎസ് അധിനിവേശക്കാർ ഇതിനിടയിൽ തകർത്തു തരിപ്പണമാക്കി. താലിബാന്റെയും അൽഖൈ്വദയുടേയുമൊക്കെ ചാരത്തിൽ നിന്ന് അമേരിക്കൻ സാമ്രാജ്യത്വം തന്നെ വളർത്തിയെടുത്തതാണ് ഐസിസ് എന്ന ശക്തി. എന്തു തരം ശക്തിയാണവർ? അങ്ങേയറ്റം വിനാശകാരിയായ, അറുപിന്തിരിപ്പനായ, സമീപനത്തിൽ മനുഷ്യത്വം തൊട്ടുതീണ്ടാത്ത, ക്രോധം പൂണ്ട, സ്ത്രീവിരുദ്ധരും സ്ത്രീകളോട് അങ്ങേയറ്റം ക്രൂരത കാട്ടുന്നവരുമായ, അങ്ങേയറ്റം വിഭാഗീയതയുള്ള, നിരപരാധികളെ പോലും വെറുതേ വിടാത്ത, കൊലപാതക ആസക്തിയുള്ളവരാണവർ. ലോകം എന്നേ ഉപേക്ഷിച്ച പഴഞ്ചൻ ആശയങ്ങളും ജീവിതരീതികളും തീവ്രമായി പുലർത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നവരാണവർ. ഏകാധിപത്യ ഭരണം നടപ്പാക്കി, ഫത്വകൾ ഇറക്കി, സ്വാതന്ത്ര്യത്തിന്റെയും യുക്തിയുടേയും മനുഷ്യത്വത്തിന്റെയും എല്ലാ മര്യാദകളും പ്രക്രിയകളും ചവിട്ടിയരക്കുന്നവർ. ഇത്തരത്തിലുള്ള ചെകുത്താന്മാർക്ക് ജന്മം കൊടുത്തതിൽ യുഎസ് സാമ്രാജ്യത്വവാദികൾക്കും അവരുടെ കിങ്കരന്മാർക്കും അഭിമാനം തോന്നുന്നുണ്ടാവണം, ഇല്ലേ? പാരീസിലും ലബനനിലും നടന്ന കൂട്ടക്കൊലകളുടെ ഇരകൾ, ഐസിസിനു ഇരയാകുന്ന നിരപരാധികളായ സാധാരണജനങ്ങൾ, യുഎസ് സാമ്രാജ്യത്വവാദികളോട് ഈ ചോദ്യം ചോദിക്കണം.

ഇനി റഷ്യയോ? സിറിയയിലും ഇറാഖിലും യുഎസിന്റെയും മറ്റ് സാമ്രാജ്യത്വശക്തികളുടേയും ലക്ഷ്യങ്ങൾ പകൽ പോലെ വ്യക്തമാണ്. ഒന്നാമതായി, ലക്ഷ്യമിട്ട രാജ്യത്തും പ്രദേശത്തും തങ്ങൾക്കു വഴങ്ങാത്ത ഭരണാധികാരികളെ മാറ്റി, തങ്ങളെ എതിർക്കാത്ത, സമ്പൂർണ്ണ രാഷ്ട്രീയ നിയന്ത്രണം നൽകുന്ന ഭരണം സ്ഥാപിച്ചെടുക്കുക; സദ്ദാം ഹുസൈനേയും ബാഷർ അൽ അസ്സദിനേയും പോലുള്ളവർ വഴങ്ങാത്ത നേതൃത്വമാണ്. എവ്വിധവും അവരെ ഇല്ലായ്മ ചെയ്യുകയായിരുന്നു ലക്ഷ്യം. രണ്ടാമതായി, അങ്ങനെ ഉറച്ച രാഷ്ട്രീയനിയന്ത്രണം നേടിക്കഴിഞ്ഞാൽ, പിന്നെ പ്രദേശത്തെ പ്രകൃതിവിഭവങ്ങൾക്കുമേൽ സമ്പൂർണ്ണ നിയന്ത്രണം നേടിയെടുക്കുക. ഇറാഖിനും സിറിയക്കും സമ്പന്നമായ എണ്ണനിക്ഷേപങ്ങൾ ഉണ്ടായിരുന്നു. മൂന്നാമതായി, ഇങ്ങനെ രാഷ്ട്രീയനിയന്ത്രണവും, പ്രകൃതിവിഭവങ്ങൾക്കു മേലുള്ള നിയന്ത്രണവും നേടിക്കഴിഞ്ഞാൽ, തങ്ങൾ കൊള്ളയടിക്കുന്ന പ്രകൃതിവിഭവങ്ങൾ യാതൊരു തടസ്സവുമില്ലാതെ തങ്ങളുടെ നിർദ്ദിഷ്ട ലക്ഷ്യങ്ങളിലേക്ക് സുഗമമായി കടത്താനുള്ള വഴി ഈ രാജ്യങ്ങളിൽ തുറന്നെടുക്കുക. നാലാമതായി, ഇങ്ങനെ രാഷ്ട്രീയമായും സാമ്പത്തികമായും തകർ

(ശേഷം 14–ാം പേജിൽ)

# കേരളത്തിലെ കർണ്ണാടക സ്റ്റേറ്റ് ഓപ്പൺ യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾ കർണ്ണാടക രാജ്ഭവനിലേക്ക് മാർച്ച് നടത്തി

യുജിസി അംഗീകാരം 2011–ൽ നഷ്ടപ്പെട്ട കോഴ്സുകളിൽ 2012, 2013 അദ്ധ്യായനവർഷങ്ങളിൽ അഡ്മിഷൻ നൽകിക്കൊണ്ട്, ഉന്നതവിദ്യാഭ്യാസത്തിനോ ജോലിക്കോ പ്രയോജനം ചെയ്യാത്ത സർട്ടിഫിക്കറ്റ് നൽകുവാനുള്ള കർണ്ണാടക സ്റ്റേറ്റ് ഓപ്പൺ യൂണിവേഴ്സിറ്റി(KSOU)യുടെ നീക്കത്തിനെതിരെ കേരളത്തിൽ നിന്നെത്തിയ വിദ്യാർത്ഥികളും രക്ഷിതാക്കളും ബാംഗ്ലൂരിൽ പ്രതിഷേധ മാർച്ച് നടത്തി. ഭീമമായ തുക മുടക്കി കേരളത്തിലെ നൂറോളം സ്റ്റഡീസെന്ററുകളിൽ പഠിച്ചുവരുന്ന കാൽലക്ഷത്തോളം വിദ്യാർത്ഥികളുടെ പ്രതിനിധികളാണ് ബാംഗ്ലൂർ സിറ്റി റെയിൽവേസ്റ്റേഷനിൽ നിന്നും ഫ്രീഡം പാർക്കിലേക്ക് മാർച്ച് ചെയ്തത്.




കർണ്ണാടക രാജ്ഭവൻ മാർച്ച് ഡോ.ബി.ആർ.മഞ്ജുനാഥ് ഉദ്ഘാടനം ചെയ്യുന്നു

എഐഡിഎസ്ഒ അഖിലേന്ത്യാ പ്രസിഡന്റ് ഡോ.ബി.ആർ.മഞ്ജുനാഥ് രാജ്ഭവൻ മാർച്ച് ഉദ്ഘാടനം ചെയ്തു. കർണ്ണാടക സ്റ്റേറ്റ് ഓപ്പൺ യൂണിവേഴ്സിറ്റി ആക്ട് പ്രകാരം നിലവിൽവന്ന കെഎസ്ഒയു നടത്തിയ കൃത്യവിലോപത്തിനും അതുവഴി യുജിസി അംഗീകാരം നഷ്ടമായതിനും ഉത്തരവാദിത്തം വഹിക്കേണ്ടത് സംസ്ഥാനസർക്കാരാണ്. സർവ്വകലാശാലയുടെ പഠനോപാധികൾ സ്വീകരിച്ച് പരീക്ഷ ജയിച്ച കുട്ടികൾക്ക് ദേശവ്യാപകമായി അംഗീകാരമുള്ള സർട്ടിഫിക്കറ്റ് നൽകുവാൻ സർക്കാർ യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കണം– ഡോ. മഞ്ജുനാഥ് പറഞ്ഞു.

ടെക്നിക്കൽ സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ(ടിഎസ്ഒ) രക്ഷാധികാരി ടി.കെ. സുധീർകുമാർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കെ.പി.സാൽവിൻ (ജനറൽസെക്രട്ടറി, ടിഎസ്ഒ), ബേബി തോമസ് (രക്ഷാകർത്തൃ സമിതി), കെ.രജികുമാർ (രക്ഷകർത്തൃ സമിതി), പ്രൊഫ. ഫ്രാൻസിസ് കളത്തുങ്കൽ (ആൾ ഇന്ത്യാ സേവ് എജ്യൂക്കേഷൻ കമ്മിറ്റി), കെ.കൃഷ്ണകുമാർ മേനോൻ (അദ്ധ്യാപക പ്രതിനിധി), വി.എൻ. രാജശേഖർ(കർണ്ണാടക സംസ്ഥാന പ്രസിഡന്റ്, എഐഡിഎസ്ഒ), അകിൽ മുരളി, അഡ്വ. ആർ.അപർണ്ണ, രശ്മി രവി, ജിതിൻ ബാബു, മനോജ്, ടി.ഷിജിൻ, എ.എം.സുരേഷ് എന്നിവർ പ്രസംഗിച്ചു.

പ്രതിനിധി സംഘം രാജ്ഭവനിലെത്തി ഗവർണർക്ക് നിവേദനം സമർപ്പിച്ചു. ■

# മദ്ധ്യ – പൂർവ്വേഷ്യ
# സാമ്രാജ്യത്വ, മതമൗലികവാദ ഭീകരതകളെ ചെറുക്കുക

(13-ാം പേജിൽ നിന്ന്..)

ക്കുന്നതിനു പുറമേ, സാമ്രാജ്യത്വവാദികൾ ഈ രാജ്യങ്ങളിൽ മതമൗലികവാദവും വർഗ്ഗീയ ചേരിതിരിവുകളും മറ്റെല്ലാത്തരം പിന്തിരിപ്പൻ ചിന്തയും ജീവിതരീതികളും പ്രചരിപ്പിക്കുകയും, ഇതിനെ വളർത്തുന്ന ശക്തികളെ സൃഷ്ടിക്കുകയും ചെയ്യുന്നു. അതിലൂടെ ജനങ്ങളുടെയിടയിൽ അനൈക്യം വളർത്തി, അവരിലെ മനുഷ്യത്വം ഇല്ലാതാക്കി, ഈ രാജ്യങ്ങളുടെ ധാർമ്മിക നട്ടെല്ല് തകർക്കുക. റഷ്യയുടെ അവശേഷിക്കുന്ന സഖ്യശക്തികളിലൊന്നാണ് സിറിയയും അസ്സദുമെന്നത് നമ്മൾ വിട്ടുപോകരുത്. അപ്പോൾ അസ്സദിനെ പുറത്താക്കുകയെന്നാൽ, റഷ്യക്ക് സിറിയയുടെ മേലുള്ള നിയന്ത്രണവും അവരുടെ എണ്ണ സമ്പത്തും നഷ്ടപ്പെടുക എന്നാണർത്ഥം. തുടക്കത്തിൽ, ഇവിടെ സാമ്രാജ്യത്വ കൂട്ടത്തിലെ ഏറ്റവും യുദ്ധക്കൊതിയന്മാരായ അമേരിക്കൻ സാമ്രാജ്യത്വത്തിനു വ്യക്തമായ മുൻതൂക്കമുണ്ടായിരുന്നു. പക്ഷേ, അസ്സദിനെ പുറത്താക്കാനുള്ള അവരുടെ പദ്ധതി പൊളിയുകയും, ഐസിസ് ഉയർന്നു വരികയും, യുഎസ് സാമ്രാജ്യത്വത്തിനെതിരായി ലോകാഭിപ്രായം രൂപപ്പെടുകയും ചെയ്ത സാഹചര്യം മുൻകൈയെടുക്കാൻ പറ്റിയ അവസരമായി റഷ്യൻ ഭരണകൂടം കണ്ടെത്തി. ഈജിപ്തിൽ വച്ച് വിമാനം വീഴ്ത്തിയത്, പാരീസ് കൂട്ടക്കൊല, റഷ്യൻ യുദ്ധവിമാനത്തെ തുർക്കി വെടിവെച്ചിട്ടത്, എല്ലാം കൂടുതൽ തീക്ഷ്ണമായി ആഞ്ഞടിക്കാൻ റഷ്യയെ പ്രേരിപ്പിച്ചു. അവരും ഇപ്പോൾ സിറിയയിലെ ഐസിസ് താവളങ്ങൾക്കു മേൽ ബോംബുകൾ വർഷിക്കുന്നു, ഒരു പക്ഷേ, നാളെ സിറിയൻ ജനതക്കു മീതേയും. നാമോർക്കണം, ആരു ബോംബുകൾ വർഷിച്ചാലും അത് സാധാരണക്കാരെ കൊല്ലുകയും പരിക്കേൽപ്പിക്കുകയും ചെയ്യും, അതിനെ അതിജീവിക്കുന്ന കുട്ടികളുടെ മനസ്സിൽ അത് ഭീതി വിതയ്ക്കും, അടിസ്ഥാനസൗകര്യവും വീടുകളും തകർക്കും, പരിസ്ഥിതിയെ വിഷമയമാക്കും, അഭയാർത്ഥികളെ സൃഷ്ടിക്കും, അക്രമത്തിനു പ്രേരണ നൽകുകയും, വൻതോതിൽ വിഭവങ്ങൾ നശിപ്പിക്കുകയും ചെയ്യും. റഷ്യയും ഇന്നൊരു സാമ്രാജ്യത്വ ശക്തിയാണ്, ആഭ്യന്തരമായി കുഴപ്പങ്ങളും പ്രതിസന്ധികളും കൊണ്ട് നിറഞ്ഞതാണ് അവരുടെ രാജ്യവും. അതുകൊണ്ട് തന്നെ മറ്റ് സാമ്രാജ്യത്വവാദികളുടേതിൽ നിന്നും ഭിന്നമായ ലക്ഷ്യം അവർക്കും ഉണ്ടായേക്കില്ല.

ഇനി അന്തിമമായി ഒരു സത്യം കൂടി. സ്വാതന്ത്ര്യവും സമാധാനവും ആഗ്രഹിക്കുന്ന ലോകത്തെ ജനങ്ങൾ, പാരീസിലോ, യൂറോപ്പിന്റെ മറ്റു ഭാഗങ്ങളിലോ, ഇറാഖിലോ സിറിയയിലോ, എവിടെയുമായിക്കൊള്ളട്ടെ, അവർ അധികാരത്തിനും സമ്പത്തിനുമായുള്ള ഒരു വടംവലിക്കിടയിൽ നിസ്സഹായരായി പെട്ടുപോയിരിക്കുന്നു. ഒരു വശത്ത് വെറിപിടിച്ച മൗലികവാദികളായ തീവ്രവാദികൾ. മറുവശത്ത്, ക്രൂരരായ, യുദ്ധക്കൊതിയന്മാരായ, ഭരണകൂടഭീകരർ. പക്ഷേ അവർക്ക് അങ്ങനെ ദീർഘകാലം നിലനിൽക്കുവാൻ കഴിയില്ല. അവർക്ക് തങ്ങളുടെ നിലനിൽപ്പിനെക്കുറിച്ച് ചിന്തിക്കുകയും പ്രവർത്തിക്കുകയും വേണം.

മൗലികവാദശക്തികളായ ഐസിസിനേയും, വെറിപിടിച്ച ഈ കൊലപാതകികൾ നടത്തുന്ന ക്രൂരകൃത്യങ്ങളേയും ജനങ്ങൾ ഒറ്റക്കെട്ടായി ഒറ്റസ്വരത്തിൽ തള്ളിക്കളയുകയും, അതിലുപരിയായി അവരെ ഉന്മൂലനം ചെയ്യാനായി മുന്നോട്ടു വരികയും വേണമെന്നതിൽ യാതൊരു സംശയവുമില്ല. അതേ സമയം തന്നെ, ലോകത്തെ ജനങ്ങൾ ഓരോ രാജ്യത്തും സാമ്രാജ്യത്വവിരുദ്ധ ബഹുജന മുന്നേറ്റങ്ങൾ വളർത്തിയെടുക്കേണ്ടതുണ്ട്. അത്, ശരിയായ വിപ്ലവനേതൃത്വത്തിനു കീഴിൽ ശക്തമായ സമാധാനമുന്നേറ്റമായി വളർന്നു വരികയും, സാമ്രാജ്യത്വ അധിനിവേശത്താലും മൗലികവാദികളുടെ നശീകരണത്താലും തകർന്നു കിടക്കുന്ന നാടുകളിലേക്ക് അത് വ്യാപിക്കുകയും ചെയ്താൽ മാത്രമേ ഈ മരണഘോഷയാത്ര അവസാനിക്കുകയുള്ളൂ.

ഇവിടെ ജനങ്ങൾ, പ്രത്യേകിച്ചും, മുതലാളിത്ത-സാമ്രാജ്യത്വ ലോകത്തെ ഓരോ രാജ്യത്തേയും യുവാക്കൾ ഒരു സത്യം നിരീക്ഷിക്കുകയും മനസ്സിലാക്കുകയും ചെയ്യേണ്ടതുണ്ട്. രൂക്ഷമായ കമ്പോള പ്രതിസന്ധിയും പരിഹാരമില്ലാത്ത വ്യവസായ മാന്ദ്യവും ബാധിച്ച, മരണാസന്നമായ മുതലാളിത്ത-സാമ്രാജ്യത്വ വ്യവസ്ഥ, ഓരോ ലോകരാജ്യത്തേയും ജനതയ്ക്കു മുന്നിൽ കൂടുതൽ ആഴത്തിലുള്ള പ്രശ്നങ്ങളും പ്രതിസന്ധികളും സൃഷ്ടിക്കുകയാണ്. തൊഴിലില്ലായ്മയും ദാരിദ്ര്യവും പട്ടിണിയും, ജീവന്റെയും ജീവിതത്തിന്റെയും അരക്ഷിതാവസ്ഥയും, സാംസ്കാരിക അധഃപതനവുമൊന്നും ഇന്ന് ദരിദ്ര വികസ്വര രാജ്യങ്ങളിൽ മാത്രമൊതുങ്ങുന്നതല്ല. പാശ്ചാത്യ ലോകത്തെ 'വികസിതം' എന്നു പേരുകേട്ട രാജ്യങ്ങളേയും ഇതു ബാധിക്കുന്നു. നിരാശ, ദ്വേഷ്യം, വെറുപ്പ് എന്നിവ സാധാരണക്കാരായ ജനങ്ങളുടെ മനസ്സിൽ അതിവേഗം വർദ്ധിക്കുകയാണ്. മുതലാളിത്ത സാമ്രാജ്യത്വത്തിനെതിരേ, ചൂഷണത്തിൽ അധിഷ്ഠിതമായ സാമൂഹിക വ്യവസ്ഥിതിക്കെതിരേയാണ് ഈ വർദ്ധിതരോഷം ചാലുവെട്ടി ഒഴുക്കേണ്ടത്. ചക്രവാളത്തിലെ ചുവപ്പ് ഭരണാധികാരികൾക്കു കാണാനാകും. അതു കൊണ്ടു തന്നെ, എന്ത് എതിർപ്പിനേയും ക്രൂരമായി അടിച്ചമർത്താനും ഇല്ലാതാക്കാനും അവർ തയ്യാറാകും. ജനങ്ങൾക്കിടയിൽ അനൈക്യത്തിന്റെ വിത്തു വിതയ്ക്കാനുള്ള കുടിലത കാട്ടും. എല്ലാത്തരം വിഭജന ചിന്തകളും വളർത്തി ഒരു വിഭാഗം ജനത്തെ, രാജ്യത്തിനകത്തോ പുറത്തോ ഉള്ള മറ്റൊരു വിഭാഗത്തിനെതിരേ തിരിക്കും. ഈ സാമ്രാജ്യത്വ പദ്ധതിയിൽ നിന്നാണ് മൗലികവാദവും ഉയരുന്നത്.

ഈ മൗലികവാദികളുടെ നിയന്ത്രണം നഷ്ടപ്പെടുമ്പോഴോ, ലോകാഭിപ്രായം ഇവർക്കെതിരേ ശക്തമായി തിരിയുമ്പോഴോ, ഇതേ സാമ്രാജ്യത്വവാദികൾ തന്നെ അവർക്കെതിരേ ആക്രമണം നടത്തുന്നു. ഇവരെ അടിച്ചമർത്താനായി കൂടുതൽ അക്രമങ്ങളിലേക്ക് സാമ്രാജ്യത്വശക്തികൾ നീങ്ങുമ്പോൾ, ലോകത്തിന്റെ അഭിപ്രായം കൂടുതൽ സാമ്രാജ്യത്വവിരുദ്ധമാകുന്നു. ഇതിനെ തീവ്രവാദികൾ ചൂഷണം ചെയ്യുന്നു. സാമ്രാജ്യത്വ ആക്രമണങ്ങളെ ചെറുക്കാനെന്ന പേരിൽ തീവ്രവാദികൾ തങ്ങളുടെ വർഗ്ഗീയത കൂടുതൽ ആളിക്കത്തിക്കുന്നു. കൂടുതൽ ഭീകരമായ പ്രവർത്തനങ്ങൾ കൈക്കൊള്ളുന്നു.

അതുകൊണ്ട്, അടിച്ചമർത്തപ്പെടുന്ന, ചൂഷണം ചെയ്യപ്പെടുന്ന ജനങ്ങൾ മനസ്സിലാക്കേണ്ടത്, സാമ്രാജ്യത്വ കശാപ്പുകാർക്കെതിരേ ജനങ്ങളെ രോഷം കൊള്ളിക്കുന്ന സാഹചര്യം എത്രത്തോളം പ്രകോപിപ്പിക്കുമെങ്കിലും, ചിന്തയില്ലാത്ത, ഒറ്റപ്പെട്ട അക്രമത്തിന്റെയും സാധാരണക്കാരുടെ മേൽ അടക്കമുള്ള ഹിംസയുടേയും മാർഗ്ഗം, ദീർഘകാലാടിസ്ഥാനത്തിൽ ഒരിക്കലും നേട്ടം നൽകില്ല. മറിച്ച് അങ്ങനെ ചെയ്താൽ, സാമ്രാജ്യത്വ ശക്തികൾക്ക് ജനങ്ങളുടെയിടയിൽ ആശയക്കുഴപ്പങ്ങളുണ്ടാക്കി, കൂടുതൽ അടിച്ചമർത്തൽ നടപടികൾ കൈക്കൊള്ളാൻ സാധിക്കും. തങ്ങളുടെ സൈനികശക്തി വർദ്ധിപ്പിച്ച് ജനങ്ങളുടേതായ എന്തെങ്കിലും പ്രതിരോധത്തെ അടിച്ചമർത്താനും സാധിക്കും. ഇതിന്റെ പരിണതഫലമായി ലോകമൊട്ടാകെയോ, ഏതെങ്കിലും ഒരു രാജ്യത്തോ, ഫലപ്രദമായ സാമ്രാജ്യത്വവിരുദ്ധ മുന്നേറ്റം വികസിപ്പിക്കുന്നത് കൂടുതൽ ബുദ്ധിമുട്ടായി തീരും.

എന്താണ് വേണ്ടതെന്ന് വീണ്ടും ആവർത്തിച്ചാൽ, തീർത്തും മതേതരമായ കാഴ്ചപ്പാടിൽ വികസിപ്പിച്ച, നിരന്തരവും സുസംഘടിതവുമായ ബഹുജനമുന്നേറ്റം, എന്തെങ്കിലും തരത്തിലുള്ള ഭീകരവാദത്തിൽ നിന്നും തീർത്തും മുക്തമായി, ഒന്നിനു പിറകേ ഒന്നായി ഓരോ രാജ്യത്തും സംഘടിപ്പിക്കപ്പെടണം. ഒപ്പം, എല്ലാ വിഭാഗത്തിലും പെട്ട, സ്വാതന്ത്ര്യവും സമാധാനവും കാംക്ഷിക്കുന്ന ജനങ്ങളെ അണിനിരത്തി, അവരുടെ ശക്തി സമാഹരിച്ച്, എല്ലാത്തരം വിഭജനങ്ങൾക്കും മീതേ ഉയർന്നു നിൽക്കുന്ന അതിശക്തമായ സാമ്രാജ്യത്വവിരുദ്ധ ബഹുജന സമാധാനപ്രസ്ഥാനം, സാമ്രാജ്യത്വ സ്രാവുകളുടെ ശ്രമങ്ങളെ പരാജയപ്പെടുത്താൻ തക്കവണ്ണം ഉണ്ടാകണം. ഉടനടിയുള്ള വെടിനിർത്തൽ, ആയുധനിർവ്യാപനം, പോരാളികളെ നൽകുന്നതും അവർക്ക് പരിശീലനം നൽകുന്നതും അവസാനിപ്പിക്കുക തുടങ്ങിയവയൊക്കെ സമാധാന പ്രസ്ഥാനം ശ്രമിക്കേണ്ട കാര്യങ്ങളാണ്. അവസാനമായി, പ്രാഥമികമായി രാജ്യത്തെ ജനങ്ങൾ ചർച്ച ചെയ്തു ഉണ്ടാക്കേണ്ട ഒത്തുതീർപ്പും ഉണ്ടാക്കണം. ഇതിൽ നിന്നും ലോകമൊട്ടാകെ ആയിരക്കണക്കിനു കിലോമീറ്ററുകൾ പറന്നു നടന്ന് പ്രകൃതിവിഭവങ്ങൾ ചൂഷണം ചെയ്യുവാനായി ആയുധക്കച്ചവടം നടത്തുകയും, തങ്ങളുടെ മാത്രം താൽപ്പര്യമനുസരിച്ചുള്ള ഒരു ഭരണസംവിധാനം സ്ഥാപിക്കുവാനും ശ്രമിക്കുന്ന യുദ്ധക്കൊതിയന്മാരായ ശക്തികളെ ഈ പ്രക്രിയയിൽ നിന്നും ഒഴിവാക്കി നിർത്തുകയും വേണം.

ഇതൊക്കെ വെറുതേ ചിന്തിച്ചു കൂട്ടുന്ന ആഗ്രഹങ്ങളല്ല. സാമൂഹികമാറ്റത്തിന്റെയും വികാസത്തിന്റെയും അനിഷേധ്യമായ നിയമങ്ങൾ കാണിച്ചുതരുന്ന നിശ്ചിതമായ പാത ഇതു മാത്രമാണ്. ഇതാണ്, ചരിത്രം സഞ്ചരിക്കാൻ നിയുക്തമായ പാത. ജനങ്ങൾക്ക് നേടിയെടുക്കുന്നതിനായി വിജയം കാത്തിരിക്കുന്നു. ■



കോഴിക്കോട് ജില്ലയിലെ ചെമ്പുകടവിൽ പ്രചോദനയുടെ ആഭിമുഖ്യത്തിൽ ഡിസംബർ 21 ന് നടന്ന കുട്ടികളുടെ ക്യാമ്പിൽ ആശടീച്ചർ പ്രസംഗിക്കുന്നു.

## പെട്രോളിയം വിലവർദ്ധന:

(1-ാം പേജിൽ നിന്ന്)

ശതമാനം മാത്രമാണ്. അത് പരിഗണിച്ചാൽ പോലും ഇന്ന് പെട്രോളിന്റെ വില 41 രൂപയേ വരൂ. പാചകവാതകത്തിനാകട്ടെ സിലിണ്ടറിന് 260 രൂപ മാത്രവും. എന്നാൽ പെട്രോളിന് ലിറ്ററിന് 63 രൂപയും പാചകവാതകത്തിന് 448 രൂപയുമാണ് ഇപ്പോഴും ഈടാക്കുന്നത്. അതായത് അധികമായി ജനങ്ങളിൽ നിന്ന് കവരുന്നത് പെട്രോളിന് 21 രൂപയും പാചകവാതകത്തിന് 190 രൂപയുമാണ്. ക്രൂഡ് ഓയിലിന് 147 ഡോളർ വില നിലവിൽ വന്നത് 2008ൽ ആയിരുന്നു. അന്ന് ഇൻഡ്യയിൽ പെട്രോളിന്റെ വില ലിറ്ററിന് 52 രൂപയാണ് ഉണ്ടായിരുന്നത്. ക്രൂഡ് ഓയിലിന്റെ വില 2008ലെ വിലയുടെ നാലിലൊന്നായി താഴ്ന്നപ്പോൾ പെട്രോളിന്റെ വില ഇൻഡ്യയിൽ 63 രൂപയെന്ന കൊള്ളവിലയായി ഉയർന്നിരിക്കുന്നു. ഡീസലിന്റെ വിലയാകട്ടെ 34 രൂപയിൽ നിന്നും 47 രൂപയായും ഉയർന്നു. ലോകവിപണിയിൽ വിലയിടിയുമ്പോൾ ഇൻഡ്യയിൽ വില ഉയരുന്നു!

ലോകവിപണിയിലെ വിലയിടിവിന്റെ ആനുകൂല്യം ജനങ്ങൾക്ക് നൽകാതെ അത് മുഴുവൻ കേന്ദ്ര – സംസ്ഥാന സർക്കാരുകളും പെട്രോളിയം കമ്പനികളും ചേർന്ന് പിടിച്ചുപറിക്കുകയാണ്. അസംസ്കൃത എണ്ണയുടെ വില, റിഫൈനിംഗ് ചാർജ്ജ്, പെട്രോളിയം കമ്പനികളുടെ കൊള്ളലാഭം, വിതരണക്കാരുടെ കമ്മീഷൻ ഇവയെല്ലാം ചേർന്നുള്ള പെട്രോളിന്റെ ഇന്നത്തെ അടിസ്ഥാനവില 28.61 രൂപ മാത്രമാണ്. എന്നാൽ വിപണി വിലയാകട്ടെ 63രൂപയും. അടിസ്ഥാന വിലയും വിപണി വിലയും തമ്മിലുള്ള വ്യത്യാസമായ 35 രൂപ കേന്ദ്ര -സംസ്ഥാന സർക്കാരുകളുടെ നികുതിയാണ്. ഒരുൽപ്പന്നത്തിന്റെ അടിസ്ഥാനവിലയെ അതിന്റെ നികുതിത്തുക കടത്തിവെട്ടിയിരിക്കുന്നു! മോദി സർക്കാർ അധികാരത്തിലെത്തുമ്പോൾ പെട്രോളിന്റെ എക്സൈസ് തീരുവ ലിറ്ററിന് 9.45 രൂപയായിരുന്നത് ഏഴുതവണ വർദ്ധിപ്പിച്ച് 19.36 രൂപയാക്കി ഉയർത്തി. സംസ്ഥാന സർക്കാർ, ലിറ്ററിന് 15.70 രൂപയാണ് പെട്രോളിന്റെ മേലുള്ള വിൽപ്പന നികുതിയായി തട്ടിപ്പറിക്കുന്നത്. ഡീസലിന്റെ കേന്ദ്രനികുതിയാകട്ടെ 300 ശതമാനമാണ് വർദ്ധിപ്പിച്ചത്. 3.65 രൂപയായിരുന്നത് 11.83 രൂപയാക്കി ഉയർത്തി. ക്രൂഡ് ഓയിലിന്റെ വില ഓരോ തവണ ഇടിയുമ്പോഴും അതേ തുകയുടെ നികുതി വർദ്ധിപ്പിച്ച് പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില കുറയ്ക്കാതെ നിലനിർത്തുന്ന തന്ത്രമാണ് ബിജെപി സർക്കാർ നടപ്പാക്കുന്നത്. രാജ്യത്തിന്റെ സ്വാതന്ത്ര്യാനന്തര സാമ്പത്തിക ചരിത്രത്തിൽ ഇപ്രകാരമൊരു നികുതി വർദ്ധനവ് ഉണ്ടായിട്ടില്ല. ഈ മാർഗ്ഗത്തിലൂടെ രണ്ട് ലക്ഷം കോടി രൂപ ജനങ്ങളിൽ നിന്നും കവർച്ച ചെയ്ത് ഖജനാവിലേക്ക് കുന്നുകൂട്ടുന്നു. അക്ഷരാർത്ഥത്തിൽ തീവെട്ടിക്കൊള്ളയ്ക്കാണ് മോദി സർക്കാർ നേതൃത്വം നൽകിക്കൊണ്ടിരിക്കുന്നത്.

പെട്രോളിന് ഇൻഡ്യയിൽ ശരാശരി 69 രൂപയും പാക്കിസ്ഥാനിൽ 44 രൂപയും ശ്രീലങ്കയിൽ 54 രൂപയുമാണെന്ന് പെട്രോളിയം വകുപ്പ് മന്ത്രി ധർമ്മേന്ദ്ര പ്രധാൻ രാജ്യസഭയിൽ വ്യക്തമാക്കുകയുണ്ടായി. ഇറക്കുമതിയെ വൻതോതിൽ ആശ്രയിക്കുന്ന ചില യൂറോപ്യൻ രാജ്യങ്ങളൊഴികെയുള്ള മറ്റെല്ലാ രാജ്യങ്ങളിലും വച്ച് പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് ലോകത്തെ ഏറ്റവും ഉയർന്ന വില ഈടാക്കുന്നത് ഇന്ന് ഇൻഡ്യയിലാണ്. വളരെ തുച്ഛമായ വിലയ്ക്ക് ക്രൂഡ് ഓയിൽ ഇറക്കുമതി ചെയ്ത്, ലോകത്തെ ഏറ്റവും കുറഞ്ഞ റിഫൈനിംഗ് ചാർജ്ജിൽ ശുദ്ധീകരിച്ച്, വളരെ ഉയർന്ന വിലയ്ക്ക് വിറ്റ് കൊള്ളലാഭം നേടാൻ റിലയൻസിനും കൂട്ടർക്കും അവസരം നൽകാൻ വേണ്ടി മാത്രമാണ് പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില കുറയ്ക്കാൻ മോദിയും കൂട്ടരും തയ്യാറാകാത്തത്. ഏറ്റവും വലിയ കുത്തകകളുടെ ഏതാനും വ്യവസായികൾക്കുവേണ്ടി രാജ്യത്തെ കോടിക്കണക്കിന് സാധാരണജനങ്ങളെ കൊള്ളയടിക്കുകയാണ് നരേന്ദ്ര മോദി നയിക്കുന്ന സർക്കാർ. ഈ പകൽക്കൊള്ളയ്ക്കെതിരെ സുസംഘടിതമായ ജനകീയ പ്രക്ഷോഭത്തിന്റെ മാർഗ്ഗത്തിൽ അണിനിരക്കണമെന്ന് ഞങ്ങൾ ആഹ്വാനം ചെയ്യുന്നു. ജനുവരി10 മുതൽ16 വരെ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റി ആഹ്വാനം ചെയ്തിട്ടുള്ള പ്രതിഷേധ വാരാചരണം വിജയിപ്പിക്കാൻ ഏവരോടും അഭ്യർത്ഥിക്കുന്നു. ■

# പരിയാരം മെഡിക്കൽകോളേജ് സർക്കാർ ഏറ്റെടുക്കുക
# കണ്ണൂർ കളക്ട്രേറ്റിനു മുന്നിൽ അനിശ്ചിതകാല സമരം

പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് പ്രക്ഷോഭസമിതി കണ്ണൂർ കളക്ട്രേറ്റിനു മുൻപിൽ നടത്തി വരുന്ന അനിശ്ചിതകാല സത്യാഗ്രഹസമരത്തിന്റെ 187ാം ദിവസമായ ഡിസംബർ 16 ന് സമരപന്തലിൽ വീട്ടമ്മമാർ അടുക്കള പണിമുടക്കും കഞ്ഞിവെപ്പു സമരവും നടത്തി. അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന സംസ്ഥാന സെക്രട്ടറി ഷൈല കെ.ജോൺ കഞ്ഞിവെപ്പു സമരം ഉദ്ഘാടനം ചെയ്തു.

"ദരിദ്രജനവിഭാഗങ്ങളെ വഞ്ചിച്ചു കൊണ്ട് പരിയാരം മെഡിക്കൽ കോളേജിനെ ഇരുമുന്നണികളും കറവപ്പശുവാക്കി മാറ്റിയിരിക്കുകയാണ്. എത്രയും വേഗം മെഡിക്കൽ കോളേജ് ഏറ്റെടുത്ത് ജനങ്ങൾക്ക് മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഉറപ്പു വരുത്തുകയാണ് സർക്കാർ ചെയ്യേണ്ടുന്നത്," അവർ പറഞ്ഞു.

പ്രക്ഷോഭ സമിതി ജനറൽ കൺവീനർ ഡോ.ഡി. സുരേന്ദ്രനാഥ് അദ്ധ്യക്ഷത വഹിച്ചു. രാജൻ കോരമ്പേത്ത് (മദ്യനിരോധന സമിതി), പി.പി. മോഹനൻ (ആർഎംപി), പോൾ ടി. സാമുവൽ(എസ്‌യുസിഐ. (കമ്മ്യൂണിസ്റ്റ്)), എടക്കാട് പ്രേമരാജൻ, കെ.പി. ചന്ദ്രാംഗദൻ, മേരി എബ്രഹാം, ദേവദാസ്, അഷ്‌റഫ് മമ്പറം, പ്രൊഫ.എം.ജി. മേരി, ടി.പി.റുസീന, വി.കെ.സഫ്റീന, ത്രേസ്യാമ്മ മാത്യു, പി. ബാലൻ, പി.പി. അബൂബക്കർ, ജോണി പാമ്പാടിയിൽ എന്നിവർ പ്രസംഗിച്ചു. ■



കണ്ണൂർ കളക്ട്രേറ്റിനുമുന്നിൽ പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ട് നടന്ന കഞ്ഞിവെയ്പ്പ് സമരം ഷൈല കെ.ജോൺ ഉദ്ഘാടനം ചെയ്യുന്നു

## പ്രചോദനയുടെ ആഭിമുഖ്യത്തിൽ
## കുട്ടികളുടെ ക്യാമ്പ്




ആമ്പല്ലൂർ തോട്ടറ സ്കൂളിൽ നടന്ന ക്യാമ്പ് കെ,എസ്.ഹരികുമാർ ഉദ്ഘാടനം ചെയ്യുന്നു

**പ്ര**ചോദനയുടെ ആഭിമുഖ്യത്തിൽ എറണാകുളം ജില്ലയിലെ ആമ്പല്ലൂരിലും പിറവം പെരിയപ്പുറത്തും കുട്ടികളുടെ ക്യാമ്പ് സംഘടിപ്പിക്കപ്പെട്ടു.

പെരിയപ്പുറം ഗവ.യു.പി.സ്കൂളിൽ ഡിസംബർ 23 ന് സംഘടിപ്പിക്കപ്പെട്ട കുട്ടികളുടെ ക്യാമ്പ് ബ്രേക്ക്ത്രൂ സയൻസ് സൊസൈറ്റി ജില്ലാചാപ്റ്റർ അംഗം കെ.എസ്.ഹരികുമാർ ഉദ്ഘാടനം ചെയ്തു. പ്രചോദന ജില്ലാ സംഘാടക കമ്മിറ്റിയംഗം രശ്മി രവി അദ്ധ്യക്ഷത വഹിച്ചു. കെ.ജി.അനിൽകുമാർ, എം.കെ.ഉഷ, ടി.സി.കമല, കലാ സുധാകരൻ, സി.എൻ.മുകുന്ദൻ, ടി.സി.രമണൻ തുടങ്ങിയവർ പ്രസംഗിച്ചു.

ശാസ്ത്രക്ലാസ്സുകളും, ചിത്രരചന-നാടക ശില്പശാലകളും നടന്നു. കെ.എസ്.ഹരികുമാർ, കെ.ജി.അനിൽകുമാർ, സി.കെ.ശിവദാസൻ, കെ.പി.സാൽവിൻ, അഞ്ജലി സുരേന്ദ്രൻ, നിലീന മോഹൻകുമാർ തുടങ്ങിയവർ ക്ലാസ്സുകൾ നയിച്ചു. സമാപനസമ്മേളനത്തിൽ പി.എം.ദിനേശൻ ക്യാമ്പ് സന്ദേശം നൽകി. സ്കൂൾ ഹെഡ്മാസ്റ്റർ വി.എസ്.സുരേന്ദ്രൻ പമ്പാക്കുട ഗ്രാമപഞ്ചായത്ത് മെമ്പർ ജിജോ കെ. മണി, നിലീന മോഹൻകുമാർ, പി.കെ.പ്രശാന്ത് എന്നിവർ ആശംസാപ്രസംഗം നടത്തി.

ആമ്പല്ലൂർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 27 ന് തോട്ടറ സംസ്കൃത സ്കൂളിൽ നടന്ന 9-ാമത് കുട്ടികളുടെ ക്യാമ്പ് കെ.എസ്.ഹരികുമാർ ഉദ്ഘാടനം ചെയ്തു. വിഖ്യാത ശാസ്ത്രജ്ഞൻ ആൽബർട്ട് ഐൻസ്റ്റീനെയും വൈക്കം മുഹമ്മദ് ബഷീറിനെയും പരിചയപ്പെടുത്തിക്കൊണ്ടുള്ള ക്ലാസ്സുകളും ചിത്രരചന, സംഗീതം, ലേഖനപരിചയം തുടങ്ങിയവിഷയങ്ങളിലുള്ള ശിൽപ്പശാലകളും നടന്നു.

ഇന്ദിരാഗാന്ധി ഓപ്പൺ യൂണിവേഴ്സിറ്റി അസി.റീജ്യണൽ ഡയറക്ടർ ഡോ.ജലജാകുമാരി, കെ.ജി.അനിൽകുമാർ, കലാസുധാകരൻ, അഡ്വ. സുജ ആന്റണി, കെ.ഒ.സുധീർ, എം.കെ.ഉഷ എന്നിവർക്ലാസ്സുകൾക്കും ശിൽപ്പശാലകൾക്കും നേതൃത്വം നൽകി.

വൈകിട്ട് നടന്ന സമാപനസമ്മേളനം പ്രചോദന ഉപദേശക സമിതിയംഗം എൻ.ആർ. മോഹൻകുമാർ ഉദ്ഘാടനം ചെയ്തു. കെ.ഒ.ഷാൻ അദ്ധ്യക്ഷത വഹിച്ചു. വി.എൻ.മോഹനൻ, ടി.സി. കമല, നിലീന മോഹൻകുമാർ, ആതിര ഹരിദാസ്, പ്രിയനന്ദനൻ, ശരത്ഷാൻ എന്നിവർ സംസാരിച്ചു. ■

## ഇന്ത്യനൂർ ഗോപിക്ക്
## ആദരാഞ്ജലികൾ



**പ്ര**മുഖ പരിസ്ഥിതി പ്രവർത്തകനും സാംസ്കാരിക നായകനുമായ ഇന്ത്യനൂർ ഗോപി (പി.ഗോവിന്ദമേനോൻ (86)) 2015 ഡിസംബർ 15-ന് പെരിന്തൽമണ്ണയിൽ അന്തരിച്ചു. വിദ്യാഭ്യാസകാലത്ത് അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സഹയാത്രികനായിരുന്ന അദ്ദേഹം, അദ്ധ്യാപകനായിരുന്നപ്പോൾ പാർട്ടിയുടെ അദ്ധ്യാപകസംഘടനാ നേതാവായി. പാർട്ടിയിലെ പിളർപ്പിനെത്തുടർന്ന് പരിസ്ഥിതിസംരക്ഷണപ്രസ്ഥാനത്തിൽ ശ്രദ്ധകേന്ദ്രീകരിച്ചു. ഭാരതപ്പുഴ സംരക്ഷണസമിതിയുടെ സ്ഥാപകനായിരുന്ന അദ്ദേഹം നിലവിൽ സമിതിയുടെ സെക്രട്ടറിയായിരുന്നു. അതിവിപുലമായ ശിഷ്യസമ്പത്തിനുടമയായിരുന്നു.

എസ്‌യുസിഐ(സി) പാലക്കാട് ജില്ലാക്കമ്മിറ്റി ഇന്ത്യനൂർ ഗോപിയുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി. പാർട്ടിയുടെ ആഭിമുഖ്യത്തിൽ ജില്ലയിൽ സംഘടിപ്പിക്കപ്പെട്ട സാമൂഹ്യ-സാംസ്കാരിക പ്രസ്ഥാനങ്ങളിലെല്ലാം നേതൃനിരയിലുണ്ടായിരുന്ന ഗോപിമാഷിന്റെ മരണം തീരാനഷ്ടമാണെന്ന് ജില്ലാക്കമ്മിറ്റി അഭിപ്രായപ്പെട്ടു. 1997-ൽ നേതാജി ജന്മശതാബ്ദിയാചരണ വേള മുതൽ അദ്ദേഹം എസ്‌യുസിഐ(സി)യുമായി സഹകരിച്ചിരുന്നു. ഡിപിഇപി വിരുദ്ധസമരം, ചെങ്ങറ ഭൂസമര ഐക്യദാർഢ്യപ്രസ്ഥാനം, മദ്യവിരുദ്ധ ജനകീയ സമരസമിതി, മഹാനായ അയ്യൻകാളി നയിച്ച കാർഷികസമരത്തിന്റെ ശതാബ്ദിയാചരണസമിതി തുടങ്ങിയ വേദികളിലെല്ലാം അദ്ദേഹം നേതൃത്വപരമായ പങ്ക് വഹിച്ചു. 2013-ൽ തിരുവനന്തപുരത്ത് എഐഎംഎസ്എസ് സംഘടിപ്പിച്ച അഖിലേന്ത്യാ വനിതാസമ്മേളനത്തിന്റെ സ്വാഗതസംഘത്തിലും അദ്ദേഹം അംഗമായിരുന്നു. ജനകീയ പ്രതിരോധസമിതിയുടെ ജില്ലയിലെ ഉപദേശകരിലൊരാളായിരുന്നു. ജനകീയ പ്രതിരോധസമിതി ജില്ലാപ്രസിഡന്റ് ഡോ.പി.എസ്.പണിക്കരുടെ അദ്ധ്യക്ഷതയിൽ ഡിസംബർ 21-ന് പാലക്കാട്ട് നടന്ന അനുസ്മരണസമ്മേളനത്തിൽ പാർട്ടി ജില്ലാസെക്രട്ടറി സ.കെ.അബ്ദുൾ അസീസ്, എഐഎംഎസ്എസ് ജില്ലാസെക്രട്ടറി കെ.എം.ബീവി എന്നിവർ സംസാരിച്ചു. ■

## സഖാവ് ടി.കെ.ഭാസ്കരന്
## (ചാച്ചി)ലാൽസലാം



**ക**ഴിഞ്ഞ ഇരുപത്തഞ്ച് വർഷമായി എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ സംഘാടകനും കുറിച്ചി ലോക്കൽകമ്മിറ്റിയംഗവുമായ സഖാവ് ടി.കെ.ഭാസ്കരൻ(80) കഴിഞ്ഞ ഡിസംബർ 15-ന് കുറിച്ചി സർക്കാരാശുപത്രിയിൽ വച്ച് ശ്വാസകോശസംബന്ധമായ അസുഖത്തെത്തുടർന്ന് നിര്യാതനായി. ദരിദ്രകുടുംബത്തിന്റെ ഗൃഹനാഥനായിരുന്ന സഖാവ് കർഷകത്തൊഴിലാളിയായിരിക്കവെയാണ് പാർട്ടിയിൽ ചേർന്നത്. ചങ്ങനാശ്ശേരി താലൂക്കിലെ തുരുത്തി പ്രദേശത്ത് പാർട്ടി സംഘടിപ്പിക്കുന്നതിൽ വ്യാപൃതനായ സഖാവ് ടി.കെ.ഭാസ്കരൻ പാർട്ടിയംഗമാണെന്നത് അഭിമാനപൂർവ്വം ഏതൊരു വേദിയിലും പറഞ്ഞിരുന്നു. കുടുംബാംഗങ്ങളുടെ പാർട്ടിപ്രവർത്തനത്തിന് പ്രോത്സാഹനം നൽകിയ സഖാവിനെ സഖാക്കൾ പിതൃതുല്യനായിക്കണ്ട് "ചാച്ചി" എന്നാണ് സ്നേഹപൂർവ്വം വിളിച്ചിരുന്നത്. വാർദ്ധകൃത്തിന്റെയും രോഗങ്ങളുടെയും ദാരിദ്ര്യത്തിന്റെയും നിരവധി ബുദ്ധിമുട്ടുകൾക്കിടയിലും മാതൃകാപരമായ പാർട്ടിപ്രവർത്തനമാണ് അദ്ദേഹം നടത്തിയിരുന്നത്. രോഗക്കിടക്കയിൽ വീഴുന്നതിന് തൊട്ടുമുമ്പുവരെയും വിശ്രമരഹിതമായി പാർട്ടിക്ക് വേണ്ടി പ്രവർത്തിച്ചു. പാർട്ടി കോട്ടയം ജില്ലാസെക്രട്ടറി സഖാവ് ജയ്സൺ ജോസഫ് സഖാവിന് അന്തിമോപചാരം അർപ്പിച്ചു. ■

## സഖാവ് ഉണ്ണികൃഷ്ണന് ലാൽസലാം



**എ**സ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ ചിറയിൻകീഴ് യൂണിറ്റ് മെമ്പറും എഐഡിഎസ്ഒയുടെ മുൻ സംസ്ഥാനകമ്മിറ്റിയംഗവുമായിരുന്ന സഖാവ് കെ.ഉണ്ണികൃഷ്ണൻ 29.12.2015 ന് അന്തരിച്ചു. ചിറയിൻകീഴ് നിന്നും എറണാകുളത്തേക്കുള്ള യാത്രാമദ്ധ്യേ മലബാർ എക്സ്പ്രസിൽ നിന്നും ആകസ്മികമായി പിറവം സ്റ്റേഷന് സമീപമുള്ള മൂവാറ്റുപുഴ പാലത്തിൽ വീണതിനെത്തുടർന്നാണ് മരണം സംഭവിച്ചത്.

എല്ലാ പ്രതിസന്ധി ഘട്ടങ്ങളിലും പാർട്ടിയോടൊപ്പം ഉറച്ചുനിന്ന് പ്രവർത്തിച്ച സഖാവായിരുന്നു ഉണ്ണികൃഷ്ണൻ. തനിക്ക് എന്തെങ്കിലും ഗുണങ്ങളുണ്ടെങ്കിൽ അവയെല്ലാം പാർട്ടിയിൽ നിന്ന് ലഭിച്ചതാണെന്ന് അദ്ദേഹം പത്നി നിഷയോട് പറയുമായിരുന്നു. രണ്ട് കുട്ടികളുടെ പിതാവാണ്. പാരലൽ കോളേജ് അദ്ധ്യാപകനായി വിവിധ സ്ഥാപനങ്ങളിൽ പഠിപ്പിക്കുമ്പോഴും, പാർട്ടി പ്രവർത്തനങ്ങളിൽ കഴിയുന്നതുപോലെ സഹകരിക്കുമായിരുന്നു.

സഖാവ് ഉണ്ണികൃഷ്ണന്റെ അകാല വിയോഗമറിഞ്ഞ് നൂറ് കണക്കിന് വിദ്യാർത്ഥികളും അദ്ധ്യാപകസുഹൃത്തുക്കളും രാഷ്ട്രീയ-സാമൂഹികപ്രവർത്തകരും മരണാനന്തര ചടങ്ങുകളിൽ പങ്കെടുക്കാനെത്തിയിരുന്നു. സഖാവിന്റെ നിര്യാണം പാർട്ടിക്ക് വലിയ നഷ്ടമാണ് വരുത്തിയിരിക്കുന്നത്. സഖാവ് ഉണ്ണികൃഷ്ണന് ലാൽസലാം. ■

Date of Posting 9 th & 10 th of every month at RMS, Trivandrum.
Date of publishing 01/01/2016
REGISTERED
R. N. 24773/1992
P.R. No. KL/TV(N)/452/2015-2017

UNITY
MALAYALAM MONTHLY

Vol 42 No.10
Price : Rs 5.00
January 2016

# സ്ത്രീവിരുദ്ധമായ തൊഴിൽനിയമ ഭേദഗതികൾക്കെതിരെ
# ദക്ഷിണേന്ത്യൻ വനിതാകൺവൻഷൻ






വനിതാ കൺവൻഷൻ അഡ്വ.കാളീശ്വരം രാജ് ഉദ്ഘാടനം ചെയ്യുന്നു. (മുൻനിരയിൽ ഇടതുനിന്ന്) ഡോ.സുധാ കമ്മത്ത്, കെ.രാധാകൃഷ്ണ, മിനി കെ.ഫിലിപ്പ്, അഡ്വ. ഹേമലത മഹിഷി, ഡോ.എച്ച്.ജി. ജയലക്ഷ്മി, പി.കൃഷ്ണമ്മാൾ, ഷൈല കെ.ജോൺ, (പിൻനിരവലതുനിന്ന്) വി.കെ.സദാനന്ദൻ, കെ.വിമല ടീച്ചർ, ഹിൽഡാ മേരി, അഡ്വ.ഇ.എൻ.ശാന്തിരാജ് തുടങ്ങിയവർ

നരേന്ദ്രമോദി സർക്കാരിന്റെ സ്ത്രീവിരുദ്ധമായ തൊഴിൽ നിയമഭേദഗതികൾക്കെതിരെ അഖിലേന്ത്യ മഹിളാ സാംസ്കാരിക സംഘടന(AIMSS)യുടെ നേതൃത്വത്തിൽ എറണാകുളത്ത് കലൂർ റിന്യൂവൽ സെന്ററിൽ ദക്ഷിണേന്ത്യൻ വനിതാ കൺവൻഷൻ നടന്നു.

കർണ്ണാടകം, തമിഴ്നാട്, കേരളം, ആന്ധ്ര, തെലുങ്കാന തുടങ്ങിയ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽനിന്നുള്ള സ്ത്രീതൊഴിലാളികളും മഹിളാ സംഘടനാ പ്രവർത്തകരും പങ്കെടുത്ത കൺവൻഷൻ അഡ്വ.കാളീശ്വരം രാജ് ഉദ്ഘാടനം ചെയ്തു. തൊഴിൽ നിയമ ഭേദഗതികളിലൂടെ സമ്പൂർണ്ണ കുത്തകവൽക്കരണം ലക്ഷ്യം വയ്ക്കുന്ന കേന്ദ്രസർക്കാർ രാജ്യത്തെയാകെ തൊഴിലവകാശങ്ങളില്ലാത്ത പ്രത്യേക സാമ്പത്തിക മേഖലയാക്കി മാറ്റുമെന്ന് അഡ്വ. കാളീശ്വരം രാജ് അഭിപ്രായപ്പെട്ടു. രാജ്യത്തെ നിയമങ്ങളും നിയമഭേദഗതികളുംപോലും നിക്ഷേപ സൗഹാർദ്ദപരമാക്കിത്തീർത്തുകൊണ്ടിരിക്കുകയാണ്. നിയമ സംവിധാനത്തെപ്പോലും കുത്തകവൽക്കരിക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ ബ്രിട്ടീഷ് ഭരണത്തിൽ ലഭ്യമായിരുന്ന നിയമപരിരക്ഷപോലും തൊഴിലാളികൾക്ക് ലഭിക്കുന്നില്ല എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. സമൂഹത്തിൽ ഗൗരവമായ ചർച്ചയ്ക്ക് വിധേയമാക്കുംവിധം ഈ വിഷയത്തിൽ ചർച്ച ഉയർത്തിക്കൊണ്ടുവരണമെന്നും തൊഴിലാളികളെ ജാഗരൂകരാക്കണമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ആൾ ഇന്ത്യ യൂണൈറ്റഡ് ട്രേഡ് യൂണിയൻ സെന്റർ (AIUTUC) അഖിലേന്ത്യ വൈസ് പ്രസിഡന്റ് കെ.രാധാകൃഷ്ണ മുഖ്യ പ്രഭാഷണം നടത്തി. നമ്മുടെ രാജ്യത്ത് നടന്നുവരുന്ന മാറ്റങ്ങൾക്ക് 'പരിഷ്ക്കരണം' എന്നു പറയുന്നു. ഒരു കാലത്ത് ഈ വാക്കുകൾ അർത്ഥമാക്കിയിരുന്നത് പുരോഗതി എന്നാണ്. ഇന്ന് തൊഴിലാളികളുടെ അവസാന ആശ്രയവും തട്ടിയെടുക്കുന്നതിനും പരിഷ്ക്കരണം എന്നു പറയുന്നു. തൊഴിലാളികൾ അനുഭവിച്ചുപോരുന്ന അവകാശങ്ങൾക്ക് നീണ്ട പോരാട്ടത്തിന്റെ ചരിത്രമുണ്ട്. മഹത്തായ മെയ്ദിനവും അന്തർദ്ദേശീയ വനിതാദിനവുമെല്ലാം ഈ പോരാട്ടത്തിന്റെ ചരിത്രവും സന്ദേശവുമാണ് നമുക്ക് പകർന്നുതരുന്നത്. തൊഴിലാളികൾ അവരുടെ ജീവരക്തം നൽകി സ്ഥാപിച്ചെടുത്തതാണ് മനുഷ്യോചിതമായ ജീവിതവും തൊഴിലവകാശങ്ങളും. അവയെല്ലാം ഇന്ന് ഇല്ലായ്മ ചെയ്യപ്പെടുകയാണ് എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

അഖിലേന്ത്യ മഹിളാ സാംസ്കാരിക സംഘടനയുടെ ദേശീയ വൈസ് പ്രസിഡന്റ് ഡോ.സുധ കമ്മത്ത് അദ്ധ്യക്ഷത വഹിച്ച കൺവൻഷനിൽ ജനറൽ സെക്രട്ടറി ഡോ. എച്ച്.ജി.ജയലക്ഷ്മി ആമുഖ പ്രസംഗം നടത്തി. എഐഎംഎസ്എസ് സംസ്ഥാന സെക്രട്ടറി ഷൈല കെ.ജോൺ വിഷയാവതരണം നടത്തി. അഡ്വ.ഹേമലതാ മഹിഷി, പി. കൃഷ്ണമ്മാൾ (എംസിപിഐ.(യു), കെ.വിമല (റെവല്യൂഷണറി മഹിളാ ഫെഡറേഷൻ), ഹിൽഡാമേരി(തമിഴ്നാട്), സി.എച്ച്. പ്രമീള(തെലുങ്കാന), ബി.ആർ.അപർണ്ണ(കർണ്ണാടക), ആൾ ഇന്ത്യ യുറ്റിയുസി സംസ്ഥാന സെക്രട്ടറി വി.കെ.സദാനന്ദൻ, മിനി.കെ.ഫിലിപ്പ്, ഡെമോക്രാറ്റിക് ലോയേഴ്സ് ഫോറം നേതാവ് അഡ്വ.ഇ.എൻ.ശാന്തിരാജ്, അംഗൻവാടി ജീവനക്കാരുടെ പ്രതിനിധി റ്റി. സി.രമ, കർണ്ണാടക ആശാവർക്കേഴ്സിന്റെ പ്രതിനിധി നാഗലക്ഷ്മി, കേരള മത്സ്യ സംസ്കരണ തൊഴിലാളി യൂണിയൻ നേതാവ് കെ.പി.സുബൈദ, ഇന്ത്യൻ നഴ്സസ് പേരന്റ്സ് അസ്സോസിയേഷൻ സംസ്ഥാന സെക്രട്ടറി എസ്.മിനി, കേരള അൺ എയ്ഡഡ് സ്കൂൾ ടീച്ചേഴ്സ് ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറി വിദ്യ ആർ.ശേഖർ തുടങ്ങിയവർ പ്രസംഗിച്ചു. അഡ്വ.എം. എ.ബിന്ദു സ്വാഗതവും ജി .ലളിത(ആന്ധ്ര) കൃതജ്ഞതയും രേഖപ്പെടുത്തി. ■



കൺവൻഷൻ മിനി കെ.ഫിലിപ്പ് ഉദ്ഘാടനം ചെയ്യുന്നു

# സ്ത്രീവിരുദ്ധ തൊഴിൽ നിയമങ്ങൾക്കെതിരെ
# കൊല്ലം ജില്ലാ വനിതാ കൺവൻഷൻ

മോദി സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന തൊഴിൽ നിയമഭേദഗതികൾ സ്ത്രീകളേയും കുട്ടികളേയും നിഷ്ഠൂരമായി ചൂഷണം ചെയ്യാൻ അവസരം സൃഷ്ടിക്കുമെന്ന് അഖിലേന്ത്യാ മഹിളാ സാംസ്ക്കാരിക സംഘടന സംസ്ഥാന പ്രസിഡന്റ് മിനി കെ.ഫിലിപ്പ്. സ്ത്രീവിരുദ്ധമായ തൊഴിൽ നിയമ ഭേദഗതികൾക്കെതിരേ കൊല്ലം ജില്ലാ വനിതാ കൺവൻഷൻ കുണ്ടറ വ്യാപാര ഭവനിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അവർ. ത്യാഗോജ്വലമായ സമരങ്ങളിലൂടെ തൊഴിലാളികൾ നേടിയെടുത്ത അവകാശങ്ങൾ മുതലാളികൾക്കു മുന്നിൽ അടിയറ വയ്ക്കാനുള്ള ശ്രമമാണ് കേന്ദ്ര സർക്കാർ നടത്തുന്നത് എന്നവർ ചൂണ്ടിക്കാട്ടി. അടഞ്ഞു കിടക്കുന്ന കശുവണ്ടി ഫാക്ടറികൾ അടിയന്തരമായി തുറക്കാനും തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുവാനും സർക്കാർ തയ്യാറാകണമെന്നും അവർ ആവശ്യപ്പെട്ടു. ടിങ്കിൾ പ്രഭാകരൻ അദ്ധ്യക്ഷത വഹിച്ചു. ഷൈല കെ.ജോൺ. (എഐഎംഎസ്എസ് സംസ്ഥാന സെക്രട്ടറി) മുഖ്യപ്രഭാഷണം നടത്തി. എസ്.രാധാകൃഷ്ണൻ (എഐയുടിയുസി ജില്ലാ പ്രസിഡന്റ്) എസ്. ഷൈലജ, ശ്രീജയ, ഷീജ, വി.ലീല, പ്രസന്ന എന്നിവർ പ്രസംഗിച്ചു. ■

# എഐഡിഎസ്ഒ സംഘടിപ്പിച്ച അഖിലേന്ത്യാ വിദ്യാർത്ഥി ക്യാമ്പ്

എഐഡിഎസ്ഒ അഖിലേന്ത്യാ ക്യാമ്പ് ഡിസംബർ 31 ജനുവരി 1,2,3 തീയതികളിലായി ജാർഖണ്ഡിലെ ഘാട്ട്സിലയിൽ മാർക്സിസം–ലെനിനിസം–സഖാവ് ശിബ്ദാസ്ഘോഷ് സ്റ്റഡീസെന്ററിൽ നടന്നു. 22 സംസ്ഥാനങ്ങളിൽനിന്നായി 600 പ്രതിനിധികൾ ക്യാമ്പിൽ പങ്കെടുത്തു. എസ്യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ് ക്യാമ്പിലെ മുഖ്യാതിഥിയായിരുന്നു. സാമൂഹിക കടമകളേറ്റെടുക്കാൻ അദ്ദേഹം പ്രതിനിധികളോട് ആഹ്വാനം ചെയ്തു.

ബ്രേക്ത്രൂ സയൻസ് സൊസൈറ്റി അഖിലേന്ത്യാ ജനറൽസെക്രട്ടറി സൗമിത്രോ ബാനർജി ക്യാമ്പിൽ ശാസ്ത്ര സംബന്ധിയായ ചർച്ച നയിച്ചു.

എഐഡിഎസ്ഒ അഖിലേന്ത്യാ പ്രസിഡന്റ് സഖാവ് കമൽ സെയിൻ, ജനറൽ സെക്രട്ടറി സഖാവ് അശോക് മിശ്ര തുടങ്ങിയവർ ക്യാമ്പിന് നേതൃത്വം നൽകി. മാർക്സിസം, ചരിത്രം, ശാസ്ത്രം, ശരത്ചന്ദ്ര ചാറ്റർജിയുടെ സവ്യസാചി നോവൽ എന്നിവ ക്യാമ്പിലെ ചർച്ചാവിഷയങ്ങളായിരുന്നു.

കേരളത്തിൽ നിന്നും സംസ്ഥാന പ്രസിഡന്റ് ഇ.എൻ.ശാന്തിരാജ്, സെക്രട്ടറി സഖാവ് ബിനു ബേബി തുടങ്ങിയവരുടെ നേതൃത്വത്തിൽ 25 പ്രതിനിധികൾ ക്യാമ്പിൽ പങ്കെടുത്തു.




എസ്യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ് അഖിലേന്ത്യാ വിദ്യാർത്ഥി പ്രതിനിധികളോട് സംസാരിക്കുന്നു. വേദിയിൽ എഐഡിഎസ്ഒ അഖിലേന്ത്യാ നേതാക്കൾ ■

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.